2014 ആഗസ്റ്റ് 25
വാല്യം 07
ലക്കം 16

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12




# താരുവിന്റെ സുവിശേഷം വിവാദമാകുന്നു

## "പെൺവാണിഭം ഗൗരവ കുറ്റമല്ല"

**പുനലൂർ:** തങ്കുവിന്റെ സുവിശേഷം, സജിത്തിന്റെ സുവിശേഷം എന്നിവയുടെ പിന്നാലെ താരുവിന്റെ സുവിശേഷവും വിവാദമാകുന്നു. "അകത്ത് പെൺവാണിഭം നടന്നാലും; യേശുവിന്റെ രക്തം ഉണ്ടെങ്കിൽ ഒരു പ്രശ്നവുമില്ല." സമീപകാലത്ത് യൂട്യൂബിൽ പ്രചരിക്കുന്ന ജോൺ താരുവിന്റെ പ്രസംഗത്തിലെ ഒരു ഭാഗമാണിത്. പെന്തെക്കോസ്ത് ധാർമ്മികതയ്ക്ക് യാതൊരു വിലയും കല്പിക്കാതെ ഇത്തരം കൾട്ട് ഫിഗറുകൾ തട്ടിവിടുന്ന ജല്പനങ്ങളിൽ പാവം ജനങ്ങൾ കുടുങ്ങുകയാണ്. സാധാരണ ജനങ്ങളെ മലിനജലം കുടിപ്പിക്കുന്ന ഇത്തരം കപടസുവിശേഷങ്ങളെ ജനം തിരിച്ചറിയണം.

90കൾക്കുശേഷം കേരളത്തിലെ പെന്തെക്കോസ്ത് പൊതുമണ്ഡലത്തെ ഗ്രസിച്ച ഊതിവീഴ്ത്തൽ, ആത്മവിവശത, വിശുദ്ധചർദ്ദി, ഉന്തിയിടൽ തുടങ്ങിയ പാശ്ചാത്യ അനുകരണങ്ങൾക്കെതിരെ മാധ്യമങ്ങൾ ശക്തമായ നിലപാട് എടുത്തിരുന്നു. തങ്കുവിന്റെ സമൃദ്ധിയുടെ സുവിശേഷം, ക്രൂശിൽ കിടക്കുന്ന യേശു പരാജയപ്പെട്ട ക്രിസ്തുവാണ്, പാതാളത്തിൽ സാത്താൻ യേശുവിനെ പീഡിപ്പിച്ചു. തുടങ്ങിയ സായ്പിന്റെ അവശിഷ്ടങ്ങൾ അതുപോലെ വെട്ടിവിഴുങ്ങി ജനത്തിനു മുമ്പിൽ ചർദ്ദിച്ച തങ്കുവിന്റെ വ്യാജസുവിശേഷത്തെ പൊതുജനമദ്ധ്യേ തുറന്നുകാണിക്കാൻ മാധ്യമങ്ങൾക്ക് കഴിഞ്ഞു. തന്മൂലം ശക്തമായ ബഹുജന പ്രക്ഷോഭം ഈ കൾട്ടുകൾക്കെതിരെ ഉണ്ടായി.





മറ്റൊരു സുവിശേഷത്തിന്റെ വക്താക്കൾ

വചനത്തേക്കാൾ തങ്ങൾക്കുള്ള അധികാരം, സ്വന്തം വെളിപ്പാട്, ഹൈടെക് പ്രചരണം, വി. ഐ. പി. സാന്നിധ്യം തുടങ്ങിയവയെല്ലാം ഇവരുടെ പ്രത്യേകതകളാണ്. രൊക്കം വിടുതലിനുവേണ്ടി പരക്കം പായുന്ന ജനങ്ങൾ ഇവരുടെ കെണിയിൽ വീണു. 90കൾക്കുശേഷം കേരളത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി മുതലെടുത്ത് സാമ്പത്തിക വിടുതൽ, കടംഭാരം, ബിസിനസ്സിലെ ഉയർച്ച, ശാപം മുറിക്കൽ തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ജനത്തെ ആകർഷിച്ചു. സുവിശേഷത്തെ വാണിജ്യവൽക്കരിച്ച് ആത്മീക തട്ടിപ്പ് വസൂലാക്കി. വിശുദ്ധിയുടെ എല്ലാ അതിരും ലംഘിച്ച് കോർപ്പറേറ്റ് ആത്മീയത പരന്നൊഴുകി. ചോദ്യം ചോദിക്കുന്നവരെ അടിച്ചിരുത്തിയും വിയോജിക്കുന്നവർക്കെതിരെ ക്വട്ടേഷൻ ഗ്രൂപ്പിനെ അയച്ച് കൈകാര്യം ചെയ്തും നവബാബിലോണിസത്തിന്റെ സാമ്രാജ്യം വിപുലപ്പെടുത്തി.

ജോസഫ് പ്രിൻസിന്റെ റാഡിക്കൽ ഗ്രേസ് തിയറി കോപ്പിയടിച്ചുകൊണ്ട് കൃപയുടെ സുവിശേഷകർ പെന്തെക്കോസ്തിന്റെ വേലിപൊളിച്ചു. ക്രിസ്തുവിന്റെ സുവിശേഷങ്ങൾക്ക് പ്രസക്തിയില്ലെന്നും ക്രിസ്തു കേവലം റബ്ബി ആണെന്നും രക്ഷിക്കപ്പെട്ടവർക്ക് ഒരു ഉത്തരവാദിത്വവും ഇല്ലെന്നും പാപം ചെയ്യുന്നവർ കൃപയിലേക്ക് വീഴുന്നു എന്നും വിശ്വാസികൾ പാപം ഏറ്റുപറയേണ്ടതില്ലെന്നും ഇവർ പഠിപ്പിച്ചു. കാൽവിനിസം വിശ്വസിക്കുന്ന ഇക്കൂട്ടർ കുത്തഴിഞ്ഞ ജീവിതത്തെ പ്രോത്സാഹിപ്പിച്ചു. സജിത്ത് കണ്ണൂർ ഇ

04

# നമുക്കും വേണ്ടേ, സഭാവളർച്ച?

**ക**ഴിഞ്ഞ മെയ് മാസം മുതൽ ഭാരതത്തിലെ ചർച്ച് ഓഫ് ഗോഡിന്റെ സഭാവളർച്ചയിലെ പരിമിതികളും സാധ്യതകളും പരിശോധിക്കുകയായിരുന്നു. ഈ പരമ്പര അനുവാചകസമക്ഷം അവതരിപ്പിച്ചതിന് യാതൊരു ദുരുദ്ദേശവുമില്ല. ഒരു നൂറ്റാണ്ട് പിന്നിടുന്ന ഇന്ത്യയിലെ ദൈവസഭയുടെ ഇന്നത്തെ സ്ഥിതി വിലയിരുത്തുകയാണ് ചെയ്തത്. സഭാവളർച്ചാതത്വമനുസരിച്ച് (Missiological) വസ്തുതകളെ വെളിച്ചത്തു കൊണ്ടുവരുകയാണ് ചെയ്തത്. ഇത് ദൈവസഭയെ താറടിക്കുവാനല്ല; മറിച്ച് പരാജയം തിരുത്തി മുന്നേറാനുള്ള ആഹ്വാനമായി കണക്കാക്കണം. ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡിന്റെ ഗുണപരവും സംഖ്യാപരവുമായ വളർച്ചയെ സംബന്ധിച്ച് സ്റ്റാറ്റിസ്റ്റിക്സ് അവതരിപ്പിച്ച് സംവാദത്തിന് ഞങ്ങൾ തയ്യാറാണ്. പോളിസി, സംഘടനാ സംവിധാനം, മിഷൻ സ്ട്രാറ്റജി, ലീഡർഷിപ്പ് തുടങ്ങിയ വിഷയങ്ങളിൽ വസ്തുതാപരമായ വിമർശനം ഞങ്ങൾക്കുണ്ട്. വസ്തുതകൾ മറച്ച് വച്ച് സഭാ

## പരമ്പര കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



വളർച്ചയുടെ തെറ്റായ റിപ്പോർട്ടാണ് പലരും വേൾഡ് മിഷന് നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്തുവിടുന്നതാണ്.

ഇതര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ വലിയ മുന്നേറ്റമാണ് നടത്തുന്നത്. ഈ കുറിപ്പ് എഴുതികൊണ്ടിരിക്കുമ്പോൾ കുമ്പനാട് ഹെബ്രോൻപുരത്ത് പി. വൈ. പി. എ.യുടെ നേതൃത്വത്തിൽ 21 ദിവസത്തെ ഉപവാസം നടന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു വാർത്ത ചരൽകുന്നിൽ അഞ്ചര ഏക്കർ സ്ഥലം രണ്ടരകോടി രൂപയ്ക്ക് സ്വന്തമായ ക്യാമ്പ് സൈറ്റിനുവേണ്ടി വാങ്ങി എന്നുള്ളതാണ്. അടുത്ത പത്തുവർഷം ഐ. പി. സി.യ്ക്ക് കുതിപ്പിന്റെ വർഷങ്ങളായിരിക്കും. കരിസ്മയുള്ള നേതൃത്വം, ശക്തമായ രണ്ടാംനിരയിലും മൂന്നാംനിരയിലും ഉള്ള യുവനേതൃത്വം, അന്തർദേശീയ മാൻഡേറ്റ് ഉള്ള നേതാക്കന്മാർ, ആഭ്യന്തര ജനാധിപത്യം, പ്രാദേശിക സഭകൾക്ക് നൽകുന്ന സ്വാതന്ത്ര്യം, സെന്റർ പാസ്റ്റർമാർക്ക് നൽകുന്ന പ്രവർത്തന സ്വാതന്ത്ര്യം, സുവിശേഷീകരണത്തിന് നൽകുന്ന മുഖ്യ പരിഗണന തുടങ്ങിയവയെല്ലാം ഐ. പി. സി.യുടെ വളർച്ചയ്ക്ക് പ്രേരകമായ ഘടകങ്ങളാണ്.

കേരളത്തിൽ

09

# വൈ. പി. സി. എ. ജനറൽ ക്യാമ്പ്

**ചിങ്ങവനം:** ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡിന്റെ യുവജനവിഭാഗമായ YPCAയുടെ സംസ്ഥാന ക്യാമ്പ് 2014 സെപ്റ്റംബർ 8,9,10 തീയതികളിൽ അടൂർ മാർത്തോമ ക്യാമ്പ് സെന്ററിൽ വച്ച് നടക്കുന്നതായിരിക്കും. ചർച്ചകൾ, പഠനക്ലാസ്സുകൾ, കൗൺസിലിംഗുകൾ, പ്രീമാരിറ്റൽ ക്ലാസ്സുകൾ, യൂത്ത് എന്റെർറ്റെയിൻമെന്റ് പ്രോഗ്രാമുകൾ, കുട്ടികൾക്കായി കിഡ്സ് പ്രോഗ്രാമുകൾ പ്രത്യേകം ഒരുക്കിയിട്ടുണ്ട്. YPCAയുടെ സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കുകയും അതിവിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. "ആത്മാവിന്റെ ഫലം" എന്നതായിരിക്കും ക്യാമ്പിന്റെ തീം.

ജൂലൈ 26–ാം തീയതി ചങ്ങനാശ്ശേരി ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് ഹാളിൽ കൂടിയ കമ്മറ്റി യോഗത്തിൽ സംസ്ഥാന സെക്രട്ടറി ബ്രദർ ഷിബു സക്കറിയ അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ വി.എ. തമ്പി വചനം ശുശ്രൂഷിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും യൂത്ത് സെക്രട്ടറിമാരും ഭാരവാഹികളും പങ്കെടുത്തു. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ സാംകുട്ടി ജോൺ, പാസ്റ്റർ ജെയിംസ് കുര്യാക്കോസ് തുടങ്ങിയവർ പ്രവർത്തിക്കുന്നു.

# മധ്യപൂർവ്വ ദേശത്തിലെ വംശ ശുദ്ധീകരണം

## ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്നു

പ്രകാശ് പി. കോശി



**ചു**രുങ്ങിയ തോതിലെങ്കിലും ക്രൈസ്തവരുടെ സാന്നിധ്യമുള്ള മധ്യപൂർവ്വദേശത്തിലെ ചില രാജ്യങ്ങളിൽ ഒന്നായിരുന്നു ഇറാക്ക്. ഈജിപ്ത്, സിറിയ, ലബനൻ, തുർക്കി എന്നീ രാജ്യങ്ങൾ ആണ് ഇന്നും ക്രൈസ്തവർ വസിക്കുന്നത്. കഴിഞ്ഞ 1600 വർഷങ്ങളായി ഇറാക്കിൽ ക്രൈസ്തവരും മറ്റ് ന്യൂനപക്ഷങ്ങളും വസിച്ചുവരികയാണ്. ഇവർക്കെതിരെ ആക്രമണങ്ങൾ, കൊലകൾ എന്നിവ പല അവസരങ്ങളിലും നടന്നിട്ടുണ്ട് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. എന്നിരുന്നാലും ഈ ന്യൂനപക്ഷസമൂഹം ഇവയെല്ലാം അതിജീവിച്ചു. എന്നാൽ ISIS എന്ന കശാപ്പ് സംഘം ഇറാക്കിലും സിറിയിലും നടത്തുന്ന വംശ ശുദ്ധീകരണം ചരിത്രപുസ്തകങ്ങളെപ്പോലും അത്ഭുതപ്പെടുത്തുന്നതാണ്. മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്ന കൊടുക്രൂരതകളാണ് ISIS നടപ്പിലാക്കുന്നത്. ക്രൈസ്തവർ, ഷിയ, കുർദ്, യസിദി, തങ്ങളെ അംഗീകരിക്കാത്ത സുന്നി എന്നിവർക്കെതിരെയാണ് ഈ തീവ്രവാദികൾ ആക്രമണം നടത്തുന്നത്. കുഞ്ഞുങ്ങളെ കഴുത്തറുത്ത് കൊല്ലുക, ജീവനോട് കുഴിച്ച് മൂടുക. സ്ത്രീകളെ തട്ടിക്കൊണ്ടുപോയി വേശ്യാവൃത്തിക്ക് ഉപയോഗിക്കുക തുടങ്ങിയ ഹീന പ്രവർത്തികളാണ് ഇവർ മത ഭരണത്തിന്റെ പേരിൽ നടപ്പാക്കുന്നത്.

04

സാക്ഷി



ഇറാഖിൽ ക്രൈസ്തവരെ കൊന്നൊടുക്കുന്നു.

*സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കട്ടെ!*

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഇറാഖിനായി പ്രാർത്ഥിക്കാം

കഴിഞ്ഞ കുറെ ദിവസങ്ങളായി ശരിക്കുറങ്ങുവാൻ കഴിഞ്ഞിട്ടില്ല. കണ്ണടക്കുമ്പോൾ ഉയർന്നുവരുന്ന കാഴ്ച ഇറാഖിൽ ഭീകരന്മാർ നടത്തുന്ന നരവേട്ടയുടെ ഭീകരതയാണ്. ഏതു ശിലാഹൃദയനെയും കരയിപ്പിക്കുന്നതാണ്. നിസഹായരായ ക്രൈസ്തവരും മറ്റു മതന്യൂനപക്ഷങ്ങളും അനുഭവിക്കുന്ന പീഡകൾ. മതത്തിന്റെ പേരിൽ കൊന്നൊടുക്കുന്ന ഇവരെ എന്തുപേർ ചൊല്ലിയാണ് വിളിക്കേണ്ടത്. വ്യഭിചാരക്കുറ്റം ചുമത്തി ചില സ്ത്രീകളെ ഭീകരന്മാരും മതമൗലിക വാദികളും ചേർന്ന് കല്ലെറിയുന്ന കാഴ്ച ഈ കാലത്തിന് ചേരാത്തതാണ്. വിരോധാഭാസമായി തോന്നുന്നത് ഇത്ര കടുത്ത നീതിബോധവും മതബോധവും പ്രകടിപ്പിക്കുന്നവർ തന്നെയാണ് ന്യൂനപക്ഷങ്ങളുടെ സ്ത്രീകളെയും പെൺകുട്ടികളെയും വ്യഭിചാരത്തിനായി ലൈംഗിക അടിമകളായി ചന്തയിൽ വിൽക്കുന്നത്. മൃഗങ്ങളെ കശാപ്പു ചെയ്യുന്നതുപോലെകഴുത്തറക്കുക, തൂക്കിലേറ്റുക, ജീവനോടെ കുഴിച്ചുമൂടുക, കൈകൾ പുറകിലേക്ക് ബന്ധിച്ച് വെടിവെച്ചു കൊല്ലുക ഇങ്ങനെ എത്രയോ ഭീകരമായ നിലയിലാണ് ഇവർ മനുഷ്യരെ കൊന്നു തള്ളുന്നത്. നിസഹായരായ സഹജീവികളെ നിർദ്ദാക്ഷിണ്യം കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിൽ പ്രസാദിക്കുന്നതാണോ ദൈവം.

ഭാരതത്തിൽ വ്യത്യസ്തമതവിഭാഗങ്ങൾ ഐക്യതയോടെ കഴിയുകയാണ്. അവരവരുടെ വിശ്വാസത്തെ മുറുകെ പിടിക്കുമ്പോളും മറ്റുള്ളവരെ സഹോദരന്മാരായി കാണുവാൻ കഴിഞ്ഞതാണെതിനു കാരണം. വിശ്വാസത്തിന്റെയും മതത്തിന്റെയും പേരിൽ തമ്മിലടിക്കേണ്ടവരല്ല മനുഷ്യർ.

ഇറാഖിലും സിറിയയിലും മറ്റും ഇന്നു നടക്കുന്നത് ഞെട്ടലോടെ മാത്രമേ കാണുവാൻ കഴിയൂ. യാതൊരറപ്പുമില്ലാതെ സഹജീവിയെ പീഡിപ്പിച്ചു കൊന്നുതള്ളുന്നവന്റെ മാനസികാവസ്ഥ എന്തായിരിക്കും. യെസീദികൾ 70% ത്തിലേറെ ചത്തൊടുങ്ങിയെന്നാണ് റിപ്പോർട്ടുകൾ. യുദ്ധമായാലും ഭീകര പ്രവർത്തനമായാലും അതുകൊണ്ട് ഇവിടെ ഒന്നും നേടാനാവില്ല. പകരം നാശം വിതയ്ക്കുവാൻ മാത്രമേ അതിനാകൂ. കൊന്നൊടുക്കുന്നത് ഗാസയിലായാലും, ഇസ്രായേലിലായാലും ഇറാഖിലോ സിറിയയിലോ ലോകത്തെവിടെയോ ആയാലും അംഗീകരിക്കാനാവില്ല.

തങ്ങൾ ഭൂരിപക്ഷം ആയതുകൊണ്ട് മാത്രം ന്യൂന പക്ഷങ്ങളെ ഇല്ലാതാക്കാം എന്ന ചിന്ത കാടത്തമാണ്. സിറിയയിലും ഇറാഖിലും ക്രിസ്തുവിന്റെ നാമം നിമിത്തം കഠിന പീഡകളിലൂടെ കടന്നു പോകുന്നവർക്കായി പ്രാർത്ഥിക്കുവാനുള്ള കടപ്പാട് സഭയ്ക്കുണ്ട്. അവർ അനുഭവിക്കുന്ന പീഡനത്തിന്റെ വാർത്തകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ മനുഷ്യരായി പിറന്നവർക്ക് ദുഃഖിക്കാതിരിക്കാനാവുമോ?

കേരളത്തിലെ പെന്തെക്കോസ്തുകാർ മാത്രമല്ല വിദേശ മലയാളി വിശ്വാസികളും ശുശ്രൂഷകരും ഒട്ടുമിക്കവരും ഇതൊന്നും ഗണ്യമാക്കുന്നില്ല. ലോകക്കപ്പ് ഫുട്ബാൾ മത്സരം നടക്കുമ്പോൾ ഉറക്കമിളച്ചു കാണുകയും ഇഷ്ട ടീമുകളുടെ പരാജയത്തിൽ വിലപിച്ചു ഫെയ്സ്ബുക്കിൽ കണ്ണീരൊഴുക്കുകയും ചെയ്ത ധാരാളം പാസ്റ്റർമാരെ കണ്ടു. എന്നാൽ ഇവർക്കായി പ്രാർത്ഥിക്കാൻ അതിന്റെ ചെറിയൊരംശം സമയം വേർതിരിച്ചിരുന്നെങ്കിൽ. സച്ചിൻ ടെൻഡുൽക്കർ ക്രിക്കറ്റിൽ നിന്നു വിരമിച്ചപ്പോൾ ദുഃഖിച്ചു നടന്ന പെന്തെക്കോസ്തുകാർ ഈ പാവം ജനതയെ ഓർത്തു ദൈവസന്നിധിയിൽ കണ്ണുനീർ ഒഴുക്കിയിരുന്നെങ്കിൽ. പ്രീയ സഹോദരാ നീ സുരക്ഷിതനാണെന്ന് ഇന്ന് തോന്നിയേക്കാം. എന്നാൽ നാളെ എന്താകുമെന്ന് ആർക്ക് ഉറപ്പോടെ പറയാൻ പറ്റും. നമുക്കുണരാം. കണ്ണുനീരോടെ ദൈവസന്നിധിയിൽ ഈ ജനതയ്ക്കായി പ്രാർത്ഥിക്കാം. ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടായാൽ ബലഹീനന് തുണ നിൽക്കുന്ന ദൈവസന്നിധിയിൽ മദ്ധ്യസ്ഥത അണയ്ക്കാം. സഭയെ ഉണരുക ഉണരുക.

# ചൈനക്ക് ഇനി സ്വന്തം ദൈവശാസ്ത്രം



### പ്രകാശ് പി. കോശി

ചൈനയുടെ സാമൂഹിക പുരോഗതി, സാംസ്കാരിക അഭിവൃദ്ധി, സാമ്പത്തിക വികസനം എന്നിവയ്ക്കായി വിശ്വാസികളെ പ്രലോഭിപ്പിക്കും. ചൈനയിലെ ക്രൈസ്തവ നേതാക്കന്മാരുടെ അഭിപ്രായത്തിൽ ഈ ദേശസാൽകൃത ദൈവശാസ്ത്രം കൂടുതലും ആത്മീയ കാര്യങ്ങളെക്കാൾ രാഷ്ട്രീയത്തിന് പ്രാധാന്യം കൊടുക്കും.

അടുത്ത കാലത്തായി ചൈനയിലെ സഭകളിൽ നിന്ന് ഗവൺമെന്റ് നിർബന്ധിതമായി കുരിശുകൾ നീക്കം ചെയ്തിരുന്നു.

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ഉത്പന്നങ്ങളും യന്ത്രങ്ങളും സാങ്കേതിക വിദ്യയും ആശയങ്ങളും Reverse Engineering ലൂടെ സർവ്വസാധാരണമാക്കുന്ന ചൈന. ക്രൈസ്തവ ദൈവശാസ്ത്രം എങ്ങനെ രൂപപ്പെടുത്തും എന്ന് ലോകമെങ്ങുമുള്ള ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഉറ്റുനോക്കുന്നു.

ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തങ്ങളുടെ സംസ്കാരത്തിലും ദേശീയതയിലും അടിസ്ഥാനമാക്കി ഒരു പുതിയ ക്രൈസ്തവ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നു. നാല് കോടിയിലധികം വരുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസികളെ ഉദ്ദേശിച്ചാണ് ചൈനയുടെ ഈ പുതിയ സംരംഭം.

വളരെ അത്ഭുതപൂർവ്വമായ രീതിയിൽ ആണ് ചൈനയിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസം വളരുന്നത്. എല്ലാ വർഷവും ഏകദേശം അഞ്ച് ലക്ഷം പേർ ഈ വിശ്വാസത്തിലേക്ക് കടന്നുവരുന്നു എന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. അവഗണിക്കാനാവാത്ത ഒരു പ്രതിഭാസമായി ക്രൈസ്തവ വിശ്വാസം ചൈനയിൽ പടരുന്നു എന്നതിന് തെളിവാണ് ഗവൺമെന്റിന്റെ ഈ തീരുമാനം.

"ചൈനയുടെ പുതിയ ദൈവശാസ്ത്രം ഇവിടുത്തെ സംസ്കാരവും ദേശീയതയും അംഗീകരിക്കുന്നതായിരിക്കും" എന്ന് ചൈനയുടെ മതവകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥൻ വാങ്ങ് സുമാൻ പറഞ്ഞു , ചൈന . ചൈന ഭരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പൊതുവേ നിരീശ്വരവാദത്തിൽ വിശ്വസിക്കുന്നവരാണ്.

മതപരമായ പ്രവർത്തനങ്ങൾക്ക് ഇവർ വിലക്കുകൾ ഏർപ്പെടുത്താറുണ്ട്. മതവിശ്വാസം തങ്ങളുടെ സ്വാധീനം കുറയ്ക്കും എന്ന ഭയമാണിതിന് കാരണം. ഗവൺമെന്റിന്റെ പ്രത്യേക അനുവാദത്തോടെയും നിരീക്ഷണത്തിലും മാത്രമേ ആരാധന നടത്താൻ പാടുള്ളൂ എന്ന് ചൈനയിൽ നിയമം ഉണ്ട്. എന്നാൽ ഈ നിയമങ്ങൾ വളരെ കാർക്കശ്യമുള്ളതായതുകൊണ്ട് നല്ലൊരു ശതമാനം വിശ്വാസികളും അണ്ടർഗ്രൗണ്ട് ചർച്ചുകളിലാണ് ആരാധനയ്ക്ക് പോകുന്നത്.

ഇത്തരം ഭവന/രഹസ്യ ചർച്ചുകൾ ഗവൺമെന്റ് ഉദ്യോഗസ്ഥൻ റെയ്ഡ് ചെയ്ത് അടച്ചുപൂട്ടാറുണ്ട്.

ചൈനയിലെ ഗവൺമെന്റ് അംഗീകൃത കത്തോലിക്ക സഭ വത്തിക്കാന്റെ പരിധിയിൽ വരുന്നില്ല. രഹസ്യസഭകൾ ആണ് വത്തിക്കാന്റെ കീഴിൽ വരുന്നത്. ഗവൺമെന്റ് സഭയിലും രഹസ്യസഭയിലും ആയി ഏകദേശം 12 ദശലക്ഷം കത്തോലിക്കർ ആരാധിക്കുന്നു.

ചൈനീസ് ഗവൺമെന്റിന്റെ വാർത്ത ഏജൻസിയുടെ അഭിപ്രായത്തിൽ പുതിയ ദൈവശാസ്ത്രം

## ഉണർവ്വ് യോഗങ്ങൾ

**അയിരൂർ:** പെന്തെക്കോസ്ത് യുവജന സംഘടന റാന്നി ഈസ്റ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2014 ആഗസ്റ്റ് 21-23 വരെ അയിരൂർ മത പ്പാറ സിയോൻ ഐ.പി.സി. ചർച്ചിൽ വച്ച് ഉണർവ്വ് യോഗങ്ങൾ നടക്കും. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ പി.കെ.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പി.വി.വർഗ്ഗീസ്, പാസ്റ്റർ ബെൻസൺ തോമസ്, പാസ്റ്റർ റ്റി.എം. എബ്രഹാം, പാസ്റ്റർ എബ്രഹാം വർഗ്ഗീസ് എന്നിവർ പ്രസംഗിക്കും. ഇവാ: ഷിജു തോമസ്, എബിസൺ ജോസഫ് നേതൃത്വം നൽകും.

## സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലനം

**കുമ്പനാട്:** ഐ.പി.സി. സണ്ടേസ്കൂൾസ് അസ്സോസിയേഷൻ മേഖലാതല അദ്ധ്യാപക പരിശീലനം, തിരുവനന്തപുരം മേഖല പേരൂർക്കട ഐ.പി.സി. ഹാളിൽ ജൂലൈ 26 ശനിയാഴ്ചയും, കൊട്ടാരക്കര മേഖല കേരള തിയോളജിക്കൽ സെമിനാരിയിൽ ജൂലൈ 28 തിങ്കളാഴ്ചയും, രാവിലെ 10 മുതൽ 3 വരെ നടന്നു. തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളജ് അസ്സോ. പ്രൊഫസർ ഡോ. ഐസക്ക് പോൾ ആണു പരിശീലനം നൽകിയത്. "സണ്ടേസ്കൂൾ അദ്ധ്യാപനം ആധുനിക മാർഗ്ഗങ്ങൾ" എന്നതാണ് വിഷയം. വിവിധ പ്രായ വിഭാഗങ്ങളിലെ അദ്ധ്യാപകർക്കായി ദൃശ്യമാധ്യമ സഹായത്തോടെ പ്രത്യേകം ക്ലാസ്സുകൾ എടുത്തു. കർത്തൃദാസന്മാരും, സണ്ടേസ്ക്കൂൾ അദ്ധ്യാപകരും, മാതാപിതാക്കളും പങ്കെടുത്തു.

## തെരഞ്ഞെടുത്തു

**പാലക്കാട്:** ഐ.പി.സി.പാലക്കാട് നോർത്ത് സെന്റർ 2014-2015ലെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ എം.വി.മത്തായി (പ്രസിഡന്റ്), പാസ്റ്റർ വി.കെ.സോമൻ (വൈസ് പ്രസിഡന്റ്), ഇവാ: കെ. സിജു (സെക്രട്ടറി), ഇവാ: വിനോദ് ഭാസ്കർ (ജോ. സെക്രട്ടറി), ബ്രദർ വി.ജി.ഡേവിഡ് (ട്രഷറർ), ബ്രദർ സി.സി.ബാബുകുട്ടി (ജോ. ട്രഷറർ), പാസ്റ്റർ റെജു തരകൻ (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ കെ.റ്റി. ജോസഫ് (ഇവാഞ്ചലിസം ബോർഡ് കൺവീനർ), ഇവാ: സി.റ്റി. മോനിച്ചൻ (സെക്രട്ടറി).

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

**2. ഉപദ്രവി** – ക്രിസ്തീയ വിശ്വാസികളെ ശാരീരികമായി ഉപദ്രവിച്ച്, കൊലചെയ്യുവാൻ ആഗ്രഹിച്ചു. ക്രൈസ്തവരെ പീഡിപ്പിക്കുമ്പോൾ മൃഗങ്ങൾക്ക് കല്പിക്കുന്ന ദയപോലും ശൗൽ കാട്ടിയിരുന്നില്ല. പൗലോസ് പറയുന്ന വാക്കുകളെ ശ്രദ്ധിക്കുക, ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചുകെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചും വന്നു, അ:പ്രവ: 22:4. സ്തേഫാനോസിന്റെ മരണത്തിൽ ഇവനും പങ്കുണ്ടായിരുന്നു പ്രവ: 8:1-4. ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പോസ്തലൻ എന്ന പേരിന് യോഗ്യനല്ലായെന്നു ഏറ്റുപറയുന്നു 1കൊരി:15:9.

**3. നിഷ്ഠൂരൻ** – ഈ പ്രയോഗം തന്റെ ഹൃദയത്തിന്റെ മനോഭാവത്തെയാണ് വ്യക്തമാക്കുന്നത്, യെഹൂദമതത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഏത് ഹീനമാന കൃത്യവും ചെയ്യുവാൻ മടിക്കാത്ത ഒരു യെഹൂദമത തീവ്രവാദിയായിരുന്നു ശൗൽ. നിഗളിയും ധിക്കാരിയും ആയിരുന്നു എന്നർത്ഥം. ഇതെല്ലാം താൻ അജ്ഞതയും അവിശ്വാസവും നിമിത്തമാണ് ചെയ്തത് എന്നു സമ്മതിക്കുന്നു. മനുഷ്യരുടെ ദൃഷ്ടിയിൽ താനൊരു പണ്ഡിതനും മഹാപ്രതിഭാശാലിയായിരുന്നുയെങ്കിലും ദൈവദൃഷ്ടിയിൽ അജ്ഞൻ ആയിരുന്നു. ഇന്നും അനേകർ ക്രിസ്തീയ വിശ്വാസത്തെയും വിശ്വാസികളെയും തകർക്കുവാനും തടയുവാനും ശ്രമിക്കുന്നു, പലരാജ്യങ്ങളിലും നിയമപരമായി ക്രിസ്തീയമതത്തെ നിരോധിച്ചിരിക്കുകയാണ്. ഇന്ത്യയിലും പാകിസ്ഥാനിലും മറ്റുപല സമീപ രാജ്യങ്ങളിലും ക്രൂരമായി വന്യമൃഗങ്ങളെ വേട്ടയാടുന്നതുപോലെ പീഡിപ്പിക്കുകയും നിഷ്ഠൂരമായി കൊല്ലുകയും ചെയ്യുന്നു പള്ളികളും വിശ്വാസഭവനങ്ങളും നശിപ്പിക്കുന്നു. ക്രിസ്തീയ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരെ വിദേശമതമെന്നും വിദേശചാരൻ എന്നു പറഞ്ഞ് കാരണം കൂടാതെ മർദ്ദിക്കുന്നു. ഇന്ത്യയിലെ പലസംസ്ഥാനങ്ങളിലും ഇപ്രകാരം സംഭവിക്കുന്നു. പതിനായിരകണക്കിനു മദ്യപാനികളെ ശരിയായ പാതയിലേക്ക് കൊണ്ടുവരികയും മയക്കുമരുന്നിനും മദിരാക്ഷിക്കും അടിമകളായി കിടന്നവരെ ജീവിതത്തിന്റെ അർത്ഥവും ആശയവും കൊടുക്കുവാൻ ക്രിസ്തീയ വിശ്വാസത്തിനു കഴിഞ്ഞു എന്നുള്ളത് പറയുന്നതിൽ ലജ്ജിക്കുന്നില്ല. ഇങ്ങനെ ഉപദ്രവിക്കുന്നവരോടു പറയാനുള്ളത് 'തീയിൽ മുളച്ചത് വെയിലത്ത് വാടുമോ?, ഒരിക്കലും ഇല്ല. രക്തസാക്ഷികളുടെ രക്തമാണ് സഭയുടെ വിത്ത് എന്ന തെർത്തുല്യന്റെ പ്രസ്താവനയെപ്പോലെ ഒരിക്കലും ക്രിസ്തീയ വിശ്വസത്തെ ഭൂമുഖത്ത് നിന്നും തുടച്ചുമാറ്റുവാൻ കഴിയുകയില്ല. എത്രയോ സംഘടനകൾ, രാജ്യങ്ങൾ പല്ലും നഖവുമായി ഇതിനെ എതിർത്തുവെങ്കിലും യാതൊരു കോട്ടവും സംഭവിക്കാതെ ഇന്നും വിജയത്തിന്റെ മിന്നൽ കൊടി പാറിപറത്തികൊണ്ടു വിജയത്തിന്റെ ജൈത്രയാത്ര തുടരുകയാണ്.

ക്രിസ്തീയമതത്തിനും ഏ.ഡി 1-ാം നൂറ്റാണ്ടുമുതൽ 4-ാം നൂറ്റാണ്ടുവരെ തലങ്ങും വിലങ്ങുമായി പീഡനം ഏൽക്കേണ്ടിവന്നു. അതായത് നീറോ ചക്രവർത്തി മുതൽ കുസ്തിനോസ് ചക്രവർത്തി മാനസാന്തരപ്പെടുന്നതുവരെ നീറോയുടെ കാലത്ത് നടന്ന ഒരു പീഡനകഥ ഇവിടെ ഉദ്ധരിക്കട്ടെ. അതിക്രൂരനായ നീറോചക്രവർത്തി റോമയിൽ കൊടികുത്തി വാഴുന്ന കാലം. ഏകദേശം ഏ.ഡി. 64. അഞ്ചുവർഷം നല്ല രീതിയിൽ തുടർച്ചയായി ഭരിച്ച് തന്റെ തുടർന്നുള്ള ഭരണത്തെ അഹങ്കാരത്തിന്റെ കാലഘട്ടമാക്കി മാറ്റി. ഇതിനാൽ ക്രിസ്ത്യനികളായ വിശ്വാസികൾക്കു വളരെയേറെ പീഡനങ്ങൾ ഏൽക്കേണ്ടി വന്നു. റോമ സാമ്രാജ്യത്തിലെ ഒരു ഗ്രാമം. പ്രകൃതി രമണീയമായ ആ ഗ്രാമത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം ആടുവളർത്തലാണ്. അവിടെ ഒരു ചെറിയ കുടിലിൽ അമ്മയില്ലാതെ വളർത്തപ്പെട്ട ഒരു പെൺകുട്ടിയായിരുന്നു മേഴ്സിയ. പിതാവ് ഒരു ആട്ടിടയനായിരുന്നു. ദാരിദ്രത്തിന്റെ നടുവിലും അവൾ തന്റെ യേശുകർത്താവിനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കുകയും വിശ്വാസത്തിൽ ഉറച്ചു ജീവിക്കുകയും ചെയ്തു പോന്നു. നീറോ ചക്രവർത്തിയുടെ പ്രധാന ഭടനും യുദ്ധങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നവനുമായ മർക്കൊസ് യാദൃച്ഛികമായി സുന്ദരിയായ മേഴ്സിയയെ കാണുവാനിടയാകുകയും തനിക്ക് അവളെ വിവാഹം കഴിക്കുവാൻ മോഹം തോന്നുകയും ചെയ്തു. എന്നാൽ ഇതൊന്നും അറിയാതെ ദിനം പ്രതിയുള്ള ആത്മീകജിവിതത്തിൽ വിശുദ്ധി സൂക്ഷിച്ചു വന്ന മേഴ്സിയയുടെ ഭവനത്തിൽ അദ്ദേഹം കടന്നുവരികയും അ

– തുടർച്ച–

വളുടെ പിതാവിനോട് വിവാഹാഭ്യർത്ഥന നടത്തുകയും ചെയ്തു. എന്നാൽ താനൊരു യഥാർത്ഥ ക്രിസ്ത്യാനിയാണെന്നും ഒരു ക്രിസ്തു വിശ്വസിയല്ലാത്ത താങ്കളെ വിവാഹം കഴിക്കുവാൻ താല്പര്യമില്ലായെന്നും റോമൻ സൈന്യാധിപനായ മാർക്കൊസിനോട് ധൈര്യസമ്മേതം അവൾ അറിയിച്ചു. ചില ദിവസങ്ങൾ വീണ്ടും മാർക്കൊസ് സമ്മർദ്ദം ചെലുത്തിയെങ്കിലും അവളുടെ ഉറച്ച തീരുമാനത്തിനു മുമ്പിൽ അദ്ദേഹം നിരാശപ്പെടുകയേ ചെയ്തുള്ളു.

ഒരിക്കൽ മാർക്കൊസ് കൊട്ടാരത്തിൽ സർവ്വായുധധാരിയായി നടക്കുമ്പോൾ രാജ്ഞി തന്നെ വിളിച്ച് ഒരു രഹസ്യം വെളിപ്പെടുത്തി. തന്റെ ഭർത്താവായ നീറോയെ വധിച്ചാൽ സൈന്യാധിപനായ നിനക്ക് ആഢംമ്പരത്തോടെ തന്നോടൊപ്പം വസിക്കാം എന്നു പറഞ്ഞു. എന്നാൽ മാർക്കൊസ് രാജ്ഞിയുടെ ഈ ആഗ്രഹം നിരസിച്ചു, ഈ സംഭവം അവനെ വളരെ അസ്വസ്ഥനാക്കി. ഉഗ്രകോപിഷ്ഠയായ രാജ്ഞി സുന്ദരിയായ തന്നെ നിരസിക്കുവാൻ സൈന്യാധിപനെ പ്രേരിപ്പിച്ചതെന്തെന്ന് ആരായുവാൻ ശ്രമിച്ചു, മാർക്കൊസിനു ഒരു പെൺകുട്ടിയെ ഇഷ്ടമുണ്ടെന്ന് അവൾ മനസ്സിലാക്കി. അതിനാൽ ആദ്യം അവളെ വധിക്കുവാൻ തന്ത്രം ആലോചിച്ചു.

(തുടരും..)

## നോവൽ 12



സുനിൽ വർഗീസ്,
ബാംഗ്ലൂർ

# കാൽവറിയുടെ ഉയരങ്ങൾ

തെരുവിലെ പ്രാണികൾ പോലും ശബ്ദിക്കാതെ ആൽബർട്ടിനെ കേട്ടു നിൽക്കുകയാവണം. അതുപോലെ നിശബ്ദമായിരുന്നവിടം. ഡേവിഡ് ഓവർബ്രിഡ്ജിനു താഴേക്ക് നടക്കുമ്പോൾ വീണ്ടും ചോദിച്ചു. എന്തൊക്കെയാണ് ആ രണ്ട് ദിവസങ്ങളിൽ സംഭവിച്ചത്?

ആൽബർട്ട് കനപ്പിച്ച് ഡേവിഡിനെ നോക്കി; ഇത്രയും കേട്ടത് മതിയായില്ലേ...കുളിക്കാതേം കഴുകാതേം കഴിയണ അവരെ എന്തോ നാറ്റമാണെന്നോ. വീറും വൃത്തിയുമില്ലാത്ത വർഗ്ഗങ്ങൾ. ഒന്നിനെങ്കിലും ബോധമുണ്ടോ... പണ്ട് ഉരുളു പൊട്ടിയപ്പോൾ സഹായിക്കാൻ ചെന്നതിന്റെ ആദരവുപോലും അവർക്കില്ല... പിന്നെ എന്നെ കൊല്ലാതിരുന്നത് ആരുടെയോ ഭാഗ്യം.

ആൽബർട്ട് അറപ്പോടെയാണവ പറയുന്നതെന്ന് ഡേവിഡിനു മനസ്സിലായി.

അവരുടെ പിള്ളാരെ കണ്ടാൽ പിന്നെ വെള്ളം കുടിക്കാൻ തോന്നില്ല, ല്ലേ ഡേവിഡ് ലഘുവായി ചോദിച്ചു.

പിന്നല്ലാതെ... ആൽബർട്ട് ഉത്സാഹവാനായി, കഴിക്കണ രീതികള് കണ്ടാലോ...

ആൽബർട്ട്..! അക്ഷരാർത്ഥത്തിൽ ഡേവിഡ് ഗർജ്ജിക്കുകയായിരുന്നു.

ആൽബർട്ട് നടുങ്ങിപ്പോയി.

തെരുവു വിളക്കിന്റെ പ്രഭയിൽ, അയാൾ ഡേവിഡിന്റെ കണ്ണിലെ കനലുകൾ കണ്ടു.

നീയാരാണെന്നും നീയേറ്റെടുത്ത നിയോഗം എന്താണെന്നും ഇത്രവേഗം മറന്നോ; അന്നെന്നോട് പറയുമ്പോൾ പാലും തേനും ഒഴുകുകയായിരുന്നില്ലേ.. എന്തുകൊണ്ട് അന്നിതൊന്നും നീ ചിന്തിച്ചില്ലാ..

നീ പറഞ്ഞത് ശരിയാ ആൽബർട്ട്, അവർ ബാർബേറിയന്മാർ തന്നെ. സംസ്കാരവും ബുദ്ധിയും വളരാത്തവർ. നീ ചിന്തിക്കുന്നുവോ, ക്രിസ്തു അവർക്ക് ദുർഗ്രാഹ്യമാണെന്ന്? അവർക്ക് വൃത്തിയില്ല, ദുർഗന്ധമാണ്... എല്ലാം ശരിയാ, പക്ഷേ അവർക്കുമുണ്ടെടാ നിന്നെപ്പോലെ ഹൃദയവും ആത്മാവും അവരും മനുഷ്യരാടാ.. കരയാനും ചിരിക്കാനും അറിയാവുന്ന മനുഷ്യർ.

ആൽബർട്ട് സംഭ്രാന്തിയോടെയാണ് ഡേവിഡ് പറഞ്ഞത് കേട്ടുകൊണ്ടിരുന്നത്. തന്റെ ഉള്ളിലെ എന്തൊക്കെയൊ തകരുന്നതായി, ഹീനജാതി മേൽജാതി എന്നുള്ള വേർതിരിവ് ഇല്ലാതാവുന്നതായി അയാൾക്ക് തോന്നി.

ഏതൊക്കെ ചുവരുകളാണ് തകർന്നു വീഴുന്നത്. അരണ്ട ഏതൊക്കെ കാഴ്ചപ്പാടുകളാണ് ചിതറിപ്പോകുന്നത്....

അവർ ക്രൂരന്മാരല്ല ആൽബർട്ട്. ആരും ജനിക്കുന്നത് ക്രൂരന്മാരായല്ല. എന്നാൽ അവർ വളർത്തപ്പെട്ട സാഹചര്യങ്ങൾ അവരെ അങ്ങനെയൊക്കെ ആക്കി.

ആൽബർട്ട് മുഖം കുനിച്ച് നില്ക്കുകയായിരുന്നു.

ലുക്ക്, ആൽബർട്ട് ഞാൻ പറഞ്ഞോ; നിന്റെ പാസ്റ്ററോ പപ്പയോ പറഞ്ഞോ അല്ല ക്രിസ്തു വന്നരുളിയോ ഇങ്ങനൊരു വർക്ക് ചെയ്യുന്നതിനെപ്പറ്റി... നിനക്കറിയില്ലേ ആൽബർട്ട് സ്നേഹത്തിന്റെ നിറവിൽ എല്ലാ അഭംഗിയും ഏറ്റവും ഭംഗിയുള്ളതായി മാറുമെന്ന്... അരോചകമായവ ഹൃദ്യമായിത്തീരുമെന്ന്...ദുർഗന്ധം സുഗന്ധമായി പരിണമിക്കുമെന്ന്... നീ എന്തിനാ ആൽബർട്ട്, നീലമുടിയെ അവകാശം പറഞ്ഞ് പ്രാർത്ഥിച്ചത്, അവിടുള്ള വനവാസികൾ ക്രിസ്തുവിനെ അറിയണം അല്ലേ... എന്നാൽ ഞാൻ ഉറപ്പുപറയുന്നു... ഡേവിഡിന്റെ മുഖം ഇരുണ്ടു. നിനക്കൊരാളേയും ക്രിസ്തുവിനായി നേടാൻ കഴിയില്ല

അതേടാ, അവരെ ഹൃദയം തുറന്നു സ്നേഹിക്കാത്തടത്തോളം കാലം നീ നീലമുടിയിലൂടെ ചുറ്റിക്കറങ്ങുമെന്നല്ലാതെ...

ക്രൂശിൽ പിടയുന്ന യേശുവിനെ ആൽബർട്ട് കണ്ടു. ആ കണ്ണുകൾ നിറയുന്നു: പിതാവേ ഇവരോട് ക്ഷമിക്കേണമേ... അതുല്യമായ സ്നേഹം...! ആൽബർട്ടിൽ ഒരു നീരൊഴുക്കുണ്ടായിത്തുടങ്ങി. കാൽവറിയിൽ ഉറഞ്ഞുകിടന്ന വായു ആൽബർട്ടിലേക്ക് തള്ളിക്കയറുന്നു.

ഡേവിഡ് പിന്നെയും മന്ത്രിക്കുന്നു:

അതെ, ആൽബർട്ട് നിന്നെ നീ സ്നേഹിക്കുന്നതിലുപരി, നിനക്കവരെ സ്നേഹിക്കാനാവുമോ? നിന്റെ ജീവൻ അവർക്കായി നല്കാനാവുമോ?

ആൽബർട്ടിന്റെ തോളിൽ പിടിച്ച് ഡേവിഡ് ശക്തമായി കുലുക്കി. അവന്റെ കണ്ണുകളിലെ ദിവ്യതേജസ്സ് ഹൃദയത്തെ സ്പർശിക്കുന്നത് ആൽബർട്ടറിഞ്ഞു.

നീ പിന്മാറിപോകേണ്ടവനല്ല, എന്റെ ആൽബർട്ട്, യു ആർ ബോൺ ഫോർ സംതിങ്ങ് ഗ്രേറ്റർ. ഞാൻ കാണുന്നു, ഈ നീലമുടി നിന്റെ ശബ്ദം കേൾക്കാൻ ത്വരയോടെ കാത്തിരിക്കുന്നത്. എല്ലാ അസാദ്ധ്യതകളും പരിശുദ്ധാത്മശക്തിയാൽ സാദ്ധ്യമാവും ആൽബർട്ട്. നോക്കൂ, നിന്നിൽ ദൈവീകശക്തി നിറയുന്നില്ലേ. നീ തോൽവി നിറഞ്ഞ മനസ്സോടെ പിന്മാറരുത് ...പിശാച് ജയിക്കരുത്.. ആൽബർട്ട്...നീ തിരഞ്ഞെടുക്കപ്പെട്ടവനാണ്...

പൊടുന്നനെ എന്തിനെന്നറിയാതെ ആൽബർട്ട് പൊട്ടിക്കരഞ്ഞു. ഡേവിഡ് അവനെ ചേർത്തുപിടിച്ചു നടന്നു. കഴിയും...കഴിയും. ..നീ ജയിക്കും...

ഡേവിഡ് മന്ത്രിച്ചു.

തെരുവിൽ നിശയുടെ സീൽക്കാരങ്ങൾ മാത്രം.

*****

ഞായറാഴ്ച പ്രഭാതം വിടർന്നപ്പോൾ, ആൽബർട്ട് ആദ്യം ചെയ്തത് ദൈവപ്പിര ചെന്നു കാണുകയാണ്. മാതേവനും മറ്റും അവസാന മിനുക്കുപണിയിലാണ്. പഴയ ഷെഡിനെക്കാൾ പുതിയത് മനോഹരമായിരിക്കുന്നു. ഗുഡ്മോൺ.. ദൈവംകുട്ടീ.. ആൽബർട്ടിനെ കണ്ട് മാതേവൻ പുഞ്ചിരിച്ചു.

സുന്ദരമാക്കിയല്ലോ.. ആൽബർട്ട് പറഞ്ഞു.

യേസൂന്റെ കിറുപ.. ചോമൻ പറയുന്നു.

ഷെഡിന്റെ അടുത്തുള്ള കുടമ്പുകളിലെ കുട്ടികൾ അവിടെ ചുറ്റിനില്പ്പുണ്ട്.

ഞാൻ കുളിച്ച് വൃത്തിയായി വേഗം വരാം.. അങ്ങനെ പറഞ്ഞ് ആൽബർട്ട് അരുവിക്കരയിലേക്ക് നടന്നു. പോകും വഴി, ചീരുനേം ചീരേം അടക്കിയ ഇടത്തെത്തിയപ്പോൾ ആൽബർട്ട് നിന്നു. ആ മിഴികൾ ഒന്നു തുടിച്ചു.

ആരാധനയ്ക്ക് പന്ത്രണ്ടോളം പേരെ ഉണ്ടായിരുന്നൊള്ളു.

ഇനിയും കുറയും. ഒടുവിൽ നീ മാത്രമാകും. ആരോ പറയുന്നതായി ആൽബർട്ടിന് തോന്നി; ഒന്നിനും കൊള്ളാത്തവനായി നീ ഈ കാട് വിട്ടുപോകും.

പ്രാർത്ഥനയ്ക്കായി പായിലിരിയ്ക്കുമ്പോൾ ബൈബിൾ തുറന്ന് ആൽബർട്ട് എഴുതി;

വളരുമാറാക്കുന്നത് ദൈവമാണ്....!

ആരാധനയിൽ, എല്ലാ ബലഹീനതകളും അഴിയുന്നു. മാതേവൻ ഉച്ചത്തിൽ പാടുന്നു. കുട്ടികളുടെ എണ്ണവും കുറവാണെങ്കിലും വന്നവർ ഏകാഗ്രതയോടെ ദൈവത്തെ സ്തുതുക്കുന്നുണ്ട്.

മതി. ഹൃദയം സമർപ്പിക്കപ്പെട്ടവർ മതി.

ആൽബർട്ടിന് ഉള്ളിൽ ദൈവീക തീ പടരുന്നത് മനസ്സിലായി. പ്രസംഗിക്കാൻ ആൽബർട്ട് എഴുന്നേൽക്കാറായപ്പോഴാണ് കുന്മാശൻ വന്നത്. കൂടെ രണ്ട് തടിച്ചുരുണ്ട മനുഷ്യരുണ്ടായിരുന്നു. എല്ലാവരും വാതിൽക്കലേക്ക് നോക്കുന്നു. പലരിലും പേടി നുരയുന്നു. ആൽബർട്ട് ബൈബിളിൽ മുറുകെപ്പിടിച്ചു. ഒരു കൂസലുമില്ലാതെ കുന്മാശൻ അരമണിയും കിലുക്കി അകത്തേക്ക് കയറിവന്നു!

(തുടരും)

Believers Journal
P.O. Box: 31, Manjadi P.O.,
Thiruvalla - 689 105

ചോദ്യോത്തര വേദി

# ജാമാക്കാരന്റെ (ഡോ.പുഷ്പരാജിന്റെ) വചനവ്യാഖ്യാനങ്ങൾ



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ജൂലൈ 2014 ജാമാക്കാരൻ എന്ന മാസികയിൽ എഡിറ്ററായ ഡോ. പുഷ്പരാജ്, 12-ാമത്തെ അപ്പൊസ്തലനായിരുന്ന **മത്ഥിയാസിന്റെ നിയമനം റദ്ദു ചെയ്യുകയും,** പ്രവചനം, വെളിപ്പാടുകൾ, അന്യഭാഷ, വ്യാഖ്യാനം എല്ലാം തമിഴ്, ഇംഗ്ലീഷ് വേദപുസ്തകം ഉണ്ടായതോടുകൂടി (ഡോ. പുഷ്പരാജിന് വായിച്ച് മനസ്സിലാക്കാവുന്ന വേദപുസ്തകം ഉണ്ടായതോടുകൂടി) **നിന്നുപോയതായി** പ്രഖ്യാപിച്ചിരിക്കുന്നു (പേജ് 3,4 ജാമാക്കാരൻ ജൂലൈ 2014). പ്രതികരിക്കുമോ! – **മനു, മരുതുകുന്നേൽ, മാടപ്പള്ളി**

**ഉത്തരം:** ഞാൻ മനസ്സിലാക്കിയടത്തോളം ഡോ.പുഷ്പരാജ്, സി. എസ്സ്. ഐ, മർത്തോമ സഭകളിലെ ഒരു തിരുത്തൽ വാദിയാണ്. ആ സഭകളിലുള്ളവർ അദ്ദേഹത്തെ ധാരാളമായി സാമ്പത്തികമായി സഹായിക്കുന്നുണ്ട്. അവർക്കുവേണ്ടിയാണ് അദ്ദേഹം പലതും എഴുതുന്നത്. അവർ അപ്പൊ. പ്രവ. 20:29-ൽ വിവരിക്കുന്ന 'കൊടിയ ചെന്നായ്ക്കളുടെ' സ്വാധീനത്തിൽ പെടാതിരിക്കുവാൻ അദ്ദേഹം ജാമാക്കാരനിലൂടെ ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരവലോകനം നമ്മുടെ പംക്തിയുടെ പരിധിയിൽ വരുന്നില്ല. എങ്കിലും ചോദ്യത്തിൽ ഉദ്ധരിച്ചിരിക്കുന്ന വചനങ്ങളെക്കുറിച്ചുള്ള **എന്റെ ബോദ്ധ്യം** താഴെക്കുറിക്കുന്നു.

**12-ാമത്തെ അപ്പൊസ്തലൻ മത്ഥിയാസ് ആണ്.**

യേശുവിനെ ഒറ്റിക്കൊടുത്ത **യൂദായുടെ** 'അദ്ധ്യക്ഷസ്ഥാനം മറ്റൊരുവനു ലഭിക്കട്ടെ' എന്നുള്ള പഴയനിയമ പ്രവചനം (സങ്കീർത്തനം 69:25) പൂർത്തീകരിക്കുവാൻ വേണ്ടി 11 അപ്പൊസ്തലന്മാരും 120 സഹോദരന്മാരും കൂടി **പ്രാർത്ഥിച്ച്** ചീട്ടിട്ടു. **ചീട്ട് മത്ഥിയാസിനു വീഴുകയും പതിനൊന്ന് അപ്പൊസ്തലന്മാരോടുകൂടെ അവൻ എണ്ണപ്പെടുകയും ചെയ്തു** (അപ്പൊ. പ്രവ. 1:15-26). ഈ തിരഞ്ഞെടുപ്പ് അസാധുവാക്കണമെന്നോ, 12-ാമത്തെ അപ്പൊസ്തലനായി മത്ഥിയാസ് എണ്ണപ്പെടുവാൻ പാടില്ലെന്നോ അപ്പൊസ്തലന്മാർക്കോ ആദിമവിശ്വാസികൾക്കോ പിന്നീട് തോന്നിയിട്ടില്ല. 12-ാമത്തെ അപ്പൊസ്തലനുവേണ്ടി വീണ്ടുമൊരു തിരഞ്ഞെടുപ്പ് യെരുശലേമിൽ നടത്തിയിട്ടുമില്ല.

അനേക വർഷങ്ങൾക്ക് ശേഷം, ഈ പന്ത്രണ്ട് അപ്പൊസ്തലന്മാരോട് ആലോചിക്കാതെയും അവരുടെ കൈവെപ്പ് സ്വീകരിക്കാതെയും പൗലോസ് ശുശ്രൂഷയിലേക്ക് വന്നപ്പോൾ, മത്ഥിയാസിനെ 12-ാമത്തെ അപ്പൊസ്തലനായി പൗലോസ് അംഗീകരിച്ചിരുന്നു (1കൊരി. 15:5-7). യേശുവിന്റെ പ്രത്യക്ഷതയെക്കുറിച്ച് പൗലോസ് ഇപ്രകാരം എഴുതി: **'....കേഫാവിനും (പത്രോസിനും) പിന്നെ 12 പേർക്കും പ്രത്യക്ഷനായി...** അനന്തരം അവൻ യാക്കോബിനും **പിന്നെ എല്ലാ അപ്പൊസ്തലന്മാർക്കും** പ്രത്യക്ഷനായി. എല്ലാവർക്കും ഒടുവിൽ....എനിക്കും പ്രത്യക്ഷനായി' (അപ്പൊ. പ്രവ.15:5-7). (മത്ഥിയാസിനെ 12-ാമത്തെ അപ്പൊസ്തലനായി പൗലോസ് അംഗീകരിച്ചിരിക്കുന്നുവെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമായി എനിക്കു മനസ്സിലാകുന്നുണ്ട്).

60 വർഷങ്ങൾക്കുശേഷം പത്മോസ് ദ്വീപിൽ വച്ച് യോഹന്നാൻ അപ്പൊസ്തലന് കൊടുത്ത ദൈവീക ദർശനത്തിൽ, 12-ാമത്തെ അപ്പൊസ്തലനായി മത്ഥിയാസിന്റെ പേര് പുതിയ യെരുശലേമിന്റെ അടിസ്ഥാനത്തിൽ എഴുതിയിട്ടുള്ളതായി യോഹന്നാൻ കണ്ടു (വെളിപ്പാട് 21:14).

**പ്രവചനം, വെളിപ്പാടുകൾ, അന്യഭാഷ, വ്യാഖ്യാനം നിന്നുപോയോ?**

ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരോട് അരുളിചെയ്തത്: ഞാൻ **നിങ്ങളോട് കല്പിച്ചതൊക്കെയും അനുസരിക്കാൻ എന്നിൽ വിശ്വസിച്ചവരെ പഠിപ്പിക്കുക എന്നാണ്** (മത്തായി 28:20). കർത്താവ് ഒരു കല്പന അനുസരിക്കാൻ തരുന്നത് ഒരു ചെറിയ കാലഘട്ടത്തിലേക്കല്ല. കർത്താവിന്റെ പ്രത്യക്ഷതവരെയോ അല്ലെങ്കിൽ ഒരുവന്റെ മരണസമയം വരെയോ ആണ്. സ്വർഗ്ഗത്തിൽ ദൈവവചനം എന്നേക്കും സ്ഥിരമായിരിക്കുകയും (സങ്കീ. 119:89), ഭൂമിയിൽ ഒരു കാലഘട്ടം കഴിയുമ്പോൾ ദൈവവചനം അനുസരിക്കേണ്ട ആവശ്യമില്ല എന്നൊരു ഉപദേശം അപ്പൊസ്തലന്മാരാരും വിശ്വാസികളെ പഠിപ്പിച്ചിട്ടില്ല.

രാജകീയ പുരോഹിതവർഗ്ഗം (വിശ്വാസികൾ) കൂട്ടായ്മ ആചരിക്കുമ്പോൾ ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്.... (1കൊരി.14:26). ഇത് കർത്താവിനെ സമൂഹമായി ആരാധിക്കുന്നതുമായി **ബന്ധപ്പെട്ട ഒരു കല്പനയാണ് (1കൊരി. 14:37 വായിക്കുക).** കർത്താവിനെയും വചനത്തെയും ഭയഭക്തിയോടെ കാണുന്ന സമൂഹങ്ങളിൽ ഇതൊരു സാധാരണ സംഭവമാണ്. കർത്താവിനും അപ്പൊസ്തലിക വചനത്തിനും ഒന്നാം സ്ഥാനം കൊടുക്കാത്ത കൂട്ടായ്മകളിൽ കർത്താവ് സഭയുടെ പുറത്താണ്. അകത്ത് വരുവാൻ വേണ്ടി കർത്താവ് വാതിലിൽ മുട്ടുകയാണ് (വെളിപ്പാട് 3:20). ആരാധനയുമായി ബന്ധപ്പെട്ട് ചില **'തീവെട്ടി കൊള്ളക്കാരെ'** പുഷ്പരാജിന് പരിചയപ്പെടേണ്ടി വന്നതുകൊണ്ട് ഇതിലൊക്കെ വിശ്വാസം പുഷ്പരാജിന് നഷ്ടപ്പെട്ടിരിക്കാം. എന്നാൽ ഒറിജിനൽ കറൻസി ഉള്ളതുകൊണ്ടാണ് കള്ളനോട്ടുകൾ ഇപ്പോഴും പ്രചരിക്കുന്നത്. കൂടാതെ യിരെമ്യാവിന്റെ കാലഘട്ടത്തിലെപ്പോലെ വ്യാജന്മാരെ ആണ് ഈ കാലഘട്ടത്തിലെ പല വിശ്വാസികൾക്കും ഇഷ്ടം (യിരെമ്യാവ് 5:31). യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'എന്റെ ജനത്തിനോ വ്യാജന്മാരെ ആണ് കൂടുതലിഷ്ടം, എന്നാൽ അവസാനം നിങ്ങൾ എന്തുചെയ്യും' (യിരെമ്യാവ് 5:31, ആശയപരമായ സ്വതന്ത്ര പരിഭാഷ). "ഞാൻ ഈ പ്രവാചകന്മാരെ അയയ്ക്കാതിരുന്നിട്ടും അവർ ഓടി; ഞാൻ അവരോട് അരുളിച്ചെയ്യാതിരുന്നിട്ടും അവർ പ്രവചിച്ചു" (യിരെമ്യാവ് 23:21).

ഏകനായ ഒരിടയൻ ഒരു പ്രാദേശിക സഭയെ നയിക്കുന്നതും അപ്പൊസ്തലിക പാരമ്പര്യം അല്ല. മെത്രാന്മാർക്കും അന്തർദേശീയ പാസ്റ്റർമാർക്കും രാജകീയ പുരോഹിതവർഗ്ഗത്തെ (വിശ്വാസികളെ) ഭരിക്കാനുള്ള സൗകര്യത്തിനുവേണ്ടി അവരുണ്ടാക്കിയെടുത്ത ഒരു ഭരണക്രമമാണ് ഏകനായ സ്ഥലംമാറ്റമുള്ള ഇടയൻ. ഓരോ പ്രാദേശികസഭയിലും ഒന്നിലധികം ഇടയന്മാരെയാണ് ആദിമ അപ്പൊസ്തലന്മാർ നിയമിച്ചിരുന്നത് (അപ്പൊ. പ്രവ. 14:23; 11:30; 20:17; 20:28; യാക്കോബ് 5:14). എന്നിരുന്നാലും, ഏതെങ്കിലും ഇടയൻ കൃപയും പരിജ്ഞാനവും ഉള്ളവൻ ആണെങ്കിൽ (1തിമൊ. 3:1-7ലുള്ള യോഗ്യത ഉള്ളവനാണെങ്കിൽ), ആ ഇടയൻ ആ സഭയിൽ ഉള്ളിടത്തോളം കാലം ജീവന്റെയും ആത്മാവിന്റെയും പ്രകാശനവും സ്വാതന്ത്ര്യവും ചൈതന്യവും ആ സഭയിൽ ഉണ്ടായിരിക്കും.

ആദിമ അപ്പൊസ്തലന്മാർ വിവരിച്ചതും വ്യാഖ്യാനിച്ചതുമായ കർത്താവിനെയും കർത്താവിന്റെ വചനത്തെയും അനുസരിച്ച് ജീവിക്കാൻ ആഗ്രഹമുള്ള ധാരാളം വിശ്വാസികൾ ഇന്നുണ്ട്. വചനത്തിലേക്ക് മടങ്ങിപ്പോകുന്നതിനാണ് ഉണർവ്വ് എന്നു പറയുന്നത്. ജാമാക്കാരന്റെ വ്യാഖ്യാനമൊന്നും അവരെ ചലിപ്പിക്കാറില്ല മറിച്ച് ചിരിപ്പിക്കാറെയുള്ളൂ. മാത്രമല്ല, സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം (സങ്കീ. 119:89), ആകാശവും ഭൂമിയും ഒഴിഞ്ഞുപോയിക്കഴിഞ്ഞാലും നിലനിൽക്കുന്ന ദൈവവചനം ഡോ. പുഷ്പരാജിനെപ്പോലുള്ളവർക്ക് കാലഘട്ടത്തിനനുസരിച്ച് മാറ്റാനുള്ളതല്ല. "....നിനക്ക് അലപ്മേ ശക്തിയുള്ളുവെങ്കിലും നീ **എന്റെ വചനം കാത്തു;** എന്റെ നാമം നിഷേധിച്ചിട്ടില്ല' (വെളിപ്പാട് 3:8). "അവന്റെ വചനങ്ങളോട് നീ ഒന്നും കൂട്ടരുത്; അവൻ നിന്നെ വിസ്തരിച്ചിട്ട് നീ കള്ളനാകുവാൻ ഇടവരരുത്" (സദൃശ്യ. 30:6).

സ്ത്രീകൾ ബലഹീനപാത്രമാണെന്നും, പുരുഷൻ സ്ത്രീയുടെ തലയാണെന്നും, **ദൂതന്മാർ നിമിത്തം** സ്ത്രീകൾക്ക് പ്രാർത്ഥിക്കുമ്പോഴും പ്രവചിക്കുമ്പോഴും തലയിൽ വിധേയത്വത്തിന്റെ അടയാളമായ മൂടുപടം ഉണ്ടായിരിക്കണമെന്നുള്ള 2000 വർഷം മുമ്പത്തെ അപ്പൊസ്തലീക ഉപദേശം (1 കൊരി. 11:3-12) ഇന്നും വചനത്തെ ബഹുമാനിക്കുന്ന കൂട്ടായ്മകളിൽ കർത്താവിന്റെയും ദൂതന്മാരുടെയും സാന്നിധ്യം പ്രതീക്ഷിക്കുന്ന വിശ്വാസസമൂഹങ്ങളെല്ലാം അനുഷ്ഠിക്കുന്നു. എന്നാൽ മേൽപറഞ്ഞ ഉപദേശം കാലഹരണപ്പെട്ടതാണെന്ന് സ്ഥാപിച്ച് യേശുവിനെ ആരാധിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ക്രിസ്തീയ സമൂഹങ്ങളുണ്ട്. എന്നാൽ, **".......കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു" (1 പത്രോസ് 1:25).**

**കർത്താവിന്റെ തീ,** തന്നിൽ വിശ്വസിച്ചവരെ പരിശോധിക്കുന്ന നാളിൽ പുഷ്പരാജിന്റെ വ്യാഖ്യാനം കത്തിപ്പോകുമോ ഇല്ലയോ എന്ന് അന്നറിയാം (1കൊരി. 3:14,15).

ഇതിനുള്ള മറുപടി ഡോ. പുഷ്പരാജിന് ബിലീവേഴ്സ് ജേണൽ പത്രത്തിലേക്ക് അയയ്ക്കാവുന്നതാണ്. അവർ അതും പ്രസിദ്ധീകരിക്കുന്നതാണ്.

**അടിക്കുറിപ്പ്:** യേശുവിനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിലില്ല (1യോഹ. 2:4). പലരും നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മുടെ ഉപദേശങ്ങളോടും കല്പനകളോടും അവർ നിലകൊള്ളുമായിരുന്നു (1യോഹ.2:19, ആശയപരമായ സ്വതന്ത്ര പരിഭാഷ).

## 01 മധ്യപൂർവ്വ ദേശത്തിലെ വംശ.....

മൊസൂളിൽ നിന്നും ഖ്വാറാഘോഷിൽ നിന്നും സിൻജർ മൊട്ടക്കുന്നുകളിലേക്ക് പാലായനം ചെയ്ത യസിദി സമൂഹത്തിലെ 300ലധികം കുഞ്ഞുങ്ങളാണ് പട്ടിണികൊണ്ടും ദാഹം കൊണ്ടും അവിടെ മരിച്ച് വീണത്. പിഞ്ചുകുഞ്ഞുങ്ങളുടെ ദാഹം തീർക്കാൻ മാതാപിതാക്കന്മാർ തങ്ങളുടെ കൈ മുറിച്ചു രക്തം കൊടുത്ത് കുഞ്ഞുങ്ങളുടെ ജീവൻ നിലനിർത്താൻ ശ്രമിക്കുന്നു എന്ന് മനുഷ്യാവകാശ പ്രവർത്തകർ അവകാശപ്പെടുന്നു. യസിദി എന്ന ചെറുജനവിഭാഗം പാർസി, ക്രൈസ്തവ, ഇസ്ലാംമതങ്ങളുടെ മിശ്രിത വിശ്വാസം ആണ് പിൻതുടരുന്നത്. വീണുപോയ ദൂതനെ ആരാധിക്കുന്നതുകൊണ്ട് സാത്താനെ ആരാധിക്കുന്നവരാണ് എന്നാണ് ഇവരെപ്പറ്റിയുള്ള അധിക്ഷേപം. അതുകൊണ്ട് തന്നെയാണ് ISIS ഇവരെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നത്.

ഇറാക്കിൽ കഴിഞ്ഞ പത്ത് വർഷംകൊണ്ട് 15 ലക്ഷത്തോളം വരുന്ന ക്രൈസ്തവർ വെറും മൂന്നര ലക്ഷമായി ചുരുങ്ങി. മൊസൂളിലേയും മറ്റ് നഗരങ്ങളിലേയും ക്രൈസ്തവ ആരാധനാലയങ്ങളും പുണ്യസ്ഥലങ്ങളും തീവ്രവാദികൾ തകർക്കുന്നു. യുദ്ധം കഴിയുന്നതോടെ ഈ മൂന്നരലക്ഷം പേരിൽ നിന്ന് വീണ്ടും എത്ര കുറവുണ്ടാകും എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. മിതവാദികളായ മുസ്ലീം സംഘടന പ്രവർത്തകർ ക്രൈസ്തവരെ സംരക്ഷിക്കാനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അത് എത്രത്തോളം ഫലപ്രദമാണെന്ന് പറയാറായിട്ടില്ല എന്ന് സാമൂഹ്യപ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നു.

സാമൂഹ്യ വൈവിധ്യത്തിനും പേരുകേട്ട ഇറാക്ക് ഒറ്റസമൂഹം, ഒറ്റമതം എന്ന ISIS ലക്ഷ്യത്തിലേക്ക് നീങ്ങുന്നു. ഈ യാത്രയിൽ ചവിട്ടയരക്കപ്പെടുന്നത് നിസ്സഹായകരായ ക്രൈസ്തവരും മറ്റ് ന്യൂനപക്ഷ സമൂഹങ്ങളും ആണ്.

ക്രൈസ്തവരും മുസ്ലീങ്ങളും ഒരുപോലെ ബഹുമാനിക്കുന്ന യോന പ്രവാചകന്റെ ശവകുടീരം നിലനിൽക്കുന്ന മോസ്ക് ഈ തീവ്രവാദികൾ തകർത്തു. മുസ്ലീങ്ങളും ക്രൈസ്തവരും ഒരുമിച്ച് പ്രാർത്ഥിക്കുന്ന പള്ളികളും മോസ്കുകളും ആണ് ISIS ആദ്യം തകർത്തത്.

വിവിധ സംസ്കാരങ്ങളുടെ, വിശ്വാസങ്ങളുടെ, വർഗ്ഗങ്ങളുടെ ദേശമായ ഇറാക്ക് മധ്യപൂർവ്വദേശത്തിലെ കടുത്ത രാജ-മത വാഴ്ച നടക്കുന്ന രാജ്യങ്ങളെപ്പോലെയാവാൻ ഇനി അധികകാലം വേണ്ട.

## 21 ദിവസത്തെ ഉപവാസ പ്രാർത്ഥന ആരംഭിച്ചു

**കുമ്പനാട്:** പി. വൈ. പി. എ.യുടെയും ജനറൽ പി. വൈ. പി. എ. അഡ്ഹോക്ക് കമ്മറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 21 ദിവസത്തെ ഉപവാസപ്രാർത്ഥന പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം ചെയ്തു. സെപ്റ്റംബർ 6 ശനിവരെ കുമ്പനാട് ഹെബ്രോൻപുരത്ത് വെച്ച് 21 ദിവസത്തെ ഉപവാസ പ്രാർത്ഥന ആരംഭിച്ചു. പാസ്റ്റർ ഷിബു നെടുവേലിൽ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ പി. സി. ഏബ്രഹാം (സിയാറ്റിൻ യു. എസ്. എ.), രാജു പൂവക്കാല എന്നിവർ വചനം ശുശ്രൂഷിച്ചു. യുവജനങ്ങളെ ക്രിസ്തുവിനായി ഉണർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പ്രസ്തുത യോഗത്തിൽ കർത്തൃദാസന്മാർ ശുശ്രൂഷിക്കും. സെമിനാറുകൾ, കാത്തിരിപ്പ് യോഗങ്ങൾ, ചർച്ചാസമ്മേളനങ്ങൾ എന്നിവയ്ക്കായി പ്രത്യേക സെക്ഷനുകൾ ഉണ്ടായിരിക്കും. ശനിയാഴ്ചകളിൽ പകൽ 10-1 വരെ യുവജനങ്ങൾക്കും സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കുമായി പ്രത്യേകം ക്രമീകരിക്കും.

## 01 താരുവിന്റെ സുവിശേഷം.....

തിന്റെ മുഖ്യ പ്രചാരകനായി. കർത്തൃമേശയെന്ന സഭയുടെ വിശുദ്ധ അനുഷ്ഠാനത്തെ വികലമായി അവതരിപ്പിച്ചു. വിശ്വാസത്തിന്റെ ഏറ്റു പറച്ചിലും പ്രതിഷ്ഠയുടെ പ്രതീകവുമായ മുഴുകൽ സ്നാനത്തെ ഇകഴ്ത്തി പഠിപ്പിച്ചു. കേൾവിക്കാർക്ക് അക്കാദമിക് സ്വാതന്ത്ര്യം നൽകാതെ ഏകപക്ഷീയമായി ദുരുപദേശങ്ങൾ അടിച്ചേൽപ്പിച്ചു. ഇതിനെതിരെ ബിലീവേഴ്സ് ജേണൽ അടക്കമുള്ള മാധ്യമങ്ങൾ ശക്തമായ കാമ്പയ്നുകൾ സംഘടിപ്പിച്ചു. തൽഫലമായി ന്യൂജനറേഷൻ ഗ്രൂപ്പുകൾ തമ്മിലടിച്ച് പിരിഞ്ഞു. എന്നാൽ ചില മാധ്യമങ്ങൾ അനീതിയുടെ കൂലി മോഹിച്ച് കൾട്ടുകൾക്കുവേണ്ടി സപ്ലിമെന്റ് രാഷ്ട്രീയം കളിച്ചു. സഭാനേതൃത്വം നിഷ്ക്രിയരായി. വേദപണ്ഡിതന്മാർ മൗനവ്രതത്തിലായി. കൺവൻഷൻ പ്രഭാഷകർ വ്രതം തെറ്റിയവരുമായി വേദി പങ്കിട്ട് അവിശുദ്ധസഖ്യം ഉണ്ടാക്കി. എന്നാൽ പത്രങ്ങൾ കണ്ണുചിമ്മാതെ കാവൽക്കാരന്റെ റോൾ ഏറ്റെടുത്തു. പെന്തെക്കോസ്ത് ആശയമണ്ഡലത്തിൽ ശക്തമായ സംവാദം അഴിച്ചുവിട്ടു. ന്യൂജനറേഷൻ വക്താക്കൾ പ്രതിരോധത്തിലായി. ഉത്തരം നൽകാതെ കൊഞ്ഞനം കുത്തി.

ക്ലാസ്സിക്കൽ പെന്തെക്കോസ്തിന്റെ നിലപാട് വ്യക്തമാക്കാനും പെന്തെക്കോസ്തിന്റെ തനിമ ഉയർത്തിപ്പിടിക്കാനും നമുക്കു ബാധ്യത ഉണ്ട്. അതിനായി പ്രബുദ്ധരായ പെന്തെക്കോസ്ത് സമൂഹം ഒന്നിക്കണം.

## 06 ഒബാമയുടെ നാട്ടിലൂടെ....

മായ അനുഭവങ്ങളായി. പാസ്റ്റർ സി. സി. തോമസിന്റെ കുടുംബത്തോടൊപ്പം ഞാനും പാസ്റ്റർ കെ. സി. സണ്ണിക്കുട്ടിയും പങ്കിട്ട സമയങ്ങൾ ഒത്തിരി ഹൃദ്യമായി. തന്റെ സഹധർമ്മിണി സുനുവും മക്കളായ ഗ്രാന്റും നഥനയേലും എല്ലാം ഒരുമിച്ച് ലഭിച്ച കൂട്ടായ്മ മറക്കാനാവാത്ത അനുഭവമായി. വേൾഡ് മിഷൻ ഓഫീസിലേക്കുള്ള യാത്രയും എന്റെ ജീവിതത്തിൽ എന്റെ ധാരണകളെ മാറ്റുന്നതിനായി ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സനുമായി നടത്തിയ കൂടിക്കാഴ്ചയും വേറിട്ട അനുഭവമായി. ആ കഥയും മറ്റു കാഴ്ചകളുടെ വിശേഷങ്ങളും അടുത്ത ലക്കത്തിൽ എഴുതാം. **(തുടരും...)**

ലേഖനം

# പിന്മാറ്റത്തിന്റെ വേദശാസ്ത്രം – 1



റെജി പോൾ
ഷാർജ

സഭയിൽ സഭായോഗവും കൺവൻഷനുകളും കൊഴുപ്പോടെ അരങ്ങേറുമ്പോൾ ദൂരെ ഒരു ദ്വീപിൽ പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ശബ്ദമുള്ളവൻ തന്റെ അഭിഷിക്തന് ഡിക്റ്റേഷൻ പറഞ്ഞു കൊടുക്കുന്നു. **"സർദ്ദീസിലെ സഭയുടെ ദൂതനു എഴുതുക ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കുപേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ആകയാൽ നീ പ്രാപിക്കുകയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തും അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും;** ഏതു നാഴികെക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല" വെളിപ്പാട് 3: 1-3. സർദ്ദീസിനെക്കാൾ ഒട്ടും മോശമല്ലാത്ത ലവൊദിക്യ സഭയിൽ "നമ്മുടെ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വരുന്നോ അവരുടെ ഇടയിൽ ഞാനുണ്ടെന്ന് പറഞ്ഞ കർത്താവ് നമ്മുടെ ഇടയിൽ ഉലാത്തുന്നു" എന്ന പ്രഘോഷണത്തോടെ തിരുവത്താഴ ശുശ്രൂഷ നടത്തുമ്പോൾ. അവർക്കുമുണ്ട് ദൂത്: **"ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു....ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു: ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളിപ്പാട് 3:14-20)".** അകത്തുണ്ടെന്നു ശുശ്രൂഷകൻ അവകാശപ്പെട്ട കർത്താവ് പുറത്തെന്നു സാരം. കൊട്ടും പാട്ടും കള്ളപ്രവചനവും ഘോര പ്രസംഗവും അല്ലാതെ, ജനത്തെ നിത്യതയ്ക്കു വേണ്ടി ഒരുക്കാൻ ചെറു വിരൽ പോലും അനക്കാത്ത സഭകളിൽ ജീവപുസ്തകത്തിൽ നിന്ന് പേര് മറയ്ക്കപ്പെട്ട കുറെയധികം അഭിഷിക്തന്മാർ ഇരിക്കുന്നു. ഇരിക്കപ്പിണ്ഡം പോലെ; തങ്ങൾ ആത്മീയമായി പട്ടുപോയതറിയാതെ!! പിന്മാറ്റം എന്ന അർബുദം ആകെ മൊത്തം പടർന്നതും മരണകാരണമായതും സ്വയം തിരിച്ചറിയാനാണ് മേൽപ്പറഞ്ഞ വാക്യങ്ങൾ യോഹന്നാനിലൂടെ നമ്മിലെത്തിച്ചത്. ഈ വിഷയത്തിൽ ഇനിയൊരു ദൂതില്ല. ലഭിച്ച ദൂതിൽ നിന്ന് പ്രബോധനമേ വേണ്ടതുള്ളൂ. സുഖചികിത്സ നടത്താൻ വരുന്ന പ്രവാചകനും ഇത് പറയില്ല. തന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിയവനോടും രോഗസൗഖ്യം കൊടുത്തവനോടും, "അധർമ്മം പ്രവർത്തിക്കുന്നവനെ. ഞാൻ നിന്നെ ഒരു നാളും അറിഞ്ഞിട്ടില്ല" എന്നാണ് പറഞ്ഞതെങ്കിൽ, നാളുകളായി അധർമ്മം മാത്രം പറയുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സാദാവിശ്വാസിയുടെ ഗതിയെന്താകും? പിന്മാറ്റം എന്ന വാക്കിന് നമ്മുടെ നിർവചനവും വേറെയാണല്ലോ. നമ്മെ സംബന്ധിച്ച്, "പിന്മാറ്റക്കാരനെന്നാൽ സഭായോഗത്തിന് കൃത്യമായി എത്താത്തവൻ...അല്ലെങ്കിൽ നമ്മുടെ കൂട്ടായ്മ വിട്ട് വേറെ സഭയിൽ പോയവൻ". അപ്പോൾ പിന്നെ അവിടന്ന് ഇങ്ങോട്ട് വന്നവനോ? "യഥാർത്ഥ ആത്മീയ സന്തോഷം അവിടെ കിട്ടാത്തത് കൊണ്ട്, നമ്മുടെ പെർഫോർമൻസ് കണ്ടിഷ്ടപ്പെട്ട് നമ്മുടെ സഭയിലേക്ക് കടന്നു വന്ന ദൈവപൈതൽ".

ഇനി വ്യക്തിപരമായ ആത്മീയ പിന്മാറ്റത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കാം:

**1. പിന്മാറ്റത്തിന്റെ കാരണങ്ങൾ:**

**A. തെറ്റായ കൂട്ടുകെട്ട്:**

**a. സങ്കീർത്തനം 1:1,2 "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ, രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ".**

**b. 1 കൊരി. 15:33 "വഞ്ചിക്കപ്പെടരുതു ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു"**

**c. 1 രാജാ. 11:4 "എങ്ങനെയെന്നാൽ: ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്കു വശീകരിച്ചു; അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയംപോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല".**

**d. സദൃശ്യ. 13:20 "ജ്ഞാനികളോടുകൂടെ നടക്ക; നീയും ജ്ഞാനിയാകും; ഭോഷന്മാരക്കും കൂട്ടാളിയായവനോ വ്യസനിക്കേണ്ടിവരും". ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോന്റെ സത്യവിശ്വാസവും വിവേകവും കീഴ്മേൽ മറിക്കുവാൻ തെറ്റായ ബന്ധങ്ങൾക്ക് കഴിഞ്ഞെങ്കിൽ ആരോട് കൂട്ട് കൂടിയാലും എന്നെ സ്വാധീനിക്കുവാൻ ഒരു വ്യക്തിക്കും ശക്തിക്കും കഴിയില്ലെന്ന മിഥ്യാധാരണ ഇപ്പഴേ മാറ്റുന്നതാണു നല്ലത്. സത്യ വിശ്വാസികളുടെ മക്കൾപോലും അവിശുദ്ധ സഖ്യങ്ങളിലേക്കും ബന്ധനങ്ങളിലേക്കും ആകർഷിക്കപ്പെടുന്നതിൽ അവരുടെ സൗഹൃദങ്ങളെ ബാല്യം മുതൽ വിവേചിക്കാത്ത മാതാപിതാക്കൾക്ക് വലിയ പങ്കുണ്ട്.**

**B. തെറ്റിക്കുന്ന സാഹചര്യങ്ങൾ:**

**സങ്കീർത്തനം 101:3 "ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനു മുമ്പിൽ വെക്കുകയില്ല; ക്രമംകെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പറ്റുകയില്ല".**

**മത്തായി 5:28 "ഞാനോ നിങ്ങളോടു പറയുന്നതു; സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി".**

**സദൃശ്യ. 23:31,32 "വീഞ്ഞു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുതു. ഒടുക്കം അതു സർപ്പം പോലെ കടിക്കും; അണലിപോലെ കൊത്തും".** ടൂറിസ്റ്റ് കേന്ദ്രമായ ആതിരപ്പള്ളിയിൽ സർക്കാർ വക ഒരു ബോർഡ് ഉണ്ട്. "അപകടം ഇതിനപ്പുറത്തേക്കു കടക്കരുത്" എന്നെഴുതിയ ബോർഡ് ഉണ്ടായിട്ടും അനേകർ മരിച്ചു. കാരണം, അപകട സ്ഥലമെന്നത് ചെറിയ പരന്ന കല്ലുകളാണ്. പക്ഷെ അതിനെയും മുന്നറിയിപ്പിനെയും നിസ്സാരമായി കാണുന്നവർ ചെറിയ കല്ലുകളിൽ ചവിട്ടി മുമ്പോട്ടു പോകുമ്പോൾ കാലു ചെറുതായി പായലിൽ തെന്നുകയും, പിന്നെ രക്ഷപ്പെടാൻ ഓരോ ചെറുകല്ലിലും ചവിട്ടി തെന്നിയിട്ട് അവസാനം നിയന്ത്രണം വിട്ടു വെള്ളച്ചാട്ടത്തിലൂടെ താഴേയ്ക്ക് പതിക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ഇത് തന്നെയാണ് പിശാചിന്റെ പരിപാടിയും നോക്കിയാലും കണ്ടാലും തെറ്റില്ല എന്ന് ഹൃദയം പറഞ്ഞാലും ചില കാഴ്ചകൾ ദൈവത്തിൽ നിന്ന് നിശ്ചയമായും നമ്മെ അകറ്റും. അശ്ലീല സിനിമ കണ്ടാലും, മദ്യ ശാലയിൽ പോയാലും നിനക്കൊരു കുഴപ്പവുമില്ല, കാരണം നീ വളരെ സ്ട്രോങ്ങ് ആണെന്ന് പിശാചു തന്നെ നമ്മെ ബലപ്പെടുത്തും. പക്ഷെ അത് ആളെയും കൊണ്ടേ പോകൂ. വേണ്ടാത്തതിനു ചെവി കൊടുത്താലും ഇതേ ഫലം തന്നെ. എപ്പോഴും പരദൂഷണം പറയുന്നവരോടും ദോഷൈദൃക്കുകളോടുമുള്ള സഹവാസവും നിരന്തര സമ്പർക്കവും വളരെ അപകടം ചെയ്യും. ഞാനിതിലൊന്നും വീഴുന്നയാളല്ല. ഈ ചെവിയിലൂടെ കേട്ടാലും ആ ചെവിയിലൂടെ പോകും എന്നൊക്കെ വീര്യം പറയുന്ന പലരും ഈ വക ദൗർബല്യങ്ങളുടെ അടിമകളാണ്. ലോകത്തിന്റെ സംഗീതവും മറ്റ് ദൃശ്യശ്രവ്യ മാധ്യമങ്ങളും അങ്ങനെ തന്നെ. പ്രാർത്ഥനയും വചനധ്യാനവും ഉപവാസവുമൊക്കെ ആയി ജീവിച്ച പതിനായിരങ്ങൾ ഇന്ന് സീരിയൽ അഡിക്റ്റ് ആയതിൽ നിന്ന് തന്നെ ഇതിന്റെ ഗൗരവം മനസ്സിലാക്കാമല്ലോ. സഭക്കകത്തു നിന്ന് തന്നെയുണ്ടാകുന്ന ശ്രവ്യദോഷവും ഒട്ടും പുറകിലല്ല. കള്ള പ്രവാചകന്റെ ദൂത് കേട്ട് വിശ്വസിച്ചിട്ടും അതൊന്നും ജീവിതത്തിൽ നിറവേറാതെ വരുമ്പോൾ ഉണ്ടാകുന്ന നിരാശയിൽ നിന്ന് അവിശ്വാസത്തിലേക്കും പിന്മാറ്റത്തിലേക്കും കൂപ്പു കുത്തിയവർ ആയിരക്കണക്കിനുണ്ടെങ്കിൽ അന്യഭാഷ പറയാത്തവർ എന്തൊക്കെയോ കുറവുള്ളവരാണെന്നും അവർ സ്വർഗ്ഗത്തിൽ പോകയില്ലെന്നുമുള്ള പൈശാചിക ഉപദേശം കേട്ട് പിന്മാറുന്നവർ അതിലധികം.

**C. ലൗകിക വിഷയ താൽപര്യങ്ങൾ:**

1 യോഹന്നാൻ 2:13-16: **"ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവിതത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു".** ഇന്നത്തെ ആത്മീയ ലോകത്തിൽ അനേകർക്ക് അവകാശപ്പെടാൻ കഴിയാത്ത മൂന്ന് വലിയ ഗുണങ്ങൾ ഉണ്ടെന്ന് ശ്രേഷ്ഠ അപ്പോസ്തലൻ തന്നെ അംഗീകരിച്ചു കൊടുത്തവർ പോലും ഇതിലൊക്കെ വീഴാമെങ്കിൽ നമ്മുടെ കാര്യം പറയണോ?

**അടുത്ത ലക്കത്തിൽ:** പിന്മാറ്റം പടരുന്ന രീതികളും പരിണിത ഫലങ്ങളും:

## കല്ലുകടി

### 'സഹോദരിമാർ' മലക്കം മറിയുന്നു

കൃപയുടെ സുവിശേഷം എന്ന പേരിൽ ചിലർ വേദവിപരീതമായ ഉപദേശവുമായി രംഗത്ത് എത്തിയിരുന്നു. അതിൽ പ്രധാനിയായിരുന്ന ശ്രീ സജിത്ത് കണ്ണൂർ ഉപദേശത്തിന്റെ അതിർ ലംഘിച്ചപ്പോൾ നേതാക്കന്മാർ വെറും കാഴ്ചക്കാരായി നിന്നു. സാധാരണക്കാരായ ചില സഹോദരന്മാരും സുവിശേഷകരും മാധ്യമങ്ങളും ഒന്നിച്ച് നിന്ന് പോരാടിയപ്പോൾ "കൃപയുടെ സുവിശേഷ"ത്തിന്റെ മറവിൽ ദുരുപദേശം പ്രചരിപ്പിച്ചവർ കെട്ടുകെട്ടി. പരസ്പരം തള്ളിപ്പറഞ്ഞ് കൃപയുടെ ആളുകളിൽ ചിലർ കൈകഴുകി സ്വയം വിശുദ്ധരായി. സജിത്തിന്റെ തിരുവത്താഴ ഉപദേശവും സ്നാനപ്പെടാത്തവർക്കു തിരുവത്താഴം നൽകുന്നതും കൂടുതൽ എതിർവാദങ്ങൾക്കു കാരണമായി. എല്ലാം കെട്ടടങ്ങിയപ്പോൾ വീണ്ടും ഒരു സംവാദം അരങ്ങേറി. സാജു മാത്യുവും പി. റ്റി. തോമസും സജിത്തും വാദിച്ചു. ഒടുവിൽ ആര് ജയിച്ചു എന്നതാണ് തർക്കം. ഒടുവിൽ സഹോദരിമാരുടെ മാസിക വിധി പറഞ്ഞിരിക്കുന്നു സജിത്ത് ജയിച്ചു. ഐ. പി. സി. കൗൺസിലംഗവും വാമഭാഗവുംകൂടി നടത്തുന്ന മാസികയിൽ ഒരു ഐ. പി. സി. പാസ്റ്റർ സംവാദത്തിന്റെ വിധി പറഞ്ഞിരിക്കുന്നു. അപ്പോൾ വായനക്കാർ സംശയിച്ചു പോയാൽ തെറ്റുണ്ടോ ആവോ. സജിത്ത് കണ്ണൂർ ജയിച്ചെങ്കിൽ ഇനി ജയിച്ചവന്റെ ഉപദേശത്തെ പിടിച്ചു മുമ്പോട്ടു പോയാലോ. ആ വിധി അങ്ങനെ തോന്നിപ്പിക്കുമ്പോൾ ഇനിയും വരാനിരിക്കുന്ന വിധികൾ എത്രയോ മഹത്തരങ്ങൾ ആകും. തങ്കു, താരു തുടങ്ങി പലരും പെന്തെക്കോസ്തിലെ വിധികർത്താക്കളുടെ വിധി കാത്തു പുറത്തു നിൽക്കുന്നു. വിധി വന്നിട്ടു വേണം ഐ. പി. സി.യും മറ്റും അടച്ചുപൂട്ടി ഇവരുടെ പുറകെ കൂടാൻ. കാത്തിരിക്കാം.




## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

41

LESSON 42
ESERCIZIO

| a | Traduzione (Transilate into Italian) | b | COMPLETARE |
|---|---|---|---|
| 1 | മിസ്റ്റർ ജെയിംസിന്റെ വീട്ടുനമ്പർ വഴി അലേസി 480 | 1 | Sono.................. |
| 2 | നിങ്ങൾക്കെന്താണാവശ്യം.? | 2 | Ho due ........... e ................sorella |
| 3 | എനിക്ക് ഒരു പേന ഉണ്ട്. | 3 | Dio ti ................. |
| 4 | അവൻ ഒരു മാന്യനാണ്. | 4 | Come si .................Lei? |
| 5 | ഞാൻ റോമിൽ താമസിക്കുന്നു. | 5 | ..............Lavoro |
| 6 | ദൈവത്തിൽ വിശ്വാസമർപ്പിച്ച് നന്മ ചെയ്യുക. | 6 | .............stai Lei? |
| 7 | കർത്താവിൽ ആശ്രയിക്കുക. | 7 | Dove .............? |
| 8 | ഭാവി ജീവിതാശംസകൾ | 8 | 24................. |
| 9 | എന്റെ പ്രിയ സുഹൃത്ത്, ജോഫി | 9 | ................ Nostro |
| 10 | ക്രിസ്തുമസ് പുതുവത്സരാശംസകൾ | 10 | Pace ........-..........te |
| | | 11 | Cia.....-ao |
| | | 12 | 11 Dio ti Ricompressi................. |

For Contact Class 9495380729, Director, Bello Star, Thodupuzha

## ഡോ.കോര സംസാരിക്കുന്നു



1. പുറത്ത് രക്തം ഉണ്ടെങ്കിൽ അകത്തു പീഢനം നടന്നാലും കുഴപ്പമില്ലെന്ന താരുവിന്റെ സുവിശേഷം കോര അറിഞ്ഞോ? **– ബിനു ഡാളസ്**

*ഇത്തരം വിവരക്കേടു പറയാൻ കഴിയുന്നതാണല്ലോ ന്യൂ ജനറേഷൻ ആത്മീയതയുടെ പ്രധാന യോഗ്യത.*

2. ഒന്നര വർഷങ്ങൾക്കപ്പുറം നടക്കേണ്ട ഐ.പി.സി. ഇലക്ഷനെക്കുറിച്ചും പാനലിനെക്കുറിച്ചും ഒരു പത്രത്തിൽ കണ്ടല്ലോ കോര **– സുബിൻ, കുമ്പനാട്**

*കൊയ്ത്തു കാലത്തിലേക്കൊരു എത്തിനോട്ടം.*

3. പാസ്റ്റർമാർ പല്ലു തേക്കണം, കുളിക്കണം, മുടി ചീകണം എന്നൊക്കെ ഒരു നേതാവ് ശുശ്രൂഷകസമ്മേളനത്തിൽ ഉപദേശിച്ചത് കോര കേട്ടോ? **– ഏബ്രഹാം മാത്യു, പത്തനംതിട്ട**

*ഇത്രയും നാൾ ഇതൊന്നും പതിവില്ലായിരുന്നു.*

# കൃപയുടെ സുവിശേഷത്തിലെ അപകടങ്ങൾ

## വീഡിയോ പ്രകാശനം ചെയ്തു



പാസ്റ്റർ ബഞ്ചമിൻ വർഗീസ് സി.ഡി പാസ്റ്റർ വർഗീസ് മത്തായിക്ക് നൽകി പ്രകാശനം ചെയ്യുന്നു.

**കൊട്ടാരക്കര:** കൃപയുടെ സുവിശേഷം എന്ന പേരിൽ കേരളത്തിൽ പടർന്നുകൊണ്ടിരിക്കുന്ന ദുരുപദേശത്തിനെതിരെ പാസ്റ്റർ ഫിലിപ്പ് പി. തോമസ് ചെയ്ത ഖണ്ഡനപ്രസംഗം ഡി.വി.ഡി യായി പ്രകാശനം ചെയ്തു. ആഗസ്റ്റ് 17 ന് കൊട്ടാരക്കര ബേർശേബാ ഹാളിൽ ചേർന്ന പ്രത്യേക യോഗത്തിൽ വച്ച് പാസ്റ്റർ ബഞ്ചമിൻ വർഗീസ് സി.ഡി പാസ്റ്റർ വർഗീസ് മത്തായിക്ക് നൽകി പ്രകാശനം ചെയ്തു. പാസ്റ്റർ ജോൺ റിച്ചാർഡ് സി.ഡി പ്രതിഷ്ഠിച്ച് പ്രാർത്ഥിച്ചു. ഉപദേശത്തിന് പൗലോസിന്റെ ലേഖനങ്ങൾ മാത്രമോ?, രക്ഷിക്കപ്പെട്ടവർക്ക് ഉത്തരവാദിത്വം ഇല്ലയോ?, വീഴുന്നത് കൃപയിൽ നിന്നോ കൃപയിലേക്കോ?, വിശ്വാസികൾ പാപം ഏറ്റുപറയണമോ?, ദൈവം തന്റെ മക്കളെ ശിക്ഷിക്കുമോ?, ഒരിക്കൽ രക്ഷിക്കപ്പെട്ടവർക്ക് രക്ഷ നഷ്ടപ്പെടുമോ?, എന്നീ ചോദ്യങ്ങൾക്ക് സി.ഡിയിൽ മറുപടി നൽകുന്നു.

# പാമ്പുകടിയേറ്റ് പെന്തെക്കോസ്ത് ബാലൻ മരിച്ചു



ജോയൽ

**എടത്വാ:** പാമ്പുകടിയേറ്റ് ചികിത്സയിലായിരുന്ന എടത്വാ ചങ്ങംങ്കരി ചൂരപ്പറമ്പിൽ ജോമോൻ ജോസഫിന്റെ മകൻ ജോയൽ (5) മരിച്ചു. സംസ്കാരം കോഴിമുക്ക് പാണ്ടങ്കരി ബഥേൽ ഐ. പി. സി. സെമിത്തേരിയിൽ നടത്തി.

ഒരാഴ്ച മുമ്പാണ് പാമ്പിന്റെ കടിയേറ്റത്. അയൽ വീട്ടിൽ നിന്ന് സ്വന്തം വീട്ടിലേക്ക് പോകുമ്പോൾ വെള്ളക്കെട്ടിൽ കിടന്ന മൂർഖൻ പാമ്പ് കുട്ടിയെ കടിക്കുകയായിരുന്നു. ഓടുന്നതിനിടയിൽ അരണ കടിച്ചുവെന്നാണ് കുട്ടി അമ്മ ഷീനയോട് പറഞ്ഞത്. ഇതേത്തുടർന്ന് ചികിത്സകിട്ടാൻ ഒന്നരമണിക്കൂറോളം വൈകി. തളർന്ന് വീണ കുട്ടിയെ ആദ്യം ആലപ്പുഴ മെഡിക്കൽ കോളജിലും പിന്നീട് എറണാകുളത്തെ അമൃതാ ആശുപത്രിയിലും എത്തിച്ചെങ്കിലും പിന്നീട് മരിക്കുകയായിരുന്നു.

പാസ്റ്റർ പി. വി. ഐസക് മുഖ്യ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ ജോസഫ് വർഗീസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ബ്ലോക്ക് മെമ്പർ പോളി എം. തോമസ്, ശ്രീ. കൊടുക്കുന്നിൽ സുരേഷ് എം. പി. എന്നിവർ അനുശോചിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി ജെയ്സ് പാണ്ടനാട് ഭവനത്തിൽ എത്തി അനുശോചനം അറിയിച്ചു.

# തെരഞ്ഞെടുത്തു

**അട്ടപ്പാടി:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭ അട്ടപ്പാടി സെന്റർ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ ടി.എസ്.എബ്രഹാം (രക്ഷാധികാരി), പാസ്റ്റർ എം.ജെ. മത്തായി (പ്രസിഡന്റ്), ഇവാ: പി.ജെ.ടോമി (വൈ.പ്രസിഡന്റ്), ഇവാ: സണ്ണി വർഗീസ് (സെക്രട്ടറി), ബ്രദർ ബാബു പി.ടി (ജോ.സെക്രട്ടറി), ബ്രദർ ജോയി ടി.ജെ (ട്രഷറർ), ഇവാ: സനോജ്.റ്റി.പി (പബ്ലിസിറ്റി കൺവീനർ), കമ്മറ്റി അംഗങ്ങൾ: ഇവാ:ജോൺസൺ പള്ളികുന്നേൽ, ഇവാ: ബിജു ആന്റണി, പാസ്റ്റർ ടി.പി.സൈമൺ, ബ്രദർ എം.ജെ. പാപ്പച്ചൻ, ബ്രദർ വിപിൻ വർഗ്ഗീസ്, ബ്രദർ സേവ്യർ, ബ്രദർ പി. രാജൻ, ബ്രദർ വി.എസ്. ചാക്കോ (ഇന്റേണൽ ഓഡിറ്റർ).

## ഒബാമയുടെ നാട്ടിലൂടെ

# ടെന്നസിയിലൂടെ ഒരു യാത്ര

**പാസ്റ്റർ സാംകുട്ടി മാത്യു**

എവിടെയും ചർച്ചുകൾ!... ടെന്നസി സ്റ്റേറ്റിലൂടെ യാത്ര ചെയ്യുമ്പോൾ അറിയാതെ നമ്മുടെ ശ്രദ്ധയിലേക്കു ഓടിയെത്തുന്ന കാഴ്ചയാണിത്. ടെന്നസി സ്റ്റേറ്റ് എന്നു കേൾക്കുമ്പോൾ ആദ്യം മനസ്സിൽ ഓടിയെത്തുന്ന പേരാണ് ക്ലീവ്‌ലാന്റ്. ചർച്ച് ഓഫ് ഗോഡിന്റെ അന്താരാഷ്ട്ര ആസ്ഥാനമായ വേൾഡ് മിഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്. ടെന്നസിയിലേക്കു പോകാനുള്ള അവസരം ലഭിച്ചപ്പോൾ എന്റെ മനസിൽ ആദ്യം എത്തിയ ചിന്തയും അവിടം സന്ദർശിക്കണം എന്നുതന്നെയായിരുന്നു.

അറ്റ്ലാന്റായിലെ വിശേഷങ്ങൾ തീർന്നിട്ടില്ല. പി. സി. എൻ. എ. കെ. കോൺഫറൻസിനായി ഡിട്രോയ്റ്റിലേക്കും ഐ. പി. സി. ഫാമിലി കോൺഫറൻസിനായി ഹൂസ്റ്റണിലേക്കും ജേണൽ ചെയർമാൻ രാജൻ ആര്യപ്പള്ളിയുമൊത്ത് നടത്തിയ യാത്രകൾ, അറ്റ്ലാന്റായിലെ സഭാസന്ദർശനങ്ങൾ ഇങ്ങനെ ഒത്തിരി ചെറിയ വലിയ വിശേഷങ്ങൾ. യാത്രകളിൽ കണ്ടുമുട്ടിയ സ്നേഹിതർ, പരിചയക്കാർ, കാഴ്ചകൾ അങ്ങനെ എത്ര എത്ര വിശേഷങ്ങൾ! അതെല്ലാം പിന്നാലെ പങ്കിടാം. കാരണം കോൺഫറൻസ് യാത്രകളും ടെന്നസിയാത്രയും എല്ലാം കഴിഞ്ഞ് ഞാൻ എത്തിച്ചേർന്നത് അറ്റ്ലാന്റായിലാണ്.

രാവിലെ 6 മണിക്കുള്ള ബസ്സിൽ അറ്റ്ലാന്റായിൽ നിന്നും ചാറ്റനൂഗയിലേക്ക് യാത്ര തിരിച്ചു. 7.45 ന് അവിടെ എത്തിച്ചേർന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് യൂത്ത് ഡയറക്ടറായിരുന്ന പാസ്റ്റർ സി. സി. തോമസ് എന്നെ സ്വീകരിക്കാനെത്തിയിരുന്നു. ചില സ്നേഹിതരും പരിചയക്കാരും ബന്ധുക്കളും ഉള്ള സ്ഥലമാണ് ചാറ്റനൂഗ. പ്രകൃതി രമണീയമായ ഇടമാണ് ചാറ്റനൂഗ. എങ്ങും പച്ചപ്പട്ടുവിരിച്ച പ്രകൃതി. മലകളും താഴ്വരകളും നിറഞ്ഞ സ്ഥലം. നമ്മുടെ നാടിനെ അനുസ്മരിപ്പിക്കുന്ന ഇവിടം ധാരാളം ടൂറിസ്റ്റുകളെയും ആകർഷിക്കുന്ന സ്ഥലംകൂടെയാണ്.



കുക്ക് സായ്പിന്റെ ശവകല്ലറയുടെ അരികിൽ

കെന്റക്കി, വെർജീനിയ, നോർത്ത് കരോലിന, ജോർജ്ജിയ, അലബാമ, മിസ്സിസിപ്പി സംസ്ഥാനങ്ങളും അപ്പലാച്ചിയൻ മലനിരകളും മിസ്സിസിപ്പി നദിയും അതിരിടുന്ന ടെന്നസ്സി സ്റ്റേറ്റിൽ കൃഷിയും വ്യവസായവും ടൂറിസവുമാണ് പ്രധാനം. നാഷ്‌വിൽ ആണ് തലസ്ഥാനം. 82 ശതമാനവും ക്രിസ്ത്യാനികൾ ആണ്. അതിൽ തന്നെ പ്രൊട്ടസ്റ്റന്റ് വിഭാഗമാണ് മുഖ്യം.

ലുക്ക് ഔട്ട് മൗണ്ടനിലുള്ള റൂബി ഫോൾസ് ഒരത്ഭുതം തന്നെയാണ് ഭൂമിക്കടിയിൽ 300 അടിയോളം താഴ്ചയിൽ ലിഫ്റ്റിലൂടെ ഇറങ്ങിചെല്ലുമ്പോൾ വലിയ ഒരു ഗുഹ. ഒരു മൈലോളം ഗുഹയിലൂടെ യാത്ര ചെയ്തെത്തുമ്പോൾ ആരെയും അതിശയിപ്പിക്കുന്ന നയന മനോഹരമായ വെള്ളച്ചാട്ടമാണ് റൂബി ഫോൾസ്. ഭൂമിക്കടിയിലെ ഈ ദൃശ്യവിസ്മയം മറക്കാനാവാത്ത അനുഭവം തന്നെയാണ്. ആയിരക്കണക്കിനാളുകളാണ് ഓരോ ദിവസവും ഇവിടം സന്ദർശിക്കുന്നത്.

ടെന്നസ്സി സന്ദർശനത്തിൽ എന്റെ ലക്ഷ്യങ്ങളിൽ പ്രധാനം മഹാനായ കുക്ക് സായ്പ് വിശ്രമിക്കുന്ന സെമിത്തേരി ഒന്നു കാണണം എന്നതായിരുന്നു. പിന്നെ ചർച്ച് ഓഫ് ഗോഡിന്റെ വേൾഡ് മിഷൻ ഓഫീസും സന്ദർശിക്കണം. പാസ്റ്റർ സി. സി. തോമസും മകൻ ഗ്രാന്റും ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ കെ. സി. സണ്ണിക്കുട്ടിയുമൊത്ത് സെമിത്തേരിയിലേക്കു പോയി. നാടിന്റെ പ്രതീതി ഉണർത്തുന്ന പ്രകൃതി ഭംഗിയും ആസ്വദിച്ച് ക്ലീവ്‌ലാന്റിലേക്ക് ഒരു യാത്ര. പ്രഭാതത്തിലെ സുഖമുള്ള കുളിരും യാത്രയ്ക്ക് കൂട്ടായെത്തി. കൊക്കോവാ സ്ട്രീറ്റിലുള്ള ഹിൽ ക്രെസ്റ്റ് മെമ്മോറിയൽ സെമിത്തേരിയിലെത്തി. അമേരിക്കയിലെ സെമിത്തേരി കണ്ടാൽ ചാകാൻ തോന്നുമെന്ന് ഒരു രസികൻ പറഞ്ഞത് ശരിയാണ്! മനോഹരമായ ഒരു പൂന്തോട്ടമെന്നു പറയാം. കല്ലറകൾക്ക് മുകളിൽ പൂക്കൾവെച്ച് അലങ്കരിച്ചിരിക്കുന്നു. കാടുകൾ എന്നല്ല പാഴ്ചെടികൾ പോലുമില്ലാതെ പച്ചപട്ടണിഞ്ഞ ഉദ്യാനം. നമ്മുടെ നാട്ടിലെ സെമിത്തേരികളുടെ അവസ്ഥ അറിയാതെ ഓർത്തുപോയി. ശവപെട്ടിയും ചുമന്നു കൊണ്ടുപോകുമ്പോൾ മുൾചെടികളിൽ ഉരഞ്ഞതും മുള്ളും പറക്കാരയും താണ്ടി സാഹസികമായി പോയി ശവമടക്കു നടത്തിയതുമെല്ലാം മനസിലൂടെ പാഞ്ഞുപോയി.

ഇവിടെ എല്ലാ കല്ലറകളിലും വലിയ ഒരു ഫലകവും അതിനു മുകളിൽ മനോഹരമായ പൂക്കളും വെച്ചിരിക്കുന്നു. എന്നാൽ ഇവിടെയും കുക്കുസായ്പും ഭാര്യയും വ്യത്യസ്തരാണെന്ന് തോന്നി. ലാളിത്യത്തിന്റെ പ്രതീകമായിരുന്ന ആ ത്യാഗി മരണത്തിലും ആ ലാളിത്യം സ്വീകരിച്ചോ എന്നു തോന്നിപ്പോയി. മറ്റ് കല്ലറകളിൽ നിന്നും വ്യത്യസ്തമായി ചെറിയ ഒരു ഫലകം മാത്രം. പൂക്കൾകൊണ്ട് ആരും അലങ്കരിച്ചിട്ടുമില്ല!!! ഇന്ത്യയെ സ്നേഹിച്ച ഇൻഡ്യക്കായി ജീവിച്ച ആ മഹാനായ മിഷണറിയുടെ ശവക്കല്ലറയും ആഡംബരമില്ലാതെ വേറിട്ട കാഴ്ചയായി. ചർച്ച് ഓഫ് ഗോഡിന്റെ ഇൻഡ്യയിലെ സ്ഥാപകൻ, മഹനായ മിഷണറി, ഇൻഡ്യക്കായി മാത്രം തുടിച്ച ഹൃദയം. ആ ജീവിതത്തിന്റെ ഓർമ്മയുടെ മുമ്പിൽ, അറിയാതെ എന്റെ ഹൃദയം ദൈവസന്നിധിയിൽ സമർപ്പിച്ചു.

ഇന്നു ത്യാഗം എവിടെ? ലാളിത്യം എവിടെ? ദർശനം എവിടെ? സത്യം വിളിച്ചു പറയുന്നവൻ സഭാവിരുദ്ധനും വിമതനുമാകുന്ന കാലം. അമേരിക്കയിലെ സുഖസൗകര്യങ്ങൾ വെടിഞ്ഞ് ഇൻഡ്യൻ മണ്ണിൽ കഷ്ടപ്പെട്ട ഈ മിഷനറി കാട്ടിതന്ന ആത്മീയമൂല്യങ്ങൾ എവിടെ? മേലാളന്മാരായി ആഡംബരജീവിതം നയിച്ച് പ്രസ്ഥാനത്തെ ഭരിച്ചു മുടിക്കുന്ന ഇന്നത്തെ നേതാക്കമാരെവിടെ? എല്ലാം മാറിയിരിക്കുന്നു. ദർശനം നഷ്ടപ്പെട്ട നേതാക്കന്മാർ കസേരയ്ക്കായും കസേര നിലനിർത്താനായും കളിക്കുന്ന പൊറാട്ടു നാടകങ്ങൾ കാണുമ്പോൾ പുച്ഛം തോന്നുന്നത് തെറ്റാണോ ആവോ? കുക്ക് സായ്പ് വിശ്രമിക്കുന്ന ഇവിടെ നിൽക്കുമ്പോഴല്ലാതെ ഇതൊക്കെ ചിന്തിക്കാൻ പറ്റിയ ഇടം വേറെ എവിടെയാണുള്ളത്. ഇതൊക്കെ വിളിച്ചു പറയുമ്പോൾ നേതാക്കന്മാരുടെ ശിങ്കിടികൾ സജീവമാകുമെന്നറിയാം. എങ്കിലും ഉള്ളിലെ ജ്വലനം അടക്കുവാൻ കഴിയുന്നില്ല.

കർത്താവിനായി എരിഞ്ഞടങ്ങിയ കുക്ക് സായ്പിന്റെ വിശ്രമസ്ഥലത്തിനോട് ചേർന്നാണ് വെച്ചൂച്ചിറ വലിയകാലായിൽ വി. എം. ചാക്കോയെയും സഹധർമ്മിണി ദീനാമ്മയെയും അടക്കം ചെയ്തിരിക്കുന്ന കല്ലറ. ശാരോൻ ചാക്കോച്ചായൻ എന്നറിയപ്പെട്ടിരുന്ന ഭക്തനായിരുന്നു ഇദ്ദേഹം. അദ്ദേഹത്തിന്റെ ഭാര്യ ദീനാമ്മ വേങ്ങത്തോട്ടത്തിൽ കുട്ടിയുപദേശിയെന്ന ഐ. പി. സി.യുടെ ആദ്യകാല പ്രവർത്തകന്റെ മകളാണ്. ഇവരുടെമകൻ സാബു എന്നറിയപ്പെടുന്ന തോമസ് ചാക്കോയും കുടുംബവും റൈനർ ചർച്ച് ഓഫ് ഗോഡിലെ അംഗങ്ങളാണ്. സാബുവിന്റെ സഹധർമ്മിണി സാലമ്മ എന്റെ അടുത്ത ബന്ധുവാണ്. മക്കളായ വില്ല്യവും ഷെയ്നുമൊക്കെ ഒരുമിച്ച് ലഭിച്ചത് ഹൃദ്യ

04

# ചാറ്റനൂഗയിലെ പെന്തെക്കോസ്ത് സഭകളിലൂടെ...

## റൈനർ ചർച്ച് ഓഫ് ഗോഡ്, ചാറ്റനൂഗ



ചാറ്റനൂഗയിലെ ആദ്യ മലയാളി സഭയാണ് 1985-ൽ ആരംഭിച്ച റൈനർ ചർച്ച് ഓഫ് ഗോഡ്. പാസ്റ്റർ കെ.ജെ. മാത്യുവാണ് സഭയുടെ ആരംഭം കുറിച്ചത്. സ്വന്തമായി ആരാധനാലയം ഉള്ള ഈ സഭ ചാറ്റനൂഗയിലെ പ്രധാന സഭകളിലൊന്നാണ്. 2008 മുതൽ പാസ്റ്റർ സി.സി.തോമസ് സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു.

സെക്രട്ടറി: ബ്രദർ സുനോജ് സ്കറിയ, ട്രഷറർ: ജിജോ ജോസഫ്.

**വിലാസം:**

**2801, Hickory valley Road, Chattanooga, Tennessee 37421.**
**Email: thomascc2001@hotmail.com.**

## പാസ്റ്റർ സി.സി.തോമസ്



മുളക്കുഴ ചിറയിൽ കുടുംബാംഗമായ പാസ്റ്റർ സി.സി.തോമസ് മണക്കാല തിയോളജിക്കൽ സെമിനാരിയിലെ പഠന ശേഷം OM ടീം ലീഡറായി പ്രവർത്തിച്ചു. ഫിലിപ്പിയൻസിൽ നിന്ന് വേദശാസ്ത്രത്തിൽ മാസ്റ്റേഴ്സ് നേടിയ ഇദ്ദേഹം ക്ലീവ്ലന്റ് പെന്തെക്കോസ്തൽ തിയോളജിക്കൽ സെമിനാരിയിൽ പാർട്ട് ടൈം വിദ്യാർത്ഥിയാണ്. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് യൂത്ത് ഡയറക്ടർ, ICTS അഡ്മിനിസ്ട്രേറ്റർ, കൗൺസിലംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 2008 മുതൽ റൈനർ ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനാണ്.

ഭാര്യ: സുനു തോമസ്, മക്കൾ: ഗ്രാൻഡ്, നഥനയേൽ.

## ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലി



ചാറ്റനൂഗയിലെ പ്രധാന പെന്തെക്കോസ്തു സഭയായ ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലി 1986-ൽ ആരംഭിച്ചു. പാസ്റ്റർ വി.എം. ബാബു ആരംഭ സമയം മുതൽ 1997 വരെ സഭയുടെ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ പാസ്റ്റർ വി.പി. ഏബ്രഹാം സഭാ ശുശ്രൂഷകനായിരിക്കുന്നു. 1988-ൽ സ്വന്തമായി സ്ഥലം വാങ്ങി 1989 മുതൽ പുതിയ ആരാധനാ ഹാൾ പണിത് ഇവിടെ ആരാധിക്കുന്നു.

വൈസ് പ്രസിഡന്റ്: പാസ്റ്റർ എബി ജോസഫ്, സെക്രട്ടറി: അലക്സ് ജോൺസൺ

ട്രഷറർ: ബിനു ജോസ്, ബോർഡ് മെമ്പർ: കെ.ജെ. പൊന്നച്ചൻ

**വിലാസം:**

**Chattanooga Christian Assembly, P.O. BOX 21308, Chattanooga, Tennessee 37421,**
**Website :www.ccatenn.org.**

## പാസ്റ്റർ വി.പി ഏബ്രഹാം



റാന്നി വളയനാട്ട് കുടുംബാംഗം. സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. നാട്ടിലെത്തി പുനലൂർ ബെഥേൽ ബൈബിൾ കോളജിൽ പഠനം നടത്തി. കോട്ടയം, പുതുപ്പള്ളി ഏ.ജി. സഭകളുടെ ശുശ്രൂഷകനായിരുന്നു. 1997 മുതൽ 2007 വരെ ചാറ്റനൂഗ ക്രിസ്തൃൻ അസംബ്ലിയുടെ പാസ്റ്റർ ആയിരുന്നു. 2009-ൽ അറ്റ്ലാന്റായിലെ ആൽബ്രഡയിൽ ജോർജ്ജിയ ക്രിസ്തൃൻ അസംബ്ലി ആരംഭിച്ചു. 2011 മുതൽ വീണ്ടും C.C.A യുടെ ശുശ്രൂഷകനായിരിക്കുന്നു.

ഭാര്യ:ലീലാമ്മ, മക്കൾ: ലിൻസി, ലിൻസൺ, ലിജു, ലിബിൻ.

**Email: pastor.abraham@hotmail.com**

## ഐ.പി.സി. ഹെബ്രോൻ ചാറ്റനൂഗ

ഐ. പി. സി സൗത്ത് ഈസ്റ്റ് റീജിയണിൽ ഉൾപ്പെട്ട സഭയാണ് ഐ. പി. സി. ഹെബ്രോൻ ചാറ്റനൂഗ. 2007 ഏപ്രിൽ 29 ന് പാസ്റ്റർ എ.സി. ഉമ്മന്റെ ഭവനത്തിൽ ആരംഭിച്ചതാണ് IPC ഹെബ്രോൻ ചാറ്റനൂഗ. ഭാരതത്തിലെ പ്രവർത്തനങ്ങളിൽ വിവിധ നിലകളിൽ സഭ പങ്കാളിത്വം വഹിക്കുന്നു.

സെക്രട്ടറി: ഇവാ: മാത്യൂ ശമുവേൽ, ട്രഷറർ: ഷിബു ജോൺ

**വിലാസം**

**1404 Startmancircle, Chattanooga, Tennessee 37421**
**Website ipchebronc.org, Ph: 423 895 13 35**

## പാസ്റ്റർ എ.സി.ഉമ്മൻ



ഐ.പി.സിയുടെ ആരംഭകാല പ്രവർത്തകനായിരുന്ന കുമ്പനാട് അഞ്ചനാട്ട് ഉമ്മച്ചന്റെ മകൻ എ.ഒ ചാണ്ടിയുടെ മകനാണ് പാസ്റ്റർ എ.സി. ഉമ്മൻ. തന്റെ ചെറിയ പ്രായത്തിൽ മലബാറിലെ നിലമ്പൂരിലേക്ക് കുടുംബം കുടിയേറി പാർത്തു. പഠന ശേഷം 1964- ൽ ഉത്തര ഭാരതത്തിൽ വിവിധ സ്ഥലങ്ങളിൽ ആർമി മെഡിക്കൽ കോറിൽ ജോലി ചെയ്തു. താൻ ജോലി ചെയ്ത സ്ഥലങ്ങളിൽ ആരംഭിച്ച പ്രയർഗ്രൂപ്പുകൾ പിന്നീട് സഭകളായി മാറി. 1976-ൽ ചാറ്റനൂഗയിൽ എത്തി. 2005ൽ ഐ.പി.സി.യുടെ ഓർഡൈൻ ശുശ്രൂഷകനായി. 2007 മുതൽ ഐ.പി.സി. ഹെബ്രോൻ ചാറ്റനൂഗയുടെ ശുശ്രൂഷകൻ. ഇപ്പോൾ ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൺ വൈസ് പ്രസിഡന്റാണ്.

ഭാര്യ: ഏലിയാമ്മ

**Email- aconilambur@aol.com**

## സയൺ പെന്തെക്കോസ്തൽ ചർച്ച് ചാറ്റനൂഗ



2001-ൽ ആരംഭിച്ച സഭയാണ് സയൺ പെന്തക്കോസ്തൽ ചർച്ച് ചാറ്റനൂഗ. പാസ്റ്റേഴ്സ് വർഗ്ഗീസ് റ്റി കുര്യൻ, റോയി ഏബ്രഹാം എന്നിവർ സഭാ ശുശ്രൂഷകന്മാരായി പ്രവർത്തിച്ചിരുന്നു. ഇവാ: ജയിംസ് മൈക്കിൾ സഭയുടെ പ്രസിഡന്റായും ജോൺസൺ ഫിലിപ്പോസ് സെക്രട്ടറിയായും ഏബ്രഹാം തോമസ് ട്രഷററായും പ്രവർത്തിക്കുന്നു.

**വിലാസം**

**2504, Hickory Valley Road, Chattanooga, T N 37421**
**PH: 423 421 5733**

## പാസ്റ്റർ കെ.ജെ. മാത്യു



മുണ്ടക്കയം കുമ്പളശ്ശേരിയിൽ യേശുദാസൻ - മറിയാമ്മ ദമ്പതികളുടെ മകൻ 1951 - 61 വരെ മുളക്കുഴയിൽ വേദപഠനം നടത്തി. 61 - 64 വരെ പഠിപ്പിച്ചു. 1964-ൽ ലീകോളജിൽ വേദപഠനത്തിനായി എത്തി. 1967 -ൽ വീണ്ടും മുളക്കുഴയിൽ അദ്ധ്യാപകനായി. 1968 -ൽ വീണ്ടും അമേരിക്കയിലെത്തി. 1974 - 1979 വരെ ബ്രെയ്നാഡ് ഹിൽസ് ചർച്ച് ഓഫ് ഗോഡ് പാസ്റ്ററായി പ്രവർത്തിച്ചു 1974 ഇൻഡ്യാ പ്രയർ ഫെലോഷിപ്പ് ആരംഭിച്ചു. 1979-ൽ ഇൻഡ്യാ പെന്തെക്കോസ്തൽ അസംബ്ലിയും 1986-ൽ റൈനർ ചർച്ച് ഓഫ് ഗോഡും ആരംഭിച്ചു. 2006 വരെ സഭാ ശുശ്രൂഷകനായിരുന്നു. 2007 മുതൽ ചർച്ച് ഓഫ് ഗോഡ് (ഇൻഡ്യാ) നോർത്തമേരിക്കൻ ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടറാണ്. PCNAK കൺവീനറായി 2 പ്രാവശ്യവും NACOG കൺവീനറായി 2 പ്രാവശ്യവും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ: കുഞ്ഞുമോൾ, മക്കൾ: ജോസ്, ജോയി, ജയ

**Email: pastorkjmathew@hotmail.com.**

## ഫസ്റ്റ് ഐ.പി.സി. ചാറ്റനൂഗ

1992 - ൽ ഫിലിപ്പ് ചെറുകരയുടെ ഭവനത്തിൽ ആരംഭിച്ചതാണ് ഫസ്റ്റ് ഐ.പി.സി ചാറ്റനൂഗ. പാസ്റ്റർ ജോയി ജോസഫ് ആയിരുന്നു ആദ്യശുശ്രൂഷകൻ ഇപ്പോൾ പാസ്റ്റർ ഫിലിപ്പ് ചെറുകര ഇവിടെ ശുശ്രൂഷിക്കുന്നു.

**വിലാസം:**

**117 Lee Parkway Dr Ste 102, Chattanooga,**
**T N 37421.**
**Email: cphilip.aimed@gmail.com.**

## പാസ്റ്റർ ഫിലിപ്പ് ചെറുകര



റാന്നി തീയാടിക്കൽ ചെറുകര പാലയ്ക്കാമണ്ണിൽ പരേതനായ പാസ്റ്റർ പി.ജെ. ഫിലിപ്പിന്റെയും (ഭാഗവതർ പിലിപ്പോച്ചൻ) ഏലിയാമ്മയുടെയും മകൻ. വിവിധ പാഴ്സനേജുകളിലായി വളർന്ന ഇദ്ദേഹം ബാല്യം 11-ാം വയസിൽ രക്ഷിക്കപ്പെട്ടു. ആത്മീയ രംഗത്ത് പ്രവർത്തിക്കുമ്പോൾ തന്നെ വോളിബോൾ താരമായി അറിയപ്പെട്ടു. 1987- ൽ ചാറ്റനൂഗയിൽ എത്തി. അമേരിക്കയിലും ഭാരതത്തിലും വിവിധ നിലകളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളിത്വം വഹിക്കുന്നു. ഇപ്പോൾ ചാറ്റനൂഗ ഫസ്റ്റ് ഐ.പി.സി.യുടെ ശുശ്രൂഷകൻ.

ഭാര്യ:ലിസി, മക്കൾ: ചാൾസ്, ജോയൽ, ജോഷ്വ.

## ലേഖനം

# മരണവീട്ടിൽ..... അല്പസമയം

**യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തുവെന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നേ ദൈവം നിദ്രകൊണ്ടവരേയും യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും... ക്രിസ്തുവിൽ മരിച്ചവർ മുൻപേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും... പിന്നെ ജീവനോടു ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെയിരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവീൻ!**



ഇ. ജോൺ കച്ച്

അങ്ങ് അകലെ ഒരു മരണവീട്ടിൽ പോകുകയായിരുന്നു. പ്രത്യാശയേറിയെ ഒരു പാട്ടിന്റെ അടികൾ ദൂരവേ കേൾക്കാമായിരുന്നു.

സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു....

എൻ സ്വദേശം കാൺമതിനായ് ബദ്ധപ്പെട്ടോടീടുന്നു... .

അടുത്തു ചെല്ലുന്തോറും ആ പാട്ടിന്റെ ശക്തിയും വരികളുടെ അർത്ഥവും ഒരു പ്രത്യാശാനുഭവത്തിലേക്ക് ഞങ്ങളെ നയിച്ചുകൊണ്ടിരുന്നു. വളരെകൂടുതൽ വിശ്വാസികളും സമുദായക്കാരും, അക്രൈസ്തവരും വന്നുകൊണ്ടേയിരുന്നു. അനുശോചനങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്ന ഇടവേളയിൽ പാടിയ പാട്ടായിരുന്നു മുകളിൽ എഴുതിയത്. അനുശോചനം ഓരോരുത്തർ പറയുന്നത് ശ്രദ്ധിച്ചുകേട്ടതിൽ ദുഃഖത്തിലിരിക്കുന്ന ഭവനത്തിലെ വ്യക്തികളെ ആശ്വസിപ്പിക്കുന്നതിൽ വാക്കുകൾ ഉണ്ടെങ്കിലും അധികവും പറയുന്നത് വ്യക്തികൾ തങ്ങളുടെ ബന്ധവും, ഒരിക്കലും അറിയാത്തതും പരിചയം ഇല്ലാത്തതുമായ സഭകളുടെ ദുഃഖവും പറയുന്നതായി കേൾക്കുന്നു. മറ്റു ചിലർ ഈ മരിച്ച ആളിനെ പരിചയം ഇല്ലെങ്കിലും എന്റെ വിദേശ യാത്രയിൽ അദ്ദേഹത്തിന്റെ മക്കളുടെകൂടെ താമസിക്കുകയും അവരുടെ സ്നേഹ സൽക്കാരങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ട്. എന്റേയും എന്റെ കുടുംബത്തിന്റേയും ഞാൻ പ്രതിനിധീകരിക്കുന്ന സഭകളുടെയും ദുഃഖം ഇത്തരുണത്തിൽ അറിയിച്ചുകൊള്ളുന്നു.... ഇങ്ങനെ ഒരു നീണ്ടനിര അനുശോചനങ്ങൾ പറയാൻ ലിസ്റ്റിൽ പേര് എഴുതിച്ച് നിൽക്കുകയാണ് അദ്ധ്യക്ഷൻ. കൂടെക്കൂടെ വിളിച്ചു പറയുന്നത് കേൾക്കാം- സമയം വൈകുന്നു... ഇനി ഒരു മിനിട്ടിൽ കവിയാതെ നിങ്ങളുടെ വാചകങ്ങൾ ചുരുക്കണമെന്ന് അപേക്ഷിക്കുന്നു .

ചില ബുദ്ധിമാന്മാർ ഒരുമിനിട്ട് എന്ന് പറഞ്ഞത് കേൾക്കുന്നുണ്ടെങ്കിലും ബെല്ലും ബ്രേക്കും ഇല്ലാതെ സംസാരിക്കുന്നതു കേൾക്കാം... 10 മുതൽ 15 മിനിട്ട് സംസാരിച്ചാൽ തന്നെയും ഒരു തൃപ്തിയുമില്ലാതെ നിർബന്ധിക്കുന്നതുകൊണ്ട് നിർത്തുന്നവരും കുറവല്ല. അദ്ധ്യക്ഷൻ ഇത്തരുണത്തിൽ സമയം ക്രമീകരിക്കുവാൻ വളരെ ഏറെ ബുദ്ധിമുട്ടുന്നത് കാണുവാൻ കഴിഞ്ഞു.

പെന്തക്കോസ്തിന്റെ ശുശ്രൂഷാമണ്ഡലങ്ങളിൽ സദുദ്ദേശത്തോടുകൂടി അടുക്കിലും ചിട്ടയിലും നല്ലമനസാക്ഷിയിലും ക്രമീകരിച്ചുവച്ചിട്ടുള്ള ശുശ്രൂഷാരീതികളിൽ കാലഘട്ടത്തിന്റെ പഴക്കത്തിൽ വലിയ വ്യതിയാനങ്ങൾ വന്നുപോയിട്ടുണ്ട്. ആശ്വാസ വചനങ്ങൾ പറഞ്ഞ് ആത്മീകമായി ശക്തിപ്പെടുത്തുവാൻ ക്രമീകരിക്കപ്പെട്ട സമയങ്ങൾ അറിഞ്ഞോ അറിയാതെയോ പഴമൊഴിയായിത്തീർന്നിരിക്കുന്ന കാലഘട്ടമായിപ്പോയി ഇപ്പോൾ. മറ്റു ചിലർ തങ്ങളുടെ വ്യക്തിത്വവും, സ്ഥാനവും സഭകളുടെ പ്രാതിനിധ്യവും മറ്റും ദുഃഖം രേഖപ്പെടുത്തുന്ന വാചകങ്ങളുടെ ഇടയിൽ തിരികി കയറ്റി പ്രദർശിപ്പിക്കുവാൻ ശ്രമിക്കുന്നതായി കാണുന്നുണ്ട്. തങ്ങളുടെ വലിപ്പത്തെ അറിയിക്കുവാൻ ഈ മരണവീട്ടിലും യുക്തിയായിട്ടു ഇടപെടുന്നതു കാണുമ്പോൾ മനുഷ്യൻ തന്റെ ആത്മീകം ഇത്രമാത്രം വില കല്പിക്കാത്ത അവസ്ഥയിൽ ആക്കിയല്ലോ എന്ന് ഓർത്ത് ദുഃഖിക്കുകയാണ്.

സമൂഹത്തിൽ എനിക്ക് വലിയവനാകണമെന്ന് ചിന്തയുള്ള ചിലരെപ്പറ്റി കർത്താവു ഇങ്ങനെപറയുന്നു. ആർ വലിയവൻ എന്നൊരുവാദം ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായി. അവരുടെ ഹൃദയവിചാരം കണ്ടിട്ട് ഒരു ശിശുവിനെ എടുത്ത് അരുകിൽ നിർത്തി. ഈ ശിശുവിനെ എന്റെ നാമത്തിൽ ആരെങ്കിലും കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു. നിങ്ങളെല്ലാവരിലും ചെറിയവനായവൻ അത്രേ വലിയവൻ ആകും എന്ന് അവരോട് പറഞ്ഞു (ലൂക്കോ. 9:48)

ഇങ്ങനെയുള്ള ശവസംസ്കാരശുശ്രൂഷകളിൽ സഭാ നേതൃത്വങ്ങൾ അനുശോചനപ്രകടനങ്ങൾ നിർത്തിവെച്ചിട്ട് പ്രാപ്തന്മാരായ ദൈവദാസന്മാർ വചനം സംസാരിപ്പാൻ അവസരങ്ങൾ ഉണ്ടാക്കികൊടുക്കേണം. മരണാനന്തര കാര്യങ്ങൾ, ന്യായവിധി, ഭാവിപ്രത്യാശ, ഉയിർപ്പ്.... മുതലായ കാര്യങ്ങൾ കർതൃദാസന്മാർ സംസാരിച്ചാൽ അത് വളരെ പ്രയോജനപ്പെടുക മാത്രമല്ല, ദുഃഖത്തിൽ ഇരിക്കുന്ന ഭവനത്തിനും ബന്ധുമിത്രാദികൾക്കും ഒരാശ്വാസം തന്നെയത്രെ. അനുശോചനത്തിന്റെ പേരിൽ ഒന്നും രണ്ടും മണിക്കൂറുകൾ വ്യർത്ഥവാക്കി കളയുന്നത് നന്നല്ല. വിശുദ്ധിവിട്ടുള്ള അതിശയോക്തികളും പറയാൻ പാടില്ലാത്ത കാര്യങ്ങളും പറഞ്ഞ് സമയം പാഴാക്കാതെ ഇതിനൊരു തീരുമാനം മേലദ്ധ്യക്ഷന്മാർ കൈക്കൊള്ളേണ്ടത് അത്യാവശ്യമായിരിക്കുന്നു. പെന്തെക്കോസ്തുകാരായ നമ്മളെക്കുറിച്ച് ഇല്ലാത്തതു പറഞ്ഞു പുകഴ്ത്തുവാനോ ചെയ്യാത്തത് ചെയ്തു എന്ന് പറഞ്ഞ് ആക്കംകൂട്ടുവാനോ നാം അനുവദിക്കരുത്. പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ നാം ദുഃഖിക്കരുതെന്ന് വിശുദ്ധ പൗലോസ് നമ്മെ ധൈര്യപ്പെടുത്തുന്നു. നമുക്ക് അനുശോചനമല്ല; മറിച്ച് പ്രത്യാശയുടെ വചനങ്ങൾ അവരെ ഉത്തേജിപ്പിക്കുമാറാകട്ടെ.

അനുശോചനം പറയുന്നത് നല്ല ഒരു ശുശ്രൂഷയായിട്ടായിരുന്നു മുൻകാലങ്ങളിൽ നാം അനുഭവിച്ചുകൊണ്ടിരുന്നത്. എന്നാൽ പിന്നത്തേതിൽ അതിൽകൂടെ മറ്റുള്ള കാര്യങ്ങളെ തിരികി കയറ്റി നിഷ്പ്രയോജനമാക്കിത്തീർത്തു. വാക്കുകളുടെ പെരുപ്പത്തിൽ പാപം ഉണ്ട്. ശുശ്രൂഷാവേദികളിലും, വിവാഹം, കൺവൻഷൻ എന്നിങ്ങനെയുള്ള അവസരങ്ങളിൽ പരിചയപ്പെടുത്തലുകൾ ചെയ്യപ്പെടേണ്ടത് നല്ലതുതന്നെയെങ്കിലും പരിധികൾ വിട്ടുപോകാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. മറ്റുള്ളവർ നമ്മെ വിധിപ്പാൻ സൗകര്യം ഒരുക്കിക്കൊടുക്കരുത്. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിക്കാനാണ് തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. ക്രിസ്തുവിൽ മരിച്ചവർ എല്ലാവരേയും നമുക്കു മുഖാമുഖമായി കാണാം എന്നുള്ള പ്രത്യാശയോടെ തല്ക്കാലം വിരമിക്കട്ടെ!

## കാലികം

# കൊടുമുടിയെ കടലിൽ തള്ളുന്ന കടുകുമണി



സജി നെടുങ്കണ്ടം

ക്രിസ്തീയ ജീവിതം ഫലകരവും ജയകരവുമായിരിക്കണം. ഭൗതികലോകത്തിൽ പണം പൂഴ്ത്തിവച്ചും ആയുസ് മുഴുവൻ അനുഭവിച്ച് തൃപ്തി അടയാനുള്ള മനുഷ്യന്റെ ശ്രമം പരാജയത്തിൻ പതിക്കുന്നു. ലോകസുഖം അങ്ങേഅറ്റം പോയാൽ ആറടി മണ്ണിൽ അടിയറവു പറയും. ആയുസ് നീട്ടാൻ പൊടികൈയോ, പുത്തൻ പദ്ധതിയോ മനുഷ്യന്റെ മുമ്പിൽ ഇല്ല. പരമാധികാരിയായ ദൈവം ഓരോരുത്തർക്കും പാരിൽ പുലരാൻ കാലവും സമയവും കൽപ്പിച്ച് നൽകിയിട്ടുണ്ട്. അതിൽ ഒന്ന് കൂട്ടുവാനോ കുറയ്ക്കുവാനോ മനുഷ്യന് അധികാരമില്ല. ക്ഷണികനായ മനുഷ്യന്റെ രക്ഷകനായ ദൈവത്തെ കണ്ടുമുട്ടുക എന്നതാണ് പ്രത്യാശയ്ക്കുള്ള ഏകമാർഗ്ഗം. മാർഗ്ഗവും സത്യവുമായ ദൈവപുത്രൻ മനുഷ്യർക്കുവേണ്ടി ചെയ്തതെല്ലാം ആഴമായ സ്നേഹത്തിൽ നിന്നുമാണ്. ദൈവീകപദ്ധതികൾക്കെതിരെ തുരങ്കം വയ്ക്കുന്ന സാത്താൻ ലഭിക്കുന്ന സമയം തക്കത്തിൽ ഉപയോഗിക്കുന്നു. മുഴുലോകവും ദുഷ്ടന്റെ അധീനതയിൽ ആയിരുന്നിട്ടും ദുഷ്ടന് മുമ്പിൽ മുട്ടുമടക്കാത്ത ഒരു സമൂഹം ഇന്നും ഭൂമിയിൽ പാർക്കുന്നു. ദൈവാത്മാവിന്റെ ശക്തിയും ദൈവീക അധികാരവും പാഴ്മണ്ണിൽ ഭക്തനെ ബലത്തോടെ നിർത്തുന്നു. വിശ്വാസം അതല്ലെ എല്ലാം എന്ന ജ്വല്ലറിക്കാരന്റെ കണ്ടെത്തലുകൾക്ക് എത്രയോ വർഷങ്ങൾക്ക് മുമ്പ് വിശ്വാസത്തിന്റെ വില ദൈവം ലോകത്തിന് വെളിപ്പെടുത്തി. പരിശുദ്ധ സ്വർണ്ണം തേടി ആധുനിക ലോകം പായുമ്പോൾ പരിശുദ്ധനായ ദൈവത്തോട് ചേർന്നുള്ള മൺമയനായ മനുഷ്യന്റെ നിത്യവാസം യേശു തന്റെ ബലി മരണത്തിലൂടെ ലോകത്തിന് ഉറപ്പാക്കി. കാണുന്നതും ഈ കാൽ ചുവട്ടിൽ കഴിഞ്ഞ് പോകുന്നതുമായ ലോകമോഹത്തിനൊപ്പം പുത്തൻ തലമുറ ചുവട് ഉറപ്പിക്കുമ്പോൾ, മാറി പോകുന്ന ആകാശത്തിനും പൂഴിയായി പൊടിയുന്ന ഭൂമിയിൽ പാർക്കുന്നവർക്കും ഉറപ്പായുള്ള പ്രത്യാശ ദൈവം നിത്യതയിലൂടെ നൽകുന്നു. ജീവനും ജീവിതത്തിനും വിലകല്പിക്കാത്ത വിദ്യാസമ്പന്നന്മാരുടെ ലോകം വർണ്ണാഭവമായി ഈ മണ്ണിൽ വിരിയുന്നു. ഈ കാണുന്നതെല്ലാം ക്ഷണികമെന്നു തിരിച്ചറിയാൻ നാം തിരുകൃപ പ്രാപിക്കുക.

പ്രശ്നവും പ്രതികൂലവും ഒരുവനിൽ പർവ്വതം പോലെ തല ഉയർത്തുമ്പോൾ തടയിടാൻ വിശ്വാസമാണ് ആവശ്യം. ആ വിശ്വാസം കടുകുമണിയുടെ വലുപ്പമേ ഉള്ളു എങ്കിലും ഹൃദയത്തിൽ വീണ് മുളച്ചാൽ ഏതുപ്രശ്നത്തെയും നിസാരമായി കീഴ്പ്പെടുത്താം. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്നും അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്ക് ഒന്നും അസാധ്യമാകുകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപോകുന്നില്ല."(മത്താ:17:21) പർവ്വതസമമായ പ്രശ്നങ്ങൾ മനുഷ്യനെ അലട്ടുമ്പോൾ വിശ്വാസവും പ്രാർത്ഥനയും കൂടെ ഉപവാസവും ആയുധമായി സ്വീകരിച്ച് പോരാടുക..... പർവ്വതത്തെ തള്ളിമാറ്റാൻ ഈ വിധ കടുകുമണികൾക്ക് പ്രാപ്തിയുണ്ട്. ഉപവാസപ്രാർത്ഥന ഒരിക്കലും സെക്രട്ടറിയേറ്റിന്റെ മുമ്പിലെ ഉപരോധമാകരുത്. ദൈവത്തോട് സമരം ചെയ്യാനുള്ള കുറുക്കു വഴിയല്ല ഉപവാസം. അധികാരികളുടെ കണ്ണ് തുറപ്പിക്കാൻ നിരാഹാരത്തിനു കഴിയുമെങ്കിൽ ഉപവാസത്തോടെ ജഡത്തെ മരിപ്പിക്കുന്ന വിശുദ്ധന് ദൈവത്തിന്റെ മുഖത്ത് നിന്ന് ആശ്വാസകാലങ്ങൾ ലഭിക്കാതിരിക്കില്ല. അബ്രഹാം വിശ്വാസികളുടെ പിതാവായി വിഖ്യാതനായെങ്കിൽ വിലയേറിയ വിശ്വാസത്തിനു നാം വില കൽപിച്ചാൽ ആഖ്യാതി നമുക്ക് സ്വന്തം. വിശ്വാസികളുടെ പിതാവിനെ നാം പ്രസംഗിച്ച് ഉയർത്തുന്നതിനെക്കാൾ ഉത്തമവിശ്വാസം പ്രവർത്തിയാൽ തെളിയിച്ച് ജീവിക്കുകയാണ് വേണ്ടത്. അബ്രഹാം ജീവിതത്തിൽ ചുവട് ഉറപ്പിച്ച് വളർത്തിയ വിശ്വാസത്തെ ലോകത്തിന് മറനീക്കി കാട്ടിയത് മോറിയ മലയാണ്. ദൈവത്തിൽ ഉറച്ച് വിശ്വസിച്ച അബ്രഹാം, അബ്രഹാമിനെ അനുസരിച്ച് യിസഹാക്ക് കാട്ടു വള്ളിയും ആട്ടുകൊറ്റന്റെ കൊമ്പും ചേർത്തു ബന്ധിപ്പിച്ച ദൈവം. വിശുദ്ധനു വേണ്ടി കരുതുന്ന പരിശുദ്ധദൈവത്തെ ഈ മലയിൽ ദർശിക്കാം. മോറിയ മലയിൽ ഉയർന്നു കേട്ട ആട്ടുകൊറ്റന്റെ നിലവിളിയുടെ പ്രതിധ്വനിയാണ് പിന്നീട് ഗാഗുൽത്തായുടെ താഴ്വരയിൽ കേട്ടത്. കാൽവറി ക്രൂശിലെ യേശുവിന്റെ നിലവിളി പിന്നീട് അബ്രഹാമിന്റെ സന്തതിക്ക് ആർപ്പുവിളി സമ്മാനിച്ചു.

ലാസറിന്റെ ജഡം അടക്കം ചെയ്ത് കല്ലറയ്ക്കു മുമ്പിൽ വിതുമ്പിക്കരയുന്ന മറിയയോടും മാർത്തയോടും യേശു അരുളി ചെയ്ത കൽപനയാണ് "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്നത് (യോഹ:11:40). സഹോദരിമാരെ തനിച്ചാക്കി കുടുംബനാഥനായ അവരുടെ സഹോദരൻ ലാസർ മരണത്തിന് കീഴ്പ്പെട്ടു. അനാഥരായ സഹോദരിമാർ അലമുറയിട്ടു കരഞ്ഞ് നിരാശയിൽ കഴിയുമ്പോൾ വിശ്വാസത്തിന്റെ നാഥനായ കർത്താവ് അവരെ തേടി എത്തുന്നു. ആശയറ്റവർക്ക് ആശ്വാസമായി. തീരാദുഃഖമാണ് സഹോദരിമാരുടെ ജീവിതത്തിൽ പ്രതീക്ഷയ്ക്കു വകയില്ല കാരണം അവനെ അടക്കം ചെയ്തു അഴുകിയിരിക്കുന്നു. സ്നേഹിതർ പിരിഞ്ഞു പോയി അടുത്തബന്ധുക്കൾ മാത്രം അവർക്ക് അരികിലുണ്ട്. ശൂന്യതമാത്രമാണ് ആ കുടുംബത്തിൽ. എന്നാൽ നാല് ദിവസത്തിനു ശേഷം ആ വീടിനെ ലക്ഷ്യം വച്ച് യേശു വന്നതും വാവിട്ടു കരയുന്ന സഹോദരിമാരോട് ചേർന്ന് യേശു കണ്ണീർ വാർത്തതും അൽപ്പം ആശ്വാസം ആ വീട്ടിൽ അലയടിച്ചു. കരയുന്ന സഹോദരിമാരോടായി യേശു ചോദിച്ചു അവനെ വച്ചത് എവിടെ? അവന്റെ കല്ലറ യേശുവിനെ കാണിച്ചു. തുടർന്ന് നാറ്റം വച്ചു എന്ന വിവരണവും അവർ യേശുവിനെ അറിയിച്ചു. നാറിയ ലാസറിനെ ഉയർത്താൻ ഹൃദയം നീറുന്ന മറിയയെ അല്ല യേശുവിനാവശ്യം. പ്രത്യാശ വിശ്വാസത്തിന്റെ നിറവ് ഹൃദയത്തിൽ തിങ്ങുന്ന മറിയയെ യേശു പ്രതീക്ഷിക്കുന്നു. അവരുടെ മുമ്പിൽ യേശു കൽപ്പിക്കുന്ന ഉറച്ചവാക്കാണ് ലാസറെ പുറത്തു വരിക എന്നത്. ആകയാൽ സഭയുടെ നാഥനായ മശിഹ മക്കൾക്കു നൽകിയ ഉത്തമ ഉപദേശമാണ് കൊടുമുടിയെ കടലിൽ തള്ളുന്ന കടുകുമണിയുടെ ഉപദേശം.


## വീട് ആവശ്യമുണ്ട്

പത്തനാംപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ ചുമതലയിൽ നടക്കുന്ന ഓർഫനേജിനായി വീട് ആവശ്യമുണ്ട്. സൗജന്യമായോ വാടകയ്ക്കോ നൽകുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക. പത്തനാപുരത്തിന് 15കി.മീ. ചുറ്റളവിലാണ് വീട് ആവശ്യമുള്ളത്.

**LOGOS MINISTRIES IN INDIA**
**Chenkilath Salem House**
**Pathanapuram, Kollam Dist**
**PH: 828 -116 - 8282**

## നിത്യതയിൽ



**കൊച്ചുമോൻ (42)**

**നിരണം:** എസ്കോൽ ചർച്ച് ഓഫ് ഗോഡിന്റെ സ്ഥാപകനും സീനിയർ പാസ്റ്ററുമായ കൊമ്പൻകേരി ചാലാനോടിയിൽ പാസ്റ്റർ സി.ടി. കുഞ്ഞുമോന്റെ മകൻ കൊച്ചുമോൻ (42) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം മേൽപ്പാടം എസ്കോൽ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി.

പാസ്റ്റർ വി.സി. ജോർജ്ജ് മുഖ്യ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ ജെയ്സ് പാണ്ടനാട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ അച്ചൻകുഞ്ഞ്, തോമസ്, ഷൈജു ഞാറയ്ക്കൽ, സ്റ്റീഫൻ, ബ്രദർ സുരേഷ് തോമസ്, കെ.പി.സി.സി. അംഗം പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി. പുന്നൂസ്, ശ്രീ. നിരണം തോമസ് എന്നിവർ അനുശോചിച്ചു. ഭാര്യ: ചങ്ങനാശ്ശേരി തോട്ടത്തിൽ ഡെയ്സി. മകൾ: ഡയാന

## നയഗ്രാ ഫെയ്ത്ത് സെമിനാർ



**നയഗ്രാ:** പ്രയർ സെന്റർ നയഗ്രായുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 2ന് ഫെയ്ത്ത് സെമിനാർ നടന്നു. ഡോറിക്ക് ക്ലബ് ഓഡിറ്റോറിയത്തിൽ പാസ്റ്റർ ബിനു ജേക്കബ് അധ്യക്ഷത വഹിച്ചു. സമ്മേളനം പാസ്റ്റർ ഈശോ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിശ്വാസത്തെ കുറിച്ച് പാസ്റ്റർ പി. ജി വർഗ്ഗീസ് മുഖ്യ പ്രഭാഷണം നടത്തി. നയഗ്രാ ഗോസ്പൽ വോയ്സ് ഗാന ശുശ്രൂഷ നിർവ്വഹിച്ചു. ബ്രദർ ബെന്നി പുന്നൂസ്, ബെൻസൻ ഈപ്പൻ പറമ്പിൽ എന്നിവർ നേതൃത്വം നല്കി.

## ഏ.ജി. മലബാർ ഡിസ്ട്രിക്റ്റ് സണ്ടേസ്കൂളിന് പുതിയ ഭാരവാഹികൾ





ഇവാ: ജോയി മുളയ്ക്കൽ | പാസ്റ്റർ കെ.എം.തോമസ് | ബ്രദർ തോംസൺ ഒറ്റത്തെങ്ങിൽ

**കോഴിക്കോട്:** അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സണ്ടേസ്കൂളിന് പുതിയ ചുമതലക്കാരെ തെരഞ്ഞെടുത്തു. ജൂലൈ 14 ന് സഭാ ആസ്ഥാനത്ത് സൗത്ത് ഇൻഡ്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടും ഏ.ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമായ റവ. വി.റ്റി. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സണ്ടേസ്കൂൾ ജനറൽ ബോഡി യോഗത്തിൽ വച്ചാണ് അടുത്ത രണ്ടു വർഷത്തേക്കുള്ള ചുമതലക്കാരെ രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുത്തത്. ഇവാ: ജോയി മുളയ്ക്കൽ (ഡയറക്ടർ), പാസ്റ്റർ കെ.എം.തോമസ് (സെക്രട്ടറി), ബ്രദർ തോംസൺ ഒറ്റത്തെങ്ങിൽ (ട്രഷറർ) എന്നിവരാണ് പുതിയ ചുമതല ഏറ്റവർ.

## 01 കുക്ക് സായ്പിന്റെ സഭയ്ക്ക്...

തന്നെ മൂവായിരത്തോളം സകളും ആകമാനമായി 7000ത്തിലധികം സഭകളും ശുശ്രൂഷകന്മാരുമുണ്ട്. ബീഹാറിൽ തന്നെ 1500 സഭകളുണ്ട്. പാറ്റ്നയിൽ 2000 പേർ കൂടുന്ന സഭയുണ്ട്. യു. പി. യിലും ശക്തമായ മുന്നേറ്റമാണ്. 5000 പേർ കൂടുന്ന സഭ ഐ. പി. സി.ക്ക് യു. പി.യിലുണ്ട്. ഡോ. വത്സൻ എബ്രഹാം, കെ. സി. ജോൺ ടീം വർക്ക് ശക്തമായ സഭാവളർച്ചയ്ക്കാണ് നേതൃത്വം നൽകിയത്. പൊതുസമൂഹത്തിനു മുമ്പിൽ സഭയുടെ മുഖവും ശബ്ദവുമാണ് എക്സിക്യൂട്ടീവ്സ്. അവർ കാര്യപ്രാപ്തിയും ഭരണപാടവവും ഉള്ളവരായിരിക്കണം. നോർത്ത് ഇന്ത്യയിൽ ഐ. പി. സിയ്ക്ക് ശക്തമായ മുന്നേറ്റമാണ് ഉള്ളത്. ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഒറീസ എന്നിവിടങ്ങളിൽ സഭ വളർച്ചയുടെ പാതയിലാണ്.

മലബാറിലും, ഹൈറേഞ്ചിലും, തെക്കൻ തിരുവിതാംകൂറിലും ഐ. പി.സി.യ്ക്ക് ശൂന്യമായ വളർച്ചയാണുള്ളത്. ഈ പ്രദേശങ്ങളിൽ ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. സ്ഥാപനവൽക്കരണമല്ല, സുവിശേഷീകരണമാണ് പ്രധാനം. സ്വാശ്രയ കോളേജിലും ഓർഫനേജിലും കാണിക്കുന്ന താൽപര്യം 'മിഷൻ' പ്രവർത്തനങ്ങളിൽ കാണിച്ചാൽ വളർച്ച ഉണ്ടാകും. കെട്ടിപൊക്കിയ സിമന്റ് പന്തലുകളിൽ പഠിക്കാൻ ആളില്ലാതെയും പഠിച്ചവർക്ക് 'കാലിബർ' ഇല്ലാതെയും കുഴയുകയാണ്. മിഷൻ എന്തെന്നു വിശദീകരിക്കേണ്ട ഗതികേടാണിപ്പോൾ. ഒരുമിച്ച് കൂടുന്നേ ചർച്ചയിലും മിഷന് ഇടമില്ല.

മധ്യതിരുവിതാംകൂറിലെ പ്രധാന സഭകളിൽ ഒരാഴ്ചയിൽ ഉണ്ടാകുന്ന വരുമാനം മതി മലബാറിലും ഹൈറേഞ്ചിലും മിഷനറിമാരെ പുലർത്താൻ. കൂടുതൽ മിഷനറിമാരെ കുറഞ്ഞ ചെലവിൽ പുലർത്തുക എന്നതല്ല; മറിച്ച് എണ്ണം കുറഞ്ഞാലും അവർക്ക് മികച്ച പ്രതിഫലം നൽകി തങ്ങളുടെ കർമ്മരംഗത്തു പ്രവർത്തിക്കാൻ വേണ്ട പ്രചോദനം നൽകുക എന്നതാണ്. ഇവിടെ പാസ്റ്റർ, പ്രവാചകൻ, കൺവൻഷൻ പ്രഭാഷകൻ, വേദാദ്ധ്യാപകൻ തുടങ്ങിയവർക്ക് കിട്ടുന്ന മാന്യതകളും പരിഗണനയും മിഷനറി പ്രവർത്തകർക്ക് കിട്ടാത്തവിധം അവരെ കഞ്ഞിപ്പരവം ആക്കി മാറ്റിയതിൽ നമുക്ക് പങ്കുണ്ട്. ദൗത്യത്തിന്റെ ആത്മാവ് തൊട്ടറിയാത്ത നേതൃത്വം ഒന്നുകിൽ പടിക്കുപുറത്തു പോകുകയോ അല്ലെങ്കിൽ കണ്ണുതുറക്കുകയോ ചെയ്താലേ ശരിയായ ദൗത്യത്തിന്റെ ദർശനം രൂപപ്പെടുകയുള്ളു.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
ഗൾഫ് എഡിറ്റർ

## മാണിച്ചായനെ...ഓർക്കുമ്പോൾ.....

"ചിലർ ജീവിച്ചു മരിക്കുന്നു..... മറ്റു ചിലർ മരിച്ചിട്ടും ജീവിക്കുന്നു". എന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. അത് വളരെ വാസ്തവമാണ്. ചിലയാളുകളുടെ മരണം ആഴമായ നഷ്ടബോധം നമ്മിലുളവാക്കുകയും മറിച്ച് മറ്റു ചിലരുടെ മരണമോ, ജീവിതമോ ആരേയും സ്പർശിക്കാറില്ല. കാരണം രണ്ടു കൂട്ടരുടെയും സാമൂഹ്യ പ്രതിബദ്ധതയും സഹകരണവുമാണ്. മരിച്ചിട്ടും കോട്ടയത്തും പരിസരത്തും ഉള്ള ദൈവമക്കളുടെ ഓർമ്മയിൽ ജീവിക്കുന്ന ഒരു ദൈവഭക്തനാണ് ആനത്താനം, മാങ്ങാനം എബനേസ്സറിൽ- മാണിച്ചായൻ. ചില വർഷങ്ങൾക്കു മുമ്പ് ഒരു പരസ്യയോഗ ശുശ്രൂഷയിൽ അദ്ദേഹത്തെ പരിചയപ്പെടാൻ എനിക്ക് അവസരമുണ്ടായത്. കൈ നിറയെ സുവിശേഷലഘുലേഖകളും, ഹൃദ്യമായ പുഞ്ചിരിയുമായി കവലകളിൽ ഓടി നടന്ന് കർത്താവിനെ ലജ്ജ കൂടാതെ സാക്ഷിച്ച 82-കാരനായ "ചെറുപ്പക്കാരൻ" - 'അത്യന്താധുനിക' കർത്താവിന്റെ പ്രസിദ്ധ 'ഭൃത്യൻ' മാർക്ക് പരസ്യയോഗങ്ങളും വ്യക്തിഗത സുവിശേഷീകരണ പ്രവർത്തനങ്ങളും അപരിചിത മേഖലയായിമാറിക്കഴിഞ്ഞിരിക്കുന്നു. പെന്തക്കോസ്തു സഭാ സമൂഹത്തിൽ ഒഴിച്ചു കൂട്ടാൻ കഴിയാതിരുന്ന "സ്വമേധവേല" ഗോസ്പൽ ടീം ആയി ഇന്നും ചിലയിടങ്ങൾ അല്പസല്പമായി നിലനിറുത്തുന്ന കർത്താവിന് സ്തോത്രം. കാലം മാറി വന്നപ്പോൾ സെന്ററുകളും, സെക്ഷനുകളും വർഷാവർഷം ക്രമീകരിക്കപ്പെടുന്ന പരിപാടികളിലെ ഒരു സമയം കൊല്ലി പരിപാടിയാക്കിയോ, ചടങ്ങായോ തീർന്നു പോയിട്ടുണ്ട് - പ്രത്യേക ആഘോഷവേളകളിൽ 'നമ്മുടെ ആഘോഷ'മായി നമ്മൾ നടത്തി വരുന്നതും മറക്കുന്നില്ല. എന്നാൽ കവല പ്രസംഗങ്ങളിൽ അതിശയകരമായ ദൈവ പ്രവർത്തികളും, രക്ഷയും നടന്നിട്ടുള്ള ചരിത്രം നമുക്ക് മറക്കാവതല്ല. കേന്ദ്രത്തിൽ കൊടുക്കാനുള്ള റിപ്പോർട്ട് കോളത്തിൽ മാത്രം ഒതുങ്ങുന്നു യാഥാർത്ഥ്യമായി ഇന്ന് ഇവയെല്ലാം. എന്തു ധനാഗമന മാർഗ്ഗമാക്കിമാറ്റിയ പല വിരുതന്മാരും 'സ്വന്തം' ടീം ഉണ്ടാക്കി ശുശ്രൂഷ നടത്തി വിലസുന്നതും പരസ്യമായ രഹസ്യമാണ്. പല പദ്ധതികളിലും ആത്മാർത്ഥയോ, ആത്മഭാരമോ അല്ല "ദീപ സ്തംഭം മഹാശ്ചര്യം....." തന്നെ പ്രധാനം. എന്നാൽ ഇത്തരം ദുസ്ഥിതിയിൽ ദൈവകൃപയാൽ മാണിച്ചായനും തന്റെ സുഹൃത്തുക്കളായ 70 കാരും, 80 കാരും കൂടി ചേർന്ന് "സ്വമേധാ വേല" ചെയ്തു വരെയാണ് കർത്താവ് തന്റെ ഭക്തനെ മഹത്വത്തിലേക്ക് വിളിച്ചത്. ദൈവ വേലക്കാരോട് പ്രായഭേദമെന്യേ അഗാധമായ സ്നേഹവും കരുതലും, ബഹുമാനവും ഉള്ള ദൈവഭക്തനായിരുന്നു മാണിച്ചായൻ. തന്റെ സഭയിൽ ശുശ്രൂഷിച്ചിട്ടുള്ള ദൈവദാസന്മാരെ മാനിക്കുന്നതിൽ താൻ മുമ്പനായിരുന്നു. അല്പം പ്രസംഗ പാടവമോ, നാലാളിന്റെ മുമ്പിൽ എഴുന്നേറ്റു നിൽപ്പാൻ കഴിവോ ഉണ്ടായാൽ അനേകർ സഭകൾക്കു തന്നെ വലിയ "തലവേദന" ആയി തീരുന്ന ഈ കാലത്ത് ജീവിക്കുന്ന കർത്താവിനെ പരമാർത്ഥതയിൽ സേവിക്കുന്ന ഒരുകൂട്ടം എവിടെയും ഉണ്ടെന്നുള്ള വസ്തുത എത്ര ആശ്വാസകരമായ സംഗതിയാണ്. സ്തോത്രം. അതെ തിരുകൃപ ലഭിച്ച മറ്റുള്ളവർക്ക് മാതൃകയായി തീരുന്ന ദൈവഭക്തൻ, മനുഷ്യമനസുകളിലും, നിത്യതയിലും നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും അവർ അമർത്ത്യരാണ്. 2014 ജൂൺ 23 രാവിലെ 9.30 തന്നെ ഭരമേൽപിച്ച ദൗത്യം പൂർത്തീകരിച്ച് ക്രിസ്തുവിൽ മറഞ്ഞ ദൈവഭൃത്യൻ ഏവരും സ്നേഹപൂർവ്വം മാണിച്ചായൻ എന്നു വിളിച്ചിരുന്ന കെ.എം. മാണി അവറുകളുടെ ഓർമ്മകൾക്ക് മുമ്പിൽ സകല മഹത്വവും കർത്താവിന് അർപ്പിച്ചു കൊള്ളുന്നു.....

തന്റെ സഹധർമ്മിണി ഏലിക്കുട്ടി അമ്മാമ്മയ്ക്കും, മക്കൾ, കുടുംബങ്ങൾക്കും കർത്താവ് ആശ്വാസം നൽകട്ടെ-

നമുക്കും നിർമ്മലതയോടെയും, മാന്യതയോടെയും ജീവിക്കാം, കഴിവുള്ളിടത്തോളം കർത്താവിനെ സാക്ഷിക്കാം, സേവിക്കാം ഏവരേയും കർത്താവ് സഹായിക്കട്ടെ.-

## തിരഞ്ഞെടുത്തു




പാസ്റ്റർ പി. വി. പുന്നൂസ് | പാസ്റ്റർ കെ. പി. വർഗീസ്

**നിലമ്പൂർ:**-ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവ സഭ നിലമ്പൂർ ഡിസ്ട്രിക്റ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ പി. വി. പുന്നൂസ് (പ്രസിഡന്റ്), പാസ്റ്റർ കെ. പി. വർഗീസ് (പാത്തിപാറ) (വൈസ് പ്രസിഡന്റ്), ബ്രദർ ലാലു ജോൺ (പാലാട്) (സെക്രട്ടറി), പാസ്റ്റർ വി. ഏ. ബാബു പാലുണ്ട (ട്രഷറർ), പാസ്റ്റർ എം. ഇ. റെജി പാലുണ്ട (പ്രയർ സെൽ സെക്രട്ടറി), പാസ്റ്റർ പി. എസ്. ബാബു വടപുറം (ഡിസ്ട്രിക്റ്റ് ഗോസ്പൽ ടീം സെക്രട്ടറിയായി) തിരഞ്ഞെടുത്തു. പാസ്റ്റർ കെ. പി. വർഗീസ് പാത്തിപാറ ശുശ്രൂഷിക്കുന്നു.

## സെമിനാർ

**പായിപ്പാട്:** ന്യൂ ഇന്ത്യ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ "കുട്ടികളെ സ്നേഹിക്കുന്ന കുടുംബങ്ങളും സഭകളും" എന്ന വിഷയത്തെ ആധാരമാക്കി ഡോ. ബ്രൂസ്റ്റെർ ക്ലാസ്സെടുത്തു. 2014 ഓഗസ്റ്റ് 19 ചൊവ്വ വൈകിട്ട് 4 – 6 വരെ സെമിനാരി കാമ്പസ്സിൽ നടന്നു. ഇംഗ്ലീഷിൽ നടത്തപ്പെടുന്ന സെമിനാറിൽ കർത്തൃദാസന്മാർ കുട്ടികളുടെ ഇടയിലെ പ്രവർത്തകർ എന്നിവർക്ക് മുൻഗണന നൽകി.

## സ്റ്റേറ്റ് സ്റ്റുഡന്റ്സ് & ടീച്ചേഴ്സ് ക്യാമ്പ് 2014

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇദ്രപ്രദമായി നടത്തുന്ന സ്റ്റേറ്റ് സ്റ്റുഡന്റ്സ് & ടീച്ചേഴ്സ് ക്യാമ്പ് 2014 സെപ്തംബർ 11 മുതൽ 13 വരെ കോട്ടയം ക്രൈസ്തവ ആശ്രമത്തിൽ നടക്കും. 13 മുതൽ 18 വയസ്സുവരെ പ്രായം ഉള്ള കുട്ടികൾക്കാണ് ക്യാമ്പിൽ പ്രവേശനം. മുൻകൂർ രജിസ്റ്റർ ചെയ്യുന്ന അധ്യാപകർക്കും കുട്ടികൾക്കും മാത്രമേ ക്യാമ്പിൽ പങ്കെടുക്കുവാൻ സാധിക്കൂ. കുട്ടികൾക്ക് 100 രൂപയാണ് പ്രവേശന ഫീസ്. അധ്യാപകർക്ക് പ്രവേശനം സൗജന്യമായിരിക്കും. വ്യക്തിത്വ വികസന കരിയർ ഗൈഡൻസ്, ശിഷ്യത്വം, കൗൺസിലിംഗ് തുടങ്ങിയ കാലിക പ്രശസ്തമായ വിഷയങ്ങളിൽ പ്രഗത്ഭരായ ദൈവദാസന്മാർ ക്ലാസ്സുകൾ നയിക്കും. മികവുറ്റ ഗാനപരിശീലനവും ഗെയിമുകളും ക്യാമ്പിന്റെ പ്രത്യേകതകളായിരിക്കും. കുട്ടികളുടെ മനശാസ്ത്രം, അധ്യാപനരീതികൾ, ബാല സുവിശേഷീകരണത്തിലെ നൂതനവഴികൾ, ചിൽഡ്രൻസ് ക്ലബ് പ്രോഗ്രാം, ഗാനപരിശീലനം തുടങ്ങിയ വിഷയങ്ങളിലായിരിക്കും അധ്യാപകർക്കുള്ള ക്ലാസ്സുകൾ.

**രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും:**

പാസ്റ്റർ സാലു വർഗീസ് (സ്റ്റേറ്റ് കോർഡിനേറ്റർ) ഫോൺ: 984782 0405, പ്രൊഫ. ബ്ലസൻ ജോർജ്ജ് (സ്റ്റേറ്റ് സെക്രട്ടറി) ഫോൺ: 9544170992

## 12 മാധ്യമവിചാരം...

എന്താണ് ന്യായപ്രമാണം എന്നൊന്നും അച്ചൻകുഞ്ഞിന് അറിഞ്ഞുകൂടാ. പഴയ പത്രമാസികകളിലെ കാലഹരണപ്പെട്ട ആശയങ്ങൾ ചരിത്ര വസ്തുതകൾ എന്ന രൂപേണ പുനഃപ്രസിദ്ധീകരിച്ചിട്ട് താഴെ കടപ്പാട് എന്നുകൂടി വെച്ചാൽ മരുപ്പച്ചയായി. സാംകുട്ടി ചാക്കോ കുറെയൊക്കെ ഉത്സാഹിയാണ്. വാർത്താപ്രാധാന്യമുള്ള പ്രമേയങ്ങൾ കണ്ടെത്തി അവതരിപ്പിക്കും. ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ഒരുപോലെ എതിർക്കും. ആവശ്യം വന്നാൽ പ്രീതിപ്പെടുത്തും.

ഇത്തരം നിലപാടുകളെ ക്രൈസ്തവ സഹജമായ പക്വതയോടെ ആവേശത്തോടെ തുടർന്നും എതിർക്കും. ഒന്നുകിൽ ഇവർ ഇത്തരം പ്രവർത്തി തിരുത്തി പെന്തെക്കോസ്ത് തനിമയുടെ പ്രചാരകരാകുക. അല്ലെങ്കിൽ സജിത്ത് ചെയ്തതുപോലെ മറ്റൊരു പ്രസ്ഥാനം ഉണ്ടാക്കി പെന്തെക്കോസ്തിന് പുറത്തുപോയി തങ്കു താരുമാരെയും ചെപ്പടിവിദ്യക്കാരെയും ആശ്ലേഷിക്കുക. കത്തനാർമാരുടെ കൈമുത്തി സ്തുതി ഏറ്റുവാങ്ങാൻ ആത്മാഭിമാനമുള്ള പെന്തെക്കോസ്ത് യുവതയ്ക്ക് സാധ്യമല്ലെന്ന് തിരിച്ചറിയുക. അതുകൊണ്ടുതന്നെ മാധ്യമവിചാരകൻ ദൗത്യത്തിൽ നിന്ന് ഓടിയൊളിക്കില്ല. ജയ്മോഹൻ അതിരുങ്കൽ അന്ത്യാഞ്ജലി അർപ്പിച്ചപ്പോഴാണ് ആലസ്യം വിട്ടുണരണം എന്ന ഉൾവിളിയുണ്ടായത്. ജയ്മോഹൻ മാധ്യമവിചാരകൻ ഇവിടെയുണ്ട്. ശേഷം കാഴ്ചയിൽ.

ലേഖനം

# തീവ്രഭക്തിയിൽ പ്രമാണമുടയ്ക്കുന്നവർ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

പർവ്വത മുകളിലേക്ക് കയറിപ്പോയ തങ്ങളുടെ നേതാവായ മോശെക്ക് എന്ത് ഭവിച്ചു എന്നറിയായ്കയാൽ ഞങ്ങൾക്ക് മുമ്പിൽ നടക്കാൻ ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക അണികളുടെ ആവശ്യം കണക്കിലെടുത്ത് അഹരോൻ അവരുടെ ഭാര്യമാരുടെയും പുത്രീപുത്രന്മാരുടെയും കാതുകളിൽ നിന്നും പൊൻകുണക്കു പറിച്ചെടുത്ത് കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. തുടർന്ന് യിസ്രായേലേ നിന്നെ മിസ്രയീമിൽ നിന്ന് കൊണ്ടുവന്ന ദൈവം എന്ന് പറഞ്ഞാർപ്പിടുന്ന സമയം.!! ഇത് കണ്ടുകൊണ്ടു പർവ്വത മുകളിൽ ദൈവം മോശയോട് തങ്ങളെ തന്നെ വഷളാക്കിയ ജനത്തിന്റെ നടുവിലേക്ക് ഇറങ്ങിചെല്ലാൻ ആവശ്യപ്പെടുന്നു. വഴിവിട്ട ജനത്തെ ദഹിപ്പിച്ചു കളയാൻ നിൽക്കുന്ന ദൈവത്തോട് ജനത്തിനുവേണ്ടി മോശെ പക്ഷവാദം ചെയ്തു. യഹോവ അനുതപിച്ചു. പക്ഷെ ദൈവത്തിന്റെ എഴുത്ത് പതിഞ്ഞ അവിടുത്തെ പണിയായായ പ്രമാണത്തിന്റെ പലകയും കയ്യിൽ പിടിച്ചു പർവ്വതം വിട്ടിറങ്ങിയ മോശെയുടെ കോപം പാളയത്തിലെ പൈശാചിക പ്രതിഗാനങ്ങൾ കേട്ട് ജ്വലിപ്പിച്ചു. പ്രമാണലംഘനം നടത്തിയവരോട് ഉള്ള തന്റെ പ്രതിഷേധ പ്രതികരണം മഹാദൈവം കയ്യിൽ കൊടുത്ത പ്രമാണത്തിന്റെ പലകകളെ ഉടച്ചുകൊണ്ടായിരുന്നു!!!. തീവ്ര ഭക്തിയിൽ പ്രമാണമുടച്ച മോശെ!!!

ഉപദേശങ്ങൾക്ക് വേണ്ടി നാം നിലനിൽക്കുന്നതും കൽപ്പനാലംഘികളോടെ എതിർക്കുന്നതും അസത്യവസ്തുതകളോട് വിയോജിപ്പ് കാട്ടുന്നതും നല്ലതാണെങ്കിലും ദൈവത്തിന്റെ പണിയെയും എഴുത്തുകളെയും എറിഞ്ഞുടച്ചുകൊണ്ടുള്ള പ്രതികരണം നന്നല്ല. ദൈവേഷ്ടമല്ലാത്ത പലതും കാണേണ്ടിവരുമ്പോൾ നമുക്കുണ്ടാകുന്ന കോപം സ്വാഭാവികമാണെങ്കിലും പ്രമാണത്തിന്റെ പലകകളെ എറിഞ്ഞുടക്കുന്നത് ദൈവത്തോടുള്ള അവഹേളനമാണ്. മോശെക്ക് ആ പ്രമാണത്തിന്റെ പലകകളെ ഉടക്കാതെ അവരോടു പ്രതികാരമായിരുന്നു. പർവ്വതമുകളിൽ ദൈവകോപത്തെ ശമിപ്പിച്ചവൻ താഴ്വരയിൽ തന്റെ കോപം ഹേതുവായി തകർത്തത് അതീവ പ്രാധാന്യമുള്ള ദൈവത്തിന്റെ എഴുത്തുകളെ അല്ലേ? ലക്ഷക്കണക്കിനാളുകളുടെ നേതാവാണെങ്കിലും തീവ്രഭക്തി ഹേതുവാൽ ദൈവീകകൽപ്പന ഉടക്കാൻ വ്യവസ്ഥയില്ല. തീവ്രആത്മീകതയുടെ പ്രദർശങ്ങൾ ഒരിക്കൽ പോലും ദൈവവചനത്തെ അവഗണിച്ചു കൊണ്ടാകരുത്. ദൈവവചനത്തിനു അർഹിക്കുന്ന സ്ഥാനം കൊടുക്കാതെ നാം നടത്തുന്ന എല്ലാ പോരാട്ടങ്ങളും ഒരു തരത്തിൽ ലക്ഷ്യമില്ലാത്ത അധ്വാനങ്ങളായിരിക്കും. നീതിയല്ലാത്ത പ്രവർത്തനങ്ങളുടെ നേർക്ക് വ്യക്തിപരമായതോ അല്ലാതെയോ നാം നടത്തുന്ന വികാരപ്രകടനങ്ങളിൽ ഒരിക്കൽപോലും ദൈവവചനം തകർക്കപ്പെടാൻ പാടില്ല. അവർ ഉണ്ടാക്കിയ കാളക്കുട്ടിയെ തീയിൽ ഇട്ട് ചുട്ടു അരച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി അവരെ കുടിപ്പിച്ചാലും കുഴപ്പമില്ല. പക്ഷെ പലകകൾ തന്റെ കയ്യിൽ നിന്നും വീഴാതെ കാക്കണമായിരുന്നു. മറ്റെല്ലാം മറന്നു മലമുകളിൽ മഹാദൈവത്തോടൊപ്പം ചിലവഴിച്ച് അവിടുന്ന് തന്റെ കരങ്ങളിലേക്ക് നേരിട്ട് കൈമാറിയ ദൈവത്തിന്റെ മൂല്യമുള്ള കയ്യെഴുത്തുകൾ കേവലം മോശയുടെ കോപത്തിൽ ഉടയപ്പെടേണ്ടതോ? ദൈവത്തിന്റെ പണിയേക്കാളും എഴുത്തിനേക്കാളും അവനു പ്രാധാന്യം അവന്റെ വികാര പ്രകടനമായിരുന്നു. നമുക്ക് ലഭിച്ച പ്രമാണത്തെ സംരക്ഷിക്കാതെ നാം നടത്തുന്ന എല്ലാ ഭക്തിയുടെ പ്രതികരണങ്ങളും ആത്മീകതയുടെ പ്രദർശനങ്ങളും അത് മോശയായാൽ കൂടിയും യോഗ്യമല്ല.

വചനത്തിനു പ്രാധാന്യം കൊടുക്കാതെയുള്ള ആത്മീകതയുടെ പ്രദർശനങ്ങൾ നല്ലതല്ല. തീവ്രഭക്തരാണ് എന്ന് നമുക്ക് തോന്നാമെങ്കിലും ദൈവവചനത്തിനു അവിടെ സ്ഥാനമില്ല എന്നത് ഖേദകരം തന്നെ. തിരുവചനത്തെ ഉറപ്പിക്കുവാൻ നടക്കേണ്ട അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും വീര്യപ്രവർത്തികളും ഒക്കെ ദൈവവചനത്തെ പുറത്താക്കി വേദികളിൽ നിറയുന്നു. മാറ്റമില്ലാത്ത വചനത്തെ തകർത്തുകൊണ്ടുള്ള എല്ലാ വീര്യപ്രവർത്തികളും കേവലം ആത്മീകതയുടെ പ്രദർശനങ്ങൾ മാത്രമായിരിക്കും. തീവ്രമായ ആത്മീകതയുടെ പേരിൽ കോടികൾ നാം ചിലവഴിക്കുന്നു. വമ്പിച്ച സമ്മേളനങ്ങൾ നാം സംഘടിപ്പിക്കുന്നു. എന്നാൽ അവിടങ്ങളിലൊക്കെ ദൈവവചനത്തെ നാം ഉയർത്തുന്നുണ്ടോ എന്നത് ചിന്തിച്ചുകൊണ്ടിരിക്കുന്നു. വേണ്ടുന്നതും അതിനപ്പുറവും ഇത്തരം കൂട്ടങ്ങളിൽ ഉണ്ടെങ്കിലും ഒഴിച്ചുകൂടാൻ ആവാത്ത വചനത്തിനു എന്ത് സ്ഥാനമാണ് അവിടെ നൽകപ്പെടുന്നത് എന്നത് വിധിവിധേയമാകേണ്ടതുണ്ട്. പ്രമാണത്തെ പിറകിൽ എറിഞ്ഞു കളഞ്ഞുകൊണ്ട് നാം കാട്ടുന്ന പരീശഭക്തി കവർച്ചയും ദുഷ്ടതയും ഉള്ളിൽ നിറച്ച കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കാൻ നാം നടത്തുന്ന ശ്രമങ്ങൾക്ക് തുല്യമായിരിക്കും. നിരത്ഥകവിമർശനങ്ങൾ ഉന്നയിച്ചു കഠിന ഭക്തരെന്ന സമൂഹ മദ്ധ്യേ തെളിയിക്കാൻ നാം ശ്രമിക്കുമ്പോഴും എല്ലാ അനീതികളും എന്നിലൂടെ എല്ലാ കാലഘട്ടങ്ങളിലും എതിർക്കപ്പെടുമെന്നു നാം വാദിക്കുമ്പോഴും നാം നിരത്തുന്ന വസ്തുതകളെ സ്ഥാപിച്ചെടുക്കാൻ (ഒരു പക്ഷെ നീതിയാണെങ്കിൽ കൂടിയും) എപ്പോഴെങ്കിലും നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ വിരലുകൾ കൊണ്ടെഴുതിയ പ്രമാണം ഉടയ്ക്കപ്പെട്ടിട്ടുണ്ടോ എന്നത് നാം ചിന്തിക്കുന്നത് നന്നായിരിക്കും. പ്രമാണങ്ങൾ ഉടയാതെ ആയിരിക്കണം നമ്മുടെ പ്രതികരണങ്ങൾ. അത് പ്രമാണലംഘനം നടത്തിയവർക്കെതിരെ ആണെങ്കിൽ കൂടെയും.!!! തീവ്രഭക്തിയുടെയും ആത്മീകതയുടെയും പേരിൽ നാം നടത്തുന്ന തീവ്രപ്രതികരണങ്ങൾ കണ്ടു ജനം കയ്യടിക്കുമെങ്കിലും അവിടെ പ്രമാണം ഉടയപ്പെട്ടാൽ അതുമൂലം ദൈവം ദുഃഖിക്കുന്നുണ്ടാകും എന്നതിൽ സംശയമില്ല.

കണ്ണാടി

# പെയ്മെന്റ് സീറ്റും പാട്രിമണിയും പിന്നെ സൈമണിയും



ജെയ്സ് പാണ്ടനാട്

ഇന്നിപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടികളെപ്പോലും വിലയ്ക്കെടുക്കാവുന്ന അവസ്ഥയായി. ജനയുഗത്തിന്റെ എം.ഡി. അടക്കം സംസ്ഥാന സി.പി.ഐ.യിലെ മൂന്നു പ്രമുഖ നേതാക്കളെ പരസ്യമായ അച്ചടക്കനടപടിക്ക് വിധേയമാക്കിയത് ആ വസ്തുത ശരിവക്കുന്നു. ബെന്നറ്റ് ഏബ്രഹാം തിരുവനന്തപുരത്ത് സ്ഥാനാർത്ഥിയായതിന്റെ പ്രത്യാഘാതം. എറണാകുളം മണ്ഡലത്തിൽ സി.പി.എം. നിർത്തിയ സ്ഥാനാർത്ഥിയെക്കുറിച്ച് ഉയരുന്ന വിവാദവും ഇതിന്റെ പൂരകം തന്നെയാണ്.

തിരുവന്തപുരം സീറ്റ് വിൽക്കാൻ ശ്രമിക്കുകയാണ് എന്നും തലവരിപ്പണം വങ്ങുന്ന സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന ബെന്നറ്റിനെ സ്ഥാനാർത്ഥിയാക്കരുത് എന്നും തിരുവനന്തപുരം ജില്ലാ കൗൺസിൽ തീരുമാനിച്ചതിന്റെ മിനിറ്റ്സ് ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഒരു കോടി 87 ലക്ഷം രൂപ സ്ഥാനാർത്ഥി സി.പി.ഐ.ക്കു നൽകിയതായി അന്വേഷണ റിപ്പോർട്ടിലുണ്ടെന്ന് മാദ്ധ്യമങ്ങൾ ഒരുപോലെ പറയുന്നു.

സ്ഥാനാർത്ഥികളെ മാത്രമല്ല ക്യാബിനറ്റ് മന്ത്രിമാരെയും അവരുടെ വകുപ്പുപോലും കോർപ്പറേറ്റുകൾക്ക് നിശ്ചയിക്കുന്ന അവസ്ഥയിലേക്ക് കോൺഗ്രസ് അധഃപതിച്ചത് നീരാറാഡിയ ടേപ്പുകൾ സുപ്രീം കോടതിയെപ്പോലും ബോദ്ധ്യപ്പെടുത്തിയതാണ്. സംസ്ഥാന അതിർത്തികൾപോലും കുഴിച്ച് പണംകുന്നുകുട്ടുന്ന ഖനി മാഫിയമാരായ റെഡ്ഢി സഹോദരന്മാരെ കർണാടകയിൽ മന്ത്രിമാരാക്കിയ പാർട്ടിയാണ് ബി.ജെ.പി. തുറമുഖ നിർമ്മാണ വ്യവസായ കുത്തക ഗൗതം അദാനി മുതൽ റിലയൻസ് അംബാനിവരെയുള്ള ശതകോടിശ്വരന്മാരാണ് ഇപ്പോൾ നരേന്ദ്രമോദിയുടെ ബി.ജെ.പി. നയത്തെ സ്വാധീനിക്കുന്നത്.

സി.പി.എമ്മിനു വന്നിട്ടുള്ള ആശയപരവും സംഘടനാപരവുമായ ഈ മാറ്റത്തിന്റെ അടിസ്ഥാനം തിരിച്ചറിയാൻ ഏറ്റവുമൊടുവിൽ അവർക്കു ലഭിച്ച സംഭാവനയുടെ ഔദ്യോഗിക കണക്കുമതി. 126.09 കോടിയാണ് സി.പി.എം തെരഞ്ഞെടുപ്പു കമ്മീഷനുമുമ്പിൽ ഒടുവിൽ വെളിപ്പെടുത്തിയ കണക്ക്. കോൺഗ്രസ് ഐയ്ക്കും ബി.ജെ.പിക്കും തൊട്ടു പിറകെ മൂന്നാം സ്ഥാനത്ത്. കോൺഗ്രസ്സിനു ലഭിച്ച സംഭാവന 425.69 കോടി. ബി.ജെ.പിയുടേത് 324.16 കോടി. സി.പി.ഐയ്ക്ക് 1.07 കോടി മാത്രം. ദേശീയ പാർട്ടികൾക്കു ലഭിച്ച സംഭവനയിൽ 72 ശതമാനവും കോർപ്പറേറ്റ് മേഖലയിൽനിന്നാണ്. പണം ഇന്ന് എല്ലാം നിയന്ത്രിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു.

കത്തോലിക്കാ സഭയിലും പാപ്പാന്മാരുടെ പ്രതാപ കാലത്ത് അഴിമതിയും ദൂർത്തും പ്രകടമായിരുന്നു. 'സലാഡിൽ കരം' എന്ന നികുതി നിമിത്തം പാപ്പായുടെ വരുമാനവും വർദ്ധിച്ചു. ഇതു നിമിത്തം അധികാരപ്രമത്തതയാൽ പാപ്പമാർ അവരുടെ അധികാരം പലപ്പോഴും ദുരുപയോഗപ്പെടുത്തിയതായി കാണുന്നു.

ക്രൈസ്തവ പള്ളികൾക്ക് ഭുസ്വത്തുടമാവകാശം ലഭിച്ചതോടെ പോപ്പിന്റെ അധികാരം രാഷ്ട്രീയശക്തിയായി വളർന്നു. 'പാട്രിമണി' (പൈതൃകധനം) എന്നാണ് ഈ ഭുസ്വത്ത് അറിയപ്പെടുന്നത്. മജിസ്ട്രേറ്റിന്റെ അധികാരവും വമ്പിച്ച ഭുസ്വത്തും സ്വന്തമായതോടുകുടി ഒരു ഗവൺമെന്റിന്റെ കർത്തവ്യങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കാൻ പോപ്പിനു കഴിഞ്ഞു. ഉദ്യോഗസ്ഥരുടെ ആദ്യവർഷ വരുമാനത്തിന്റെ പകുതിയും (ആന്നേറ്റ്) വാർഷിക വരുമാനത്തിന്റെ പത്തിലൊന്നായ ടൈഥ്, പിറ്റേഴ്സ് പെൻസ് എന്നീ നികുതികളും സംഭാവനകളും ശുശ്രുഷാ വേതനങ്ങളുംവഴി സഭ വമ്പിച്ച സ്വത്തിനുടമായായിത്തീർന്നു. പുരോഹിതന്മാർ സുഖലോലുപരും അഴിമതിക്കാരുമായി മാറി. കൈകുലി വാങ്ങി തസ്തികകൾ ഉണ്ടാക്കുകയും നിയമനം നടത്തുകയും ചെയ്തു. ഈ അധികാരദുർവിനിയോഗം 'സൈമണി' (Simony) എന്നറിയപ്പെട്ടു. ഇതുപയോഗിച്ച് സഭയിലെ ഉദ്യോഗങ്ങൾ ബിഷപ്പുമാരുടെ സ്ഥാനം എന്നിവ പണം കൊടുത്തു കൈക്കലാക്കാമായിരുന്നു.

അനുതാപവും പ്രാർത്ഥനയും കൂടാതെ പണം നൽകുന്നവർക്ക് പാപമോചനം നൽകിയ ഏർപ്പാടായിരുന്നു പാപവിമോചന പത്രം (ഇൻഡൾജൻസ്). ഇങ്ങനെ വൈദികരുടെയും പാപ്പാന്മാരുടെയും ധാർമ്മിക അധഃപതനം പരമകോടിയിലെത്തി. പോൾ രണ്ടാമൻ ധരിച്ചിരുന്ന കിരീടത്തിന് ഒരു രാജധാനിയേക്കാൾ വിലയുണ്ടായിരുന്നു. ക്രിസ്തു മുൾക്കിരീടം ധരിച്ച സ്ഥാനത്താണ് ഈ അഭിനവ ശിഷ്യന്മാരുടെ ഈ ആർഭാടം.

യാക്കോബായ സഭയുടെ ഇടുക്കി ഭദ്രാസനാധിപന് മെത്രാപ്പൊലീത്താ പട്ടം ലഭിക്കുന്നതിന് മൂന്നു കോടിരൂപ നൽകേണ്ടിവന്നുവെന്ന് പത്രസമ്മേളനം നടത്തി ബിഷപ്പു പറഞ്ഞതാണ്. ഇതിന്റെ പേരിൽ അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നും നീക്കുകയും ചെയ്തു. പണം വാങ്ങി സ്ഥാനം നൽകുന്ന പ്രവണത ഇന്നും തുടരുന്നു. കേരള രാഷ്ട്രീയം ഇന്ന് ചർച്ച ചെയ്യുന്ന വിഷയവും അതുതന്നെയാണ്. കോടികൾ കോഴവാങ്ങി പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്നു. ഈ വിഷയത്തിൽ ഹൈക്കോടതി ഇടപെടുന്നു. കോഴവാങ്ങി ബാർ ലൈസൻസ് നൽകുന്നു.

പെയ്മെന്റ് രാഷ്ട്രീയം പെന്തെക്കോസ്തിനും പുത്തരിയല്ല. പണം കൊടുത്ത് സെന്റർ പദവി, പ്രമോഷൻ, ഓർഡിനേഷൻ എന്നിവ കൈക്കലാക്കുന്നു. കോളേജിന്റെ പടിചവിട്ടിയിട്ടില്ലാത്തവർ പണം നൽകി ഡോക്ട്രേറ്റ് ബിരുദം സമ്പാദിക്കുന്നു. ക്ലാസിനു പോകാതെയും റിസേർച്ച് നടത്താതെയും പണം നൽകി MDiv, MTh. ബിരുദങ്ങൾ നേടുന്നു.

പണം നൽകി വോട്ടു നേടുന്നു. പാനലിൽ ഇടം കിട്ടാനും ഗ്രൂപ്പു മാനേജർമാർക്ക് പണമെറിയണം. സംഘാടകർക്ക് പണം നൽകി കൺവൻഷൻ പ്രസംഗം പിടിക്കുന്നവരുമുണ്ട്. ശ്രോതാക്കളുടെ ഒരു ഗതികേട്. സഭയിൽനിന്ന് പുറത്താക്കപ്പെട്ടവർ ലക്ഷങ്ങൾ നൽകിയാൽ ആരുമറിയാതെ തിരിച്ചെടുക്കും. 'പണത്തിനുമീതെ പരുന്തും പറക്കില്ല'. 'പണമില്ലാത്തവൻ പിണം'. അനീതിയുള്ള മാമോനെക്കൊണ്ട് നിങ്ങൾ സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ. "സകല ദൂർത്തും നിറഞ്ഞവനെ നിന്റെ ദ്രവ്യം നിന്നോടുകൂടെ നശിക്കട്ടെ.; പത്രോസിന്റെ വാക്കുകൾ എത്ര പ്രസക്തമാണ്".



സി. ദിവാകരൻ



ബെന്നറ്റ്



ക്രിസ്റ്റി

## ബ്ലെസ് വൈപ്പിൻ 2014

**വൈപ്പിൻ:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ വാർഷിക ജനറൽ കൺവൻഷൻ നവംബർ 27 – 30 വരെ ഞാറക്കൽ ജയ്ഹിന്ദ് മൈതാനത്തിൽ നടക്കും. യു.പി.എഫ്. പ്രസിഡന്റ് പാസ്റ്റർ മത്തായി ഹാബേൽ ഉദ്ഘാടനം ചെയ്യും. വിവിധ യോഗങ്ങളിൽ സിസ്റ്റർ അന്ന കണ്ടത്തിൽ, റവ. ക്രിസ്പിൻ കൊച്ചിക്കാരൻ, പാസ്റ്റർ ബി.മോനിച്ചൻ, പാസ്റ്റർ വർഗീസ് എബ്രഹാം എന്നിവർ പ്രസംഗിക്കും. സഭകളുടെ സംയുക്ത ആരാധനയും ഉണ്ടായിരിക്കും. ബ്രദർ സുരേഷ് പുതുവെപ്പ് കൺവീനറായി വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചതായി പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സജി മാത്യു അറിയിച്ചു.

# ചാറ്റനൂഗയിലെ പെന്തെക്കോസ്ത് സഭകളിലൂടെ...

## ഇവാ: ജോയിസ് പി മാത്യൂസ്



ചെന്നിത്തല ശാരോനിൽ പി.ഇ മാത്യൂസ്, ശോശാമ്മ ദമ്പതികളുടെ മകൻ. കേരളത്തിൽ ജോലിയോടുകൂടെ സുവിശേഷ വേലയിൽ വ്യാപൃതനായിരുന്നു. ഗോസ്പൽ ട്യൂണേഴ്സിൽ ചില വർഷങ്ങൾ ഗായകനായിരുന്ന ഇദ്ദേഹം കഴിഞ്ഞ 10 വർഷങ്ങളായി ചാറ്റനൂഗയിൽ ജോലിയോടൊപ്പം സഭാപ്രവർത്തനങ്ങളിൽ സജീവമാണ്. PCNAKയുടെ ട്രഷററായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം റൈറ്റേഴ്സ് ഫോറം ട്രഷറർ, കുട്ടികളുടെ സ്നേഹിതൻ മാസിക മാനേജിംഗ് എഡിറ്റർ, IPC ഫാമിലി കോൺഫറൻസ് പ്രതിനിധി, IPC ഹെബ്രോൻ ചാറ്റനൂഗ സഭാ യൂത്ത് മിനിസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഭാര്യ: ഫ്രിജിൽ., മക്കൾ: ലിബ്ന, ഐന, ഇവാന.

## ബ്രദർ വി.റ്റി ജോൺസൺ



ഐ.പി.സിയുടെ ആദ്യകാല പ്രവർത്തകനായിരുന്ന പാസ്റ്റർ റാന്നി കുട്ടിയച്ചന്റെയും (വേങ്ങത്തോട്ടത്തിൽ കുട്ടിയച്ചൻ) ഏലിയാമ്മയുടെയും മകൻ. 1971-ൽ 22-ാം വയസിൽ യു.എസ്.എയിൽ പഠനത്തിനായി എത്തി. ടെന്നസി ടെമ്പിൾ യൂണിവേഴ്സിറ്റിയിൽ വേദപഠനം നടത്തി കോട്ടയം തിയോളജിക്കൽ സെമിനാരിയുടെ ആരംഭകരിൽ ഒരാൾ. യു.എസ്.എയിൽ KTSന്റെ ബോർഡ് സെക്രട്ടറിയായി 6 വർഷം പ്രവർത്തിച്ചു. ഇപ്പോൾ ലാന്റ് & ബിൽഡിംഗ് കമ്മറ്റി ചെയർമാൻ.

ഭാര്യ:എലിസബേത്ത്, മക്കൾ: അലക്സ്, സ്റ്റാൻലി.

**Email- tommyliz3445@nol.com**

## ജോൺസ് പി മാത്യൂസ്

ചെന്നിത്തല ശാരോനിൽ പി.ഇ മാത്യൂസിന്റെയും ശോശാമ്മയുടെയും മകൻ. കർണാടകയിൽ OM ടീമിനൊപ്പം പ്രവർത്തിച്ചിരുന്ന ഇദ്ദേഹം കഴിഞ്ഞ 10 വർഷങ്ങളായി ചാറ്റനൂഗയിൽ താമസിച്ച് ക്രൈസ്തവ സാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുന്നു. IPC സൗത്ത് ഈസ്റ്റ് റീജിയൻ കൗൺസിൽ അംഗം, ടെന്നസി റൈറ്റേഴ്സ് ഫോറം സെക്രട്ടറി, IPC ഹെബ്രോൻ ചാറ്റനൂഗ PRO എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഭാര്യ: സ്മിത, മക്കൾ: ജോവാന, ജോനാഥാൻ,പോൾ

Email- johnspmathews@gmail.com.



## ഇവാ: മാത്യു ശമുവേൽ

മാവേലിക്കര തഴക്കര കടവിനാലിൽ കെ.എസ് ശമുവേലിന്റെയും സാറാമ്മയുടെയും മകൻ. ചാറ്റനൂഗ ഹെബ്രോൻ IPC സഭയുടെ സെക്രട്ടറിയും IPC സൗത്ത് ഈസ്റ്റ് റീജിയൺ PYPA പ്രസിഡന്റുമാണ്. PCNAK ടെന്നസി സ്റ്റേറ്റ് പ്രതിനിധിയായിരുന്നു.

ഭാര്യ: ഷീബ, മക്കൾ: ജോഷ്വാ, ജോഹാന.



കണ്ടതും കേട്ടതും

# 'ക്രിസ്തുരേഖകൾ,' അഥവാ സ്വന്തം കാര്യം

ജയ്മോഹൻ അതിരുങ്കൽ, 9567759748

പുതിയ ഒരു ഇ-മെയിൽ വിലാസമുണ്ടാക്കി: christlines2014-@gmail.com ആദ്യത്തെ ഇ-മെയിൽ ഐഡി christ_toon@rediffmail.com എന്നതായിരുന്നു. എന്നാൽ 2012 ജനുവരിയിൽ, റെഡിഫ്മെയിൽ രണ്ടാഴ്ചത്തേക്കോ മറ്റോ പണി മുടക്കി. അങ്ങനെ പെട്ടെന്നൊരു തട്ടിക്കൂട്ട് ഐഡി, ജിമെയിലിൽ ഉണ്ടാക്കി. അതാണു blacklines2012@gmail.com എന്ന, നിലവിലുള്ള വിലാസം. പക്ഷേ 'ബ്ലായ്ക്ക്ലൈൻസ്' പലർക്കും അത്ര പിടിക്കുന്നില്ലെന്ന് എനിക്കു മനസ്സിലായി. ഒരാളെന്നോടു ചോദിച്ചു; "ബ്ലൂലൈൻസ് എന്നിടാൻ വയ്യായിരുന്നോ?" കാർട്ടൂൺ വരയ്ക്കുന്നതു കറുത്ത മഷികൊണ്ടാണല്ലോ. കറുത്ത രേഖകളുടെ ഒരു സമ്മേളനമാണു കാർട്ടൂൺ. അതുകൊണ്ടാണ് അങ്ങനെയൊരു നാമനിർമ്മാണം (blacklines) നടത്തിയത്. 'ബ്ലൂലൈൻസു'കാരെപ്പോലെയുള്ളവരെ സന്തോഷിപ്പിക്കാൻ എന്താണൊരു മാർഗ്ഗമെന്ന് ആലോചിച്ചപ്പോഴാണു christlines എന്ന പേരു കിട്ടിയത്-'ക്രിസ്തുരേഖകൾ'. എന്റെ കാർട്ടൂൺ ലഘുലേഖകൾക്ക് ഇപ്പോൾ അങ്ങനെയാണു പേരു നൽകിയിരിക്കുന്നത്. കർത്താവിനുവേണ്ടിയുള്ള രേഖാചിത്രങ്ങളാണ് അവയൊക്കെ. പത്തു പതിനഞ്ചു വർഷമായിക്കാണും ആദ്യത്തെ കാർട്ടൂൺ ലഘുലേഖ പ്രസിദ്ധീകരിച്ചിട്ട്. 'നിങ്ങൾ അറിഞ്ഞിരിക്കേണ്ടുന്ന ചില യാഥാർത്ഥ്യങ്ങൾ' എന്നതായിരുന്നു അതിന്റെ പേര്. അതിനു ശേഷം 'ഗിന്നസ് ബുക്ക്' എന്ന പേരിലൊരു ലഘുലേഖ പ്രസിദ്ധീകരിച്ചു. പിന്നീടു 'ലൈഫ് ഇൻഷുറൻസ്', 'യാത്രക്കാർ ശ്രദ്ധിക്കുക', 'തെറ്റും ശരിയും', 'പ്ലാസ്റ്റിക് സർജറി', 'വെറുതെ വിട്ടു', 'യഹൂദിയായിലെ ഒരു ഗ്രാമത്തിൽ', 'എക്സ്പ്രസ് ഹൈവേ', 'മരണത്തിനപ്പുറം' എന്നീ ലഘുലേഖകളും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ആദ്യത്തെ ലഘുലേഖകൾ കറുപ്പും വെളുപ്പുമെന്ന രീതിയിൽ അച്ചടിച്ചിരുന്നെങ്കിൽ, ഇപ്പോഴുള്ളവയെല്ലാം ബഹുവർണ്ണലഘുലേഖകളാണ്. ഇവയിൽ ലൈഫ് ഇൻഷുറൻസിനും ഗിന്നസ് ബുക്കിനും തമിഴ് പരിഭാഷ വന്നിട്ടുണ്ട്. ഹിന്ദിയിലും മറ്റുഭാരതീയഭാഷകളിലുമെല്ലാം ഇവ പരിഭാഷപ്പെടുത്തിയാൽ നന്നായിരുന്നുവെന്നു ചിന്തിക്കുന്നു. ഈ ലഘുലേഖകളുടെ സവിശേഷത, ഒരു സുവിശേഷവിരോധിയാണെങ്കിലും അവ വായിക്കുമെന്നതാണ്. കീറിക്കളഞ്ഞാലും, വായിച്ചിട്ടേ കളയുകയുള്ളു. പക്ഷേ, ഇവ വായിച്ചിട്ട് എത്ര പേർ രക്ഷിക്കപ്പെട്ടിട്ടുണ്ടെന്നൊന്നും എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് ഇതങ്ങു നിർത്തിയാലോയെന്ന ചിന്തയും എനിക്കുണ്ടായിട്ടുണ്ട്. അതിനെ പ്രേരകമായി, പി.ജി.വർഗീസ് സാറിന്റെ ഒരു ലേഖനത്തിലെ ചില വാചകങ്ങൾ എടുത്തെഴുതിയ മറ്റൊരു ലേഖനവും കണ്ടു. ലഘുലേഖലേഖകളൊന്നും ഫലം തരാത്തവയാണെന്നൊക്കെയായിരുന്നു അതിലെ പരാമർശം.




രണ്ടു വർഷം മുമ്പു ശ്രീലങ്ക സന്ദർശിച്ചപ്പോൾ, അവിടെ 'ലൈഫ് ഇൻഷുറൻസ്' എന്ന കാർട്ടൂൺ ലഘുലേഖയ്ക്കു നല്ല സ്വീകരണമാണു ലഭിച്ചത്. അവർക്കു കൂടുതലായി ഈ ലഘുലേഖകൾ ആവശ്യമുണ്ടെന്നും പറഞ്ഞു. കൊളംബോയിലുള്ള 'സ്വർഗാ' ചാനലിന്റെ പ്രവർത്തകർ, കാർട്ടൂൺ ലഘുലേഖകളെപ്പറ്റിയും കാർട്ടൂൺ വരയെക്കുറിച്ചുമൊക്കെ താത്പര്യപൂർവ്വം ചോദിച്ചു. കാർട്ടൂൺ വരച്ചുകൊണ്ടു സുവിശേഷം പറയുന്ന ഒരു രീതിയുണ്ട്. നാട്ടിൽ അതു പലയിടത്തും നടത്താറുണ്ട്. ഇൻഡ്യയിലെ ഒരു സാറ്റലൈറ്റ് ചാനലിൽ (കൊളംബോയിലേതു കേബിൾ റ്റിവിയാണ്. എല്ലായിടത്തും കിട്ടുകയില്ല) നാലഞ്ചു പരിപാടികൾ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. അപ്പോൾ അവർക്ക് അതൊന്നു ഷൂട്ട് ചെയ്താൽ കൊള്ളാമെന്ന ആഗ്രഹമുണ്ടായി. ഇരുപത്-ഇരുപത്തഞ്ചു മിനിറ്റ് കൊണ്ടു സുവിശേഷം പറയാമെന്നു പറഞ്ഞപ്പോൾ, ഒരു ദിവസമെന്നു നിശ്ചയിച്ചിട്ട്, പന്ത്രണ്ടു പരിപാടികൾ തയ്യാറാക്കിക്കൊണ്ടുവരാൻ പറഞ്ഞു. അങ്ങനെ രാവിലെ 10 മണി മുതൽ വൈകിട്ടു നാലു മണിയോളം സമയംകൊണ്ട് എട്ടു കാർട്ടൂൺ സുവിശേഷപ്രസംഗങ്ങൾ ഷൂട്ട് ചെയ്തു. എന്റെ തമിഴത്ര നല്ലതല്ലാത്തതിനാൽ, 'തംഗ്ലീഷ്'ലായിരുന്നു (തമിഴും ഇംഗ്ലീഷും കൂട്ടികലർത്തി) പ്രസംഗം. ഇതു പ്രേക്ഷകർക്ക് ഇഷ്ടപ്പെട്ടിനാൽ, അവർ പിന്നെയും എന്നെ ക്ഷണിച്ചു. അങ്ങനെ, കഴിഞ്ഞ ഡിസംബറിൽ ഞാൻ രണ്ടാമതും ശ്രീലങ്കയ്ക്കു പോയി ഇരുപതു പ്രസംഗങ്ങൾ ചെയ്തു. അതിനു മൂന്നു ദിവസത്തോളം വേണ്ടിവന്നു. അതു കണ്ടിട്ട് ആളുകൾ എന്നെ നേരിട്ടു വിളിച്ചു സംസാരിച്ചു (ചാനലുകാർക്കും പ്രതികരണം കിട്ടി). പിന്നെയും അവർ ആവശ്യപ്പെട്ടതനുസരിച്ച്, ഇക്കഴിഞ്ഞ 4,5,6 തീയതികളിൽ ഇരുപത്തിനാലു 'വരപ്രസംഗങ്ങൾ' നടത്തുകയുണ്ടായി.

ഈ യാത്രയൊക്കെച്ചെയ്തു കഴിഞ്ഞപ്പോൾ, ഒരുപാടു പണം കിട്ടിക്കാണുമല്ലോയെന്നു ചിലരെങ്കിലും ചിന്തിക്കുന്നുണ്ടാകും. ഈ മൂന്നു പ്രാവശ്യവും ഞാൻ പോയതു പണം ചെലവഴിച്ചാണ്. ശ്രീലങ്കയിൽ നിന്നു പണമൊന്നും കിട്ടുകയില്ല. അഥവാ അവർ തന്നാലും, അവരുടെ ആയിരം രൂപ കൊടുത്താൽ നമ്മുടെ നാനൂറ്- നാനൂറ്റിയിരുപതു രൂപയാകും കിട്ടുക.

ഇക്കഴിഞ്ഞ യാത്രയ്ക്കു വേണ്ടി എന്തു ചെയ്യുമെന്നു വിചാരിച്ചു. അങ്ങനെയിരുന്നപ്പോൾ ജ്യേഷ്ഠൻ പതിനായിരം രൂപ തന്നു. ശ്രീലങ്കയിൽ പോകാൻ തന്നതല്ല (ഞാൻ പറഞ്ഞുമില്ല), എനിക്കു തന്നതാണ്. കൊട്ടാരക്കരക്കാരനായ ഒരു 'ദി പെന്തെക്കോസ്തു' സഹോദരൻ, ഒന്നുമറിയാതെ രണ്ടായിരം രൂപ തന്നു. വിസയ്ക്കും റ്റിക്കറ്റിനും കൂടി 12,100 രൂപയായി. മദ്രാസിൽ നിന്നാണു ഞാൻ പോകാറ്. കേരളത്തിൽ നിന്നു പോയാൽ വിമാനകൂലി ഇരട്ടിയോളമാകും. പിന്നെയും ഒരു പതിനായിരം രൂപയെങ്കിലും കൈയിൽ വേണം. പുസ്തകമെഴുതിയും എഡിറ്റ് ചെയ്തും പരിഭാഷപ്പെടുത്തിയും കിട്ടുന്നതാണു വരുമാനം. അങ്ങനെയിരിക്കുമ്പോൾ, ഒരു രാത്രിയിൽ ഒരു വിളി- അമേരിക്കയിൽനിന്ന്:

"ജയ്മോഹനാണോ?" "അതേ". "ഇതാരാണെന്നു മനസ്സിലായോ?" "ഇല്ല". "......പാസ്റ്ററാണ്". "സാമ്പത്തികമായി ബുദ്ധിമുട്ടു വല്ലതുമുണ്ടോ?" "ഉണ്ട്. ഞാൻ ശ്രീലങ്കയിൽ സുവിശേഷവേലയ്ക്കു പോകുന്നുണ്ട്. അതിനല്പം പണം വേണം" "ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ, കർത്താവെന്നോടു പറഞ്ഞു ജയ്മോഹന്റെ കാര്യം. ഞാൻ കുറച്ചു കാശയച്ചുതരാം; മണിഗ്രാമിൽ പോയി വാങ്ങിച്ചോ'.' അദ്ദേഹം പറഞ്ഞതുപോലെ, ചില ദിവസങ്ങൾക്കുള്ളിൽ പണമയച്ചു തന്നു-9553 രൂപയുണ്ടായിരുന്നു. അതു മുഴുവൻ ശ്രീലങ്കയിലെ ആവശ്യത്തിനു വേണ്ടിവന്നുമില്ല. ഇതിൽ പാസ്റ്ററുടെ പേരെഴുതിയിട്ടു ഞാൻ വെട്ടിക്കളഞ്ഞതാണ് (വെട്ടിക്കളയാൻ എനിക്കു തോന്നി). ഹൂസ്റ്റനിൽ താമസിക്കുന്ന അദ്ദേഹവും ഞാനുമൊരുമിച്ചു പല പരസ്യയോഗങ്ങൾ നാട്ടിൽ നടത്തിയിട്ടുണ്ട്. നാലഞ്ചുവർഷത്തെ ഇടവേളയ്ക്കുശേഷം അദ്ദേഹം ആദ്യമായാണ് എന്നെ വിളിച്ചത്. കർത്താവ് അദ്ദേഹത്തിന്റെ ശുശ്രൂഷകളെ അനുഗ്രഹിക്കട്ടെ.

**നീക്കിബാക്കി:** ഇനിയത്തെ യാത്ര ബീഹാറിലേക്കാണ്- സെപ്റ്റംബറിൽ. ഈ വർഷാവസാനത്തോടെ ശ്രീലങ്കയിലേക്കു വീണ്ടും പോകേണ്ടിവരും. അപ്പോഴേക്കും വേറെ ആർക്കെങ്കിലും ദർശനമുണ്ടാകുമോയെന്നോ? കാത്തിരുന്നു കാണാം.

## ഏകദിന ക്യാമ്പ്

**തിരുവനന്തപുരം:** അന്തിയൂർക്കോണം പി.വൈ.പി.എ.,യുടെ ആഭിമുഖ്യത്തിൽ ഏകദിന യുവജന ക്യാമ്പ് ആഗസ്റ്റ് 15 ന് ഐ.പി.സി. ശാരോൻ ചർച്ചിൽ വച്ചു നടന്നു. പ്രഭാഷകനും മാധ്യമ പ്രവർത്തകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് 'നാം ക്രിസ്തുവിന്റെ സ്ഥാനാപതികൾ' എന്ന വിഷയത്തെ അധികരിച്ച് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ ജോയി, ബ്രദർ ജോബി, ബ്രദർ.എസ്.എസ്. ജോയി എന്നിവർ നേതൃത്വം നൽകി.

## ലഹരി വിരുദ്ധ സന്ദേശയാത്ര

**വൈപ്പിൻ:** യു.പി.എഫിന്റെ യുവജന വിഭാഗമായ യു.പി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 ന് വൈപ്പിൻ കരയിലുടനീളം ലഹരി വിരുദ്ധ സന്ദേശയാത്ര നടത്തി. യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ മത്തായി ഹാബേൽ ഉദ്ഘാടനം ചെയ്തു. സംഗീതം, സന്ദേശം, ലഘുലേഖ വിതരണം നടത്തി. ബ്രദർ അനിൽ കെ.വി, രജ്ഞിത്ത്, ജിബി ജോസഫ്, ഷിബു, ഷോൺ തുടങ്ങിയവർ നേതൃത്വം നൽകി.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 16

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/08/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

## മാധ്യമവിചാരം

# ജയ്മോഹൻ നമുക്കു കാണാം



അനിൽ കൊടിത്തോട്ടം
9495733727

**മാ**ധ്യമവിചാരത്തിലൂടെയുള്ള ആശയവിനിമയത്തിന് ഇടവേളയിട്ടുകൊണ്ട് സ്വകാര്യതകളിൽ സമയം ചിലവഴിച്ച പോയ നാളുകളെക്കുറിച്ച് പലരും ഫോൺ വിളിച്ച് വിശേഷങ്ങൾ ആരാഞ്ഞു. ഏറ്റവും ഒടുവിൽ ജയ്മോഹൻ അതിരുങ്കൽ അന്ത്യാജ്ഞലി അർപ്പിക്കുകയും കൂടി ചെയ്യുംവിധം നിശബ്ദതയ്ക്ക് കനം വെച്ച ഘട്ടത്തിൽ ഇനി കളത്തിൽ ഇറങ്ങിയേ തീരൂ എന്നു വന്നിരിക്കുന്നു. ജാലകത്തിലും ക്രൈസ്തവചിന്തയിലും പതിവായി എഴുതുന്ന കോളങ്ങളിൽ പോലും കൃത്യനിഷ്ഠ പുലർത്താൻ കഴിയാത്ത സാഹചര്യമായിരുന്നു. എന്നാൽ റസ്സലിനോടുള്ള ഇടപാടിൽ ഇത്തരം അപാകത വരുത്തിയാൽ ആശാൻ പ്രതികരിക്കുന്ന രീതി ഭയാനകമാണ്. പ്രമേഹം കലശലായുള്ള ആളാണ് റസ്സൽ. അതുകൊണ്ടുതന്നെ ലേഖനം അയയ്ക്കാൻ താമസിച്ചാൽ ആശാൻ കലികയറി പിന്നെ പുലമ്പുന്നത് സഹിക്കാൻ ത്രാണി പോരാ. ഒരിക്കൽ ഫോൺ വിളിച്ച് കോപിക്കുന്ന റസ്സലിന്റെ വാക്കുകൾ കേട്ട് അമ്മ ചോദിച്ചുപോയി ഉപദേശിമാർ ഇങ്ങനെയോ? അമ്മയുടെ വിചാരം എഴുത്തുകാരെല്ലാം ഉപദേശിമാരാണെന്നാണ്. അൽപം കഴിഞ്ഞ് സമചിത്തത കൈവരിച്ച റസ്സൽ വളരെ സ്നേഹപൂർവ്വം സംസാരിച്ചത് കേട്ട് അമ്മ പറഞ്ഞു ആ ഉപദേശി പാവമാണ്. വെട്ടിത്തുറന്നു പറയുമെങ്കിലും ആള് നിഷ്കളങ്കനാണ്. ഏതായാലും ഈ കുറിപ്പ് റസ്സൽ കാണാൻ ഇടവരരുതേ എന്നാണ് ആഗ്രഹം. ആശാനു പിന്നെയും നിയന്ത്രണം വിടും. ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിലെ മുറിയിൽ പൂട്ടിയിട്ടിട്ട് എഴുതിക്കഴിഞ്ഞിട്ട് പുറത്തുപോയാൽ മതി എന്ന് പറഞ്ഞത് ഓർക്കുന്നു. ഏറ്റവും മികച്ചത് എന്ന സ്വയം തോന്നുന്ന ഒരു ലേഖനത്തിന്റെ പിറവിയായിരുന്നു അന്ന്.

സാംകുട്ടി മാത്യു റസ്സലിനെപ്പോലെയല്ല. പ്രമേഹം ഉള്ളതായിട്ടറിയില്ല. ലേഖനം താമസിച്ചാൽ അല്പം പരിഭവം പറയുമെന്നല്ലാതെ വേറെ പ്രശ്നമൊന്നുമില്ല. എങ്കിലും മാധ്യമവിചാരം കാരണം സാംകുട്ടി മാത്യുവിന് ഏറെ ശത്രുക്കളുണ്ടായി. എന്റെ ശത്രുക്കളൊക്കെ അദ്ദേഹത്തിനും ശത്രുക്കളായി. ഒടുവിൽ തരക്കേടില്ലാത്ത ഒരു ഊമസാഹിത്യം അമേരിക്കയിലും കേരളത്തിലുമായി റസ്സലിനും സാംകുട്ടി മാത്യുവിനും ഈ ലേഖകനുമൊക്കെ എതിരായി പ്രചരിച്ചു. വരികൾക്കിടയിൽ വായിച്ചാൽ ഊമസാഹിത്യ പഞ്ചാനൻമാരെ തിരിച്ചറിയാൻ പ്രയാസമൊന്നുമില്ല. അമേരിക്കയിലുള്ള സാംകുട്ടി മാത്യുവിനും റസ്സലിനും എതിരെ പ്രചരണം നടത്തുന്നവർ മറ്റു ചിലരെ സഹായിക്കണം എന്ന പരോക്ഷമായ നിർദ്ദേശമാണ് മുമ്പോട്ട് വയ്ക്കുന്നത്. അപ്പോൾ പിന്നെ ഊമസാഹിത്യകാരന്മാർ ആരെന്ന് അറിയാൻ പണിപ്പെടേണ്ടതില്ല.

ഈ കോളത്തിലൂടെ മാധ്യമവിമർശനം നടത്തുമ്പോൾ പ്രധാനമായും മരുപ്പച്ച, ഹല്ലേലുയ്യാ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ആക്രമിക്കപ്പെടുന്നത് പതിവായിരുന്നു. അത് വ്യക്തി വിദ്വേഷം നിമിത്തമായിരുന്നില്ല ഇവയുടെ പത്രാധിപന്മാർ ഐ. പി. സി.യുടെ നയരൂപീകരണ സമിതികളിൽ സാരഥ്യം ഉള്ളവരായിരുന്നു. മരുപ്പച്ച കത്തോലിക്കൻ മുതൽ യഹോവസാക്ഷി വരെയുള്ള സകല മുള്ളുമുരിക്ക് മൂർഖൻ പാമ്പുകളും ഒന്നാണെന്ന് സമർത്ഥിക്കുകയും അവരോടെല്ലാം സഹകരിച്ച് പ്രവർത്തിക്കണമെന്ന് വാദിക്കുകയും ചെയ്യുന്ന ഒരുതരം എക്യുമെനിക്കൽ പത്രമാണ്. ഇതിന്റെ വായനക്കാർ ഏറെയും പെന്തെക്കോസ്തുകാരായതിനാൽ അച്ചൻകുഞ്ഞിന്റെ അഷ്ടിപ്പണി സാഹിത്യത്തെ മുഖവിലയ്ക്കെടുക്കരുത് എന്നതായിരുന്നു വിമർശനത്തിന്റെ കാതൽ. പെൺവാണിഭത്തെ ന്യായീകരിക്കുന്ന താരു, ഒരു കൺവൻഷൻ സ്റ്റേജിൽ നിന്ന് ഭരതനാട്യം കളിക്കുന്ന യൂൾ ബ്രെർണർ പിത്തലാട്ടക്കാരൻ, കൂടിവരുന്നിടത്തെല്ലാം കർത്തൃമേശ കൊടുക്കാം എന്നു വാദിക്കുകയും അതിന് സ്നാനം ആവശ്യമില്ലെന്ന് ശഠിക്കുകയും ചെയ്യുന്ന സജിത്ത്, യേശുവിന്റെ ക്രൂശുമരണം പരാജയമായിരുന്നെന്നും ക്രൂശിൽ കിടന്ന യേശുവിനെ സാത്താൻ ചവിട്ടി എന്ന് പ്രസംഗിക്കുകയും ചെയ്യുന്ന തങ്കു, ചെപ്പടിവിദ്യക്കാരെ തോൽപ്പിക്കുന്ന കപട അത്ഭുതക്കാരായ സാമച്ചൻ, എം. എ. വർഗീസ്, അനിസൺ തുടങ്ങി ആൾദൈവസിദ്ധന്മാരെ വാനോളം പുകഴ്ത്തി പത്രധർമ്മം കാട്ടുന്ന ഹല്ലേലുയ്യാ മരുപ്പച്ചയോടൊപ്പംതന്നെ അപകടകരമായ ക്ഷുദ്രസാഹിത്യമാണ്. ഇവർ ഐ. പി. സി.യുടെ അമരത്തേക്ക് കയറിയിരിക്കാൻ ശ്രമകരമായ ലോബീയിംഗ് വർക്ക് നടത്തുന്നുണ്ട്. ജനാധിപത്യത്തിന്റെ ദൗർബല്യം മുതലെടുത്ത് ഇവർ അവിടെ നേതാക്കന്മാർ ആയിക്കൂടെന്നുമില്ല. പക്ഷെ പൂർവ്വികന്മാർ സദുദ്ദേശത്തോടെ ആരംഭം കുറിച്ച പെന്തെക്കോസ്ത് പ്രസ്ഥാനം കാലാകാലങ്ങളിലായി പുലർത്തിവന്ന ബൈബിൾ അധിഷ്ഠിത കാഴ്ചപ്പാടുകൾ ഇവരുടെ കാലമാകുമ്പോഴേക്കും പാടേ തകർന്നിരിക്കും. കുമ്പനാട് കൺവൻഷൻ കത്തനാർമാരുടെയും ഭരതനാട്യ ആത്മീയക്കാരുടെയും തിമർപ്പിന് വേദിയാകും. ഇവരെയൊന്നും പ്രതിരോധിക്കാൻ വേണ്ട കെൽപ്പ് അവിടെയിരിക്കുന്ന ഉഴുന്നുവട ഭുജിക്കുന്ന കൗൺസിലന്മാർക്ക് ഇല്ല.

മാധ്യമവിചാരം പോലെയുള്ള കോളങ്ങളും സമാന ആശയങ്ങളുള്ള ഇതര എഴുത്തുകാരുടെ അനൗപചാരിക ശ്രമങ്ങളും മരുപ്പച്ചയും ഹല്ലേലുയ്യായും ഇവിടെ ആർജ്ജിച്ചുപോന്ന മേൽക്കോയ്മ തകർത്തു എന്നത് വസ്തുതയാണ്. സാംസ്കാരിക രംഗത്ത് ചർച്ചകളും നിലപാടുകളും നയിച്ചുപോന്ന ഇവരുടെ പക്കൽ നിന്നും ജേണലും ക്രൈസ്തവ ചിന്തയും ജാലകവും നിരവധി ഇതരപത്രങ്ങളും ആ മേധാവിത്വം പിടിച്ചുവാങ്ങി. വിപ്ലവാത്മകമായി പോരാടുന്നില്ലെങ്കിലും ഗുഡ്ന്യൂസും അതിന്റെ നിലപാടുകൊണ്ട് ന്യൂജനറേഷൻ - എക്യുമെനിക്കൽ വിരുദ്ധമാണ്. ഏതാണ്ടൊക്കെ മുഖ്യധാര സാംസ്കാരിക ചർച്ചയിൽ നിന്നും ഒറ്റപ്പെട്ടു പുറത്തുപോയ ചിലരുടെ മോഹഭംഗങ്ങളുടെ പ്രതിഫലനമാണ് ഊമക്കത്ത് സാഹിത്യം.

കൃപയുടെ സുവിശേഷം എന്ന പുത്തൻ വെളിപ്പാടിന് ഉണർവ്വ് ഏകിയത് ഹല്ലേലുയ്യാ ആയിരുന്നു. മരുപ്പച്ച ഇത്തരം വിഷയങ്ങൾ ചർച്ചയ്ക്ക് എടുക്കാറില്ല. കാരണം എന്താണ് കൃപ,

09

## പ്രസ്താവന

# ബിലീവേഴ്സ് ജേണൽ നിലപാടിൽ മാറ്റമില്ല

**വാ**യനക്കാർക്ക് തെറ്റിദ്ധാരണ വരുത്തുന്ന നിലയിൽ ചില കത്തുകൾ അമേരിക്കയിലും ഇന്ത്യയിലും ചിലർ അയയ്ക്കുന്ന ആളുകളുടെ വിലാസം ഇല്ലാതെ അയയ്ക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. മാധ്യമഗുണ്ടായിസമാണ് ജേണൽ നടത്തുന്നത് എന്ന നിലയിൽ പ്രചരിക്കുന്ന ഈ കത്തിന്റെ പിന്നണി പ്രവർത്തകർ ആരാണ് എന്ന് ഞങ്ങൾക്ക് വ്യക്തമാണ്. ബിലീവേഴ്സ് ജേണൽ വ്യക്തമായ നിലപാടും ആദർശവും ഉള്ള പത്രമാണ്. ഇവിടെ പല പത്രക്കാരും പക്ഷം തിരിഞ്ഞും മാറിയും പത്രപ്രവർത്തനം നടത്തിയപ്പോഴും ജേണൽ അന്നും ഇന്നും ഒരേ നിലപാടാണ് പിന്തുടരുന്നത്. നമ്മുടെ ഒരു സഭാനേതാക്കന്മാരോടും പ്രത്യേകമായ താൽപ്പര്യമോ എതിർപ്പോ ജേണലിനില്ല. അവരുടെ പ്രവർത്തനവും നിലപാടും ആണ് ജേണൽ നോക്കുന്നത്. വാർത്തകൾ ഇടാനും ഇടാതിരിക്കുവാനും ആരോടും ജേണൽ പണം കൈപ്പറ്റാറില്ല. ഭീഷണിയും മറ്റും ക്രൈസ്തവമാധ്യമപ്രവർത്തനത്തിനു യോജിച്ചതല്ല എന്ന പൂർണ്ണവിശ്വാസം ഞങ്ങൾക്കുണ്ട്.

ബിലീവേഴ്സ് ജേണൽ മുഖ്യപത്രാധിപർ അമേരിക്കൻ സന്ദർശനത്തിനായി ആദ്യമായാണ് എത്തിയത്. കഴിഞ്ഞ 9 വർഷങ്ങളായി ഇവിടെ സ്ഥിരം സന്ദർശനം നടത്തുന്ന പത്രക്കാരെല്ലാം നല്ലവരാണെന്നും ജേണലും എഡിറ്ററും ചെയർമാനും മാത്രം മോശമാണെന്നും പ്രചരിപ്പിക്കുന്നവർക്കു തെറ്റുപ്പറ്റിയിരിക്കുന്നു. കഴിഞ്ഞ ഏഴുവർഷമായി ജേണൽ നിലപാട് അറിയുന്നവരാണ് ഞങ്ങളുടെ വായനക്കാർ.

ഡിഫെൻഡർ പത്രാധിപർ പരേതനായ ശ്രീ ടി. എസ്. ബാലനെ കൂട്ടുപിടിച്ച് ജേണലിനെ തകർക്കാൻ ചിലർ നടത്തിയ നീക്കം എല്ലാവർക്കും അറിയാം. എന്നാൽ അതിനെ അതിജീവിക്കുവാൻ ജേണലിനു കഴിഞ്ഞു. ജേണൽ പത്രാധിപർക്കെതിരെ കള്ളപ്പരാതി കൊടുക്കുകയും കമ്പ്യൂട്ടറുകൾ പിടിച്ചെടുക്കാൻ പോലീസിൽ സ്വാധീനിക്കുവാൻ ശ്രമം നടത്തിയതും ഞങ്ങൾ മറന്നിട്ടില്ല. അതിനു പിന്നിൽ ഉപദേശവും പണവും നൽകി സഹായിച്ച അമേരിക്കൻ മലയാളികളെയും അറിയാം. ടി. എസ്. ബാലന്റെ മരണത്തോടെ മോഹഭംഗം സംഭവിച്ചവരുടെ ഈ പുതിയ തന്ത്രത്തിന് അല്പായുസ്സേ ഉള്ളൂ. അമേരിക്കൻ സന്ദർശനം തുടർക്കഥയാക്കുന്ന ആരും ജേണലില്ല. ഒറ്റപ്രസംഗം മാത്രം നടത്തിയിട്ട് ജീവൻ വെടിയേണ്ടി വന്ന സ്തെഫാനോസും പുതിയനിയമസഭയിലുണ്ട് എന്നത് മറക്കണ്ട. ജീവിക്കുന്നുവെങ്കിൽ അങ്ങനെ ജീവിച്ചവസാനിക്കണം എന്നതാണ് ജേണൽ നിലപാട്. അതുകൊണ്ടുതന്നെ ഭീഷണികൊണ്ട് ജേണൽ നിലപാടിനെ ഇല്ലാതാക്കാൻ ആർക്കും കഴിയില്ല. വ്യാജം പ്രചരിപ്പിക്കുന്നവർ ആടിനെ പട്ടിയാക്കാൻ ശ്രമിക്കുകയാണ്. വ്യാജം അതിവേഗം സഞ്ചരിക്കുമ്പോൾ സത്യം സാവകാശമായിരിക്കും സഞ്ചരിക്കുന്നത്. കുഴിച്ചുമൂടിയാലും മൂന്നാം ദിനം ഉയിർത്തെഴുന്നേൽക്കുന്നത് സത്യം മാത്രമായിരിക്കും. വ്യക്തികളുടെ സ്വകാര്യ ജീവിതത്തിലേക്കു ചൂഴ്ന്നു നോക്കുന്ന പതിവ് ജേണലിനില്ല. എന്നാൽ ഉപദേശവിരുദ്ധത, സഭയ്ക്കു ദോഷം വരുന്ന നിലപാടുകൾ, അഴിമതി ഇവക്കെതിരെ മുഖം നോക്കാതെ പോരാടാനാണ് ജേണൽ എന്നും നിലയുറപ്പിച്ചിട്ടുള്ളത്.

ഇതിനിടെ ജേണൽ ചർച്ച് ഓഫ് ഗോഡ് വിരുദ്ധമാണെന്നു ചിലർ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപെട്ടു. നേതാക്കന്മാരുടെ പിടിപ്പുകേടും അഴിമതിയും കെടുകാര്യസ്ഥതയും എഴുതിയതുകൊണ്ട് മാത്രം ചർച്ച് ഓഫ് ഗോഡ് വിരുദ്ധമാകുന്നതെങ്ങനെ? നേതാക്കന്മാർ തെറ്റു ചെയ്യുമ്പോഴും അനുകൂലിക്കുന്നതാണോ മാധ്യമധർമ്മം. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ വളർച്ച നിരക്കുള്ള സഭയാണ് ചർച്ച് ഓഫ് ഗോഡ് എന്ന് ആർക്കാണറിയാത്തത്. അതിനു പരിഹാരമായി ഞങ്ങൾ നടത്തിയ പഠന പരമ്പരയായിരുന്നു "കുക്കു സായ്പിന്റെ സഭയ്ക്കെന്തുപറ്റി" എന്നത് അത് ഒരു ഓവർസിയർമാർക്കുമെതിരല്ല. മറിച്ച് വ്യവസ്ഥിതിയിൽ മാറ്റം വരുത്തുവാനും നേതാക്കന്മാരുടെ കണ്ണു തുറപ്പിക്കുവാനുമാണ്. ചർച്ച് ഓഫ് ഗോഡിന്റെ നേതൃമാറ്റവുമായി ബന്ധപ്പെട്ട് നടത്തിയ ആദ്യ സർവ്വേയിൽ പാസ്റ്റർ പി. ജെ. ജെയിംസ് ഒന്നാമത് എത്തിയപ്പോൾ ആർക്കും പരാതി ഇല്ലായിരുന്നല്ലോ. രണ്ടാമത്തെ സർവ്വേയിൽ പാസ്റ്റർ സി. സി. തോമസ് എത്തിയപ്പോൾ ചിലർക്ക് മാത്രം ഉൾക്കൊള്ളാൻ കഴിയാതിരുന്നത് എന്താണെന്ന് എല്ലാവർക്കും അറിയാം. കമന്റുകൾ എഴുതുന്നത് വായനാക്കാരാണ്. ജേണൽ നിലപാടുകളല്ല കമന്റുകൾ. സെക്കുലർ പത്രങ്ങളുടെ വാർത്തകൾക്ക് വരുന്ന കമന്റുകൾ ശ്രദ്ധിക്കുക. ജേണൽ പത്രത്തിലും സൈറ്റിലും വരുന്ന വാർത്തകളാണ് ജേണൽ നിലപാടുകൾ. ചില പംക്തികളിലെ പരാമർശങ്ങൾ ആദരണീയരായ ചിലരെ വേദനിപ്പിച്ചു എന്നറിയാം. അത്തരം സന്ദർഭങ്ങളിൽ അതിനു ക്രമീകരണവും ജേണൽ വരുത്തിയിട്ടുണ്ട്. തെറ്റുകൾ ചൂണ്ടിക്കാട്ടിയാൽ തിരുത്തുവാൻ ജേണൽ എപ്പോഴും തയ്യാറാണ്. നിലപാടുകളെ വിമർശിച്ചാൽ അതുൾക്കൊള്ളുകയും ചെയ്യും. അത് നേരായ മാർഗ്ഗത്തിലാകണം എന്നു മാത്രം. ഭീഷണിയുടെയും വ്യാജകത്തിന്റെയും മാർഗ്ഗത്തിൽ വായടപ്പിക്കാനുള്ള ശ്രമം വിലപ്പോവില്ല. ജേണൽ നിലപാടിൽ മാറ്റം ഒന്നുമില്ല. അതു തുടരുക തന്നെ ചെയ്യും. എത്ര വ്യാജകത്തുകൾ ഇറക്കിയാലും അത് വിലപ്പോവില്ല എന്ന് മറക്കാതിരിക്കുക. മാന്യവായനക്കാരുടെ പിന്തുണയും പ്രാർത്ഥനയുമാണ് ഞങ്ങളുടെ പ്രചോദനം. സത്യത്തിനായി നിൽക്കുവാനാഗ്രഹിക്കുന്നവരുടെ പിന്തുണ ഞങ്ങൾക്കെന്നും ബലമാണ്. ഞങ്ങൾക്ക് ഒരു ലക്ഷ്യം മാത്രമേയുള്ളൂ. വചന സത്യത്തിനായി നിലനിൽക്കുക. നിലപാടുകൾ ശരിയോ തെറ്റോ എന്ന് കാലം തെളിയിക്കും. തുടർന്നും മാന്യവായനക്കാരുടെ പിന്തുണ അഭ്യർത്ഥിക്കുന്നു. വായനക്കാരുടെ അറിവിലേക്കായി യാഥാർത്ഥ്യം എഴുതി എന്നു മാത്രം.



സ്നേഹപൂർവ്വം
ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.